# ഗിരിദീപം

ഡിസംബർ 2025



ക്രിസ്തുമസ് ആശംസകൾ




# GOLDEN JUBILERIANS



Rev. Fr.Thomas **Neendoor**





Rev. Fr. Thomas **Pathickal**




# SILVER JUBILERIANS




Rev. Fr. Philip **Karakkattu**



Rev. Fr. Joby **Karintholil**




Rev. Fr. George **Karottu**




Rev. Fr. George **Kizhuthara**




Rev. Fr. Joseph **Kumbuckal**



Rev. Fr. Thomas **Palakkudy**



Rev. Fr. Martin **Parappalliyath**



Rev. Fr. Thomas **Vadakkemulanjana**

ഡിസംബർ 2025

വാല്യം 08
ലക്കം 12

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 740/2025, Circular No. 16/2025 ........ 05
2. കച്ചേരിക്കാര്യം ........ 09
3. പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 17
4. വൈദികസമ്മേളനം - റിപ്പോർട്ട് ........ 20
5. ദുക്റാനേ ദ്കഹ്നേ ........ 23
6. വൈദികക്ഷേമം ........ 25
7. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 27
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 32
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 34
   തിരുബാലസഖ്യം ........ 40
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 43
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 47
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 56
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 60
   നിർമ്മലഗിരി കോളേജ് ........ 62
   TRACE ........ 65
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എകെസിസി ........ 66
   എയ്ഞ്ചൽ ഡയാലിസിസ് ........ 68
   കരിസ്മാറ്റിക് ........ 70
   ADAM ........ 73
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 75
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 77
   ബയോമൗണ്ടൻ ........ 83
   ഇൻഫാം ........ 87
15. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 89
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 90
17. Engagements - Dece. (Archbishop Mar Joseph Pamplany) ........ 93
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 94
19. Engagements - Dece. (Archbishop Mar George Njaralakatt) ........ 96
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 97
21. Engagements - Dece. (Archbishop Mar George Valiamattam) ........ 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 740 /2025, Circular No. 16/2025

## ക്രിസ്തുമസ്

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുപ്പിറവിക്ക് ഒരുക്കമായുള്ള മംഗളവാർത്താക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 'ഭയപ്പെടേണ്ട ഇതാ സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.' (ലൂക്കാ 2,10) എന്ന തിരുവചനം ക്രിസ്തുമസിന്റെ സന്ദേശം നമുക്ക് നല്കുന്നുണ്ട്. 'കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും' (ഏശയ്യ 7,14). ഈശോയുടെ ജനനത്തിന് എഴുന്നൂറ് വർഷങ്ങൾക്കുമുമ്പ് ഏശയ്യ പ്രവാചകൻ നടത്തിയ ഈ പ്രവചനം ഈശോയുടെ ജനനത്തിലൂടെ പൂർത്തീകരിക്കപ്പെട്ടു. ദൈവം കൂടെയുണ്ടെന്ന ബോധ്യം നമ്മെ നിർഭയരാക്കും. ഏതു പ്രതിസന്ധികളിലും ദൈവം കൂടെയുണ്ടെന്ന ഉറപ്പിൽ മലബാർ കുടിയേറ്റത്തിന്റെ ആദ്യകാല പ്രയാസങ്ങളെ അതിജീവിച്ച നമ്മുടെ പൂർവ്വികരുടെ വിശ്വാസവഴികളിലേക്ക് തിരികെ നടക്കുവാനുള്ള സമയമാണ് ക്രിസ്തുമസ് കാലം.

ക്രൈസ്തവ വിശ്വാസത്തിന്റെ മർമ്മപ്രധാനമായ ചരിത്രസംഭവമാണ് ഈശോയുടെ മനുഷ്യാവതാരം. രക്ഷകന്റെ ജനനത്തിനുവേണ്ടിയുള്ള കാത്തിരിപ്പ് മനുഷ്യാവതാരത്തിനുള്ള ഒരുക്കമായിരുന്നു. 'പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ

ഘട്ടങ്ങളിലും വിവിധ രീതികളിലും പിതാക്കന്മാരോട് സംസാരിച്ച ദൈവം അവസാന നാളുകളിൽ തന്റെ പുത്രൻ വഴി നമ്മോടു സംസാരിച്ചിരിക്കുന്നു' എന്നാണ് ഹെബ്രായ ലേഖകൻ (1,1-2) മനുഷ്യാവതാരത്തെക്കുറിച്ച് പറയുന്നത്. സർവ്വലോകത്തിനും പ്രകാശവും രക്ഷയുമായി ഈശോ ചരിത്രത്തിന്റെ നടുവിൽ നിലകൊള്ളുന്നുവെന്ന യാഥാർത്ഥ്യം നമുക്ക് ഓർമ്മിക്കാം. പിതാവിന്റെ സ്നേഹം ലോകത്തിനു വെളിപ്പെടുത്തിയ ഈശോയെ ഏകരക്ഷകനായി നാം ഏറ്റുപറയുന്നതിന്റെ അർത്ഥതലങ്ങൾ ആഴത്തിൽ ധ്യാനിക്കേണ്ട കാലമാണ് ക്രിസ്തുമസ്. 'പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്ന് ജനിച്ചു' എന്ന ഭാഗം വിശ്വാസപ്രമാണത്തിൽ ചൊല്ലുന്ന സമയത്ത് മുട്ടുകുത്തി ശിരസ്സുനമിച്ച് മനുഷ്യാവതാര രഹസ്യത്തെ അനുസ്മരിക്കുന്ന രീതി വിശ്വാസികൾക്കിടയിലുണ്ടായിരുന്നു. മനുഷ്യന്റെ കണ്ണീർ തുടയ്ക്കുന്ന, നിരന്തരം അവന്റെ കൂടെ നടക്കുന്ന ഇമ്മാനുവേലായ ദൈവത്തെ തിരിച്ചറിഞ്ഞുകൊണ്ട് ഈശോയാണ് ഏക രക്ഷകൻ എന്ന വിശ്വാസത്തിൽ ആഴപ്പെടാൻ നമുക്ക് ഈ ക്രിസ്തുമസ് കാലത്ത് പരിശ്രമിക്കാം.

ക്രിസ്തുമസിന്റെ ചൈതന്യം വ്യക്തി ജീവിതത്തിലും സമൂഹജീവിതത്തിലും നിറയുവാൻ നാം പ്രത്യേകം പരിശ്രമിക്കേണ്ട കാലംകൂടിയാണിത്. പരമ്പരാഗതമായി വീടുകളിൽ ഒരുക്കുന്ന പുൽക്കൂടും നക്ഷത്രങ്ങളും ദീപാലങ്കാരങ്ങളുമൊക്കെ ക്രിസ്തുമസ് കാലത്തിന്റെ അടയാളങ്ങളാണ്. കുടുംബാംഗങ്ങൾ ഒരുമിച്ച് ക്രിസ്തുമസ്സിന്റെ ഒരുക്കങ്ങളിൽ ഏർപ്പെടുന്നത് ക്രൈസ്തവമായ പാരമ്പര്യങ്ങൾ വരും തലമുറകൾക്ക് കൈമാറുന്നതിന് സഹായകമാകും. പ്രതീക്ഷയുടെയും പ്രത്യാശയുടെയും നക്ഷത്രങ്ങൾ നമ്മുടെ വീടുകൾക്കുമുമ്പിൽ ഡിസംബറിന്റെ ആദ്യദിനങ്ങളിൽതന്നെ ഉയരട്ടെ. ദൈവാലയങ്ങളിൽ നടക്കുന്ന ക്രിസ്തുമസ് കരോൾ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത അറിയിക്കുവാനുള്ള അവസരമാണ്. ജാതിമതഭേദമന്യേ എല്ലാ മനുഷ്യരോടും ക്രിസ്തുമസ്സിന്റെ സന്തോഷം പങ്കുവയ്ക്കുംവിധം ക്രിസ്തുമസ് കാലത്ത് ഇടവകകളിൽ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്.

നമ്മുടെ ഹൃദയങ്ങളിൽ ഈശോ ജനിക്കാനുള്ള ആത്മീയ ഒരുക്കം നമ്മൾ നടത്തേണ്ട കാലമാണിത്. മത്സ്യമാംസാദികൾ പൂർണ്ണമായും

വർജ്ജിച്ചുകൊണ്ട് തിരുപ്പിറവിക്കായി ഒരുങ്ങുന്ന പാരമ്പര്യമാണ് നമ്മുടെ സഭയിലുള്ളത്. സാധിക്കുന്നിടത്തോളം കുടുംബാംഗങ്ങൾ ഒരുമിച്ച് 25 ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുന്നത് ക്രിസ്തുമസിന് ഏറ്റവും നല്ല തയ്യാറെടുപ്പായിരിക്കുമെന്ന് ഓർമ്മിപ്പിക്കട്ടെ. ഉണ്ണീശോയെ സ്വീകരിക്കുവാനുള്ള ഭക്താഭ്യാസങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുവാൻ മാതാപിതാക്കളും മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഡിസംബർ മാസം നമ്മുടെ അതിരൂപത മുഴുവൻ ആത്മീയ ഉണർവിലേക്ക് എത്തുന്ന അവസരമാണ്. ഉണ്ണീശോയെ കൈകളിലെടുത്ത് ഈജിപ്തിലേക്ക് പാലായനം ചെയ്ത തിരുക്കുടുംബത്തെ ധ്യാനിച്ചുകൊണ്ടാണ് ഈ വർഷത്തെ മരിയൻ തീർത്ഥാടനം നമ്മൾ നടത്തുന്നത്. ഡിസംബർ 5 വെള്ളിയാഴ്ച രാത്രി എടൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽനിന്നും ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ നിന്നും ചെമ്പേരി ലൂർദ്ദ്മാതാ ബസിലിക്കയിലേക്ക് ജപമാല ചൊല്ലി കാൽനടയായി നടത്തുന്ന ഈ തീർത്ഥാടനം ഡിസംബർ 6 ശനിയാഴ്ച പുലർച്ചെ 3:00 മണിക്ക് ചെമ്പേരി ലൂർദ്ദ്മാതാ ബസിലിക്കയിൽ എത്തിച്ചേരും. പൈസക്കരിയിൽനിന്നും ചെമ്പന്തൊട്ടിയിൽനിന്നും ചെമ്പേരിയിലേക്ക് തീർത്ഥാടനങ്ങൾ നടക്കും. പുലർച്ചെ 3:30 ന് ചെമ്പേരി ബസിലിക്കയിൽ നടക്കുന്ന ദിവ്യബലിക്കുശേഷം തലശ്ശേരി അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും പരിശുദ്ധ കന്യകാമറിയത്തിന്റെ വിമല ഹൃദയത്തിന് സമർപ്പിച്ചു പ്രാർത്ഥിക്കുന്നതാണ്. ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പേരി, ചെമ്പൻതൊട്ടി, പൈസക്കരി, മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ എന്നീ ഒൻപതു ഫൊറോനകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർത്ഥാടനം നടക്കുന്നതെങ്കിലും സാധിക്കുന്നിടത്തോളം ആളുകൾ ഈ തീർത്ഥാടനത്തിൽ പങ്കെടുക്കുവാനും ദണ്ഡവിമോചനം പ്രാപിക്കുവാനും സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 20 ന് ഇരിട്ടിയിൽ ബോൺ നത്താലെ എന്ന പേരിൽ നടത്തുന്ന ക്രിസ്തുമസ് സന്ദേശസംഗമം യുവജനങ്ങളുടെ കൂട്ടായ്മയ്ക്കും സാക്ഷ്യത്തിനുമുള്ള നല്ലൊരു അവസരമാണ്. മലയോരത്തെ പ്രധാന പട്ടണമായ ഇരിട്ടിയിൽ ക്രിസ്തുമസിന്റെ സന്ദേശം നല്കു

വാൻ പരമാവധി യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ എല്ലാ ഇടവക കളും പരിശ്രമിക്കുമല്ലോ.

സ്നേഹത്തിന്റെയും ക്ഷമയുടെയും പാതയിൽ നടക്കുവാനും ഉണ്ണീശോയ്ക്കുവേണ്ടി നിർമ്മലമായ ഹൃദയം ഒരുക്കുവാനും ഈ ക്രിസ്തുമസ് നാളുകൾ നമ്മെ സഹായിക്കട്ടെ. ചുറ്റുപാടുമുള്ള പാവ പ്പെട്ടവരെ കൂടുതൽ പരിഗണിക്കുവാനും പങ്കുവയ്ക്കുവാനും നമുക്ക് കഴിയട്ടെ. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാ വിന്റെയും † നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 നവംബർ 23 ന് രാജത്വ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂ പതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 നവംബർ 30-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിക്കേണ്ടതാണ്.

## കച്ചേരിക്കാര്യം
### ഡിസംബർ 2025

**1. പുതിയ നിയമനം**

റവ. ഫാ. മാർട്ടിൻ പാഴൂപ്പറമ്പിൽ - അസി. വികാരി, പാണത്തൂർ

റവ. ഫാ. അലക്സ് കൊച്ചുപറമ്പിൽ MSFS - അസി. വികാരി, ശ്രീകണ്ഠാപുരം

റവ. ഫാ. വർഗീസ് മാളക്കാരൻ OFM Conv. - അസി. വികാരി, വിളക്കന്നൂർ

റവ. ഫാ. ജോർജ് മങ്കുഴിക്കരി OFM Cap - അസി. വികാരി, തിരുമേനി

**2. മംഗളവാർത്തക്കാലം**

കർത്താവിന്റെ പിറവിത്തിരുനാളിന് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ നോമ്പ് ആചരിക്കുന്നതിനാൽ ആ ദിവസങ്ങളിൽ വിവാഹ ആഘോഷങ്ങൾക്ക് മുടക്കം ഉണ്ടായിരിക്കുന്നതാണ്. 25 നോമ്പുദിനങ്ങളിലെ മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**3. പിറവി തിരുകർമങ്ങളുടെ സമയം**

ക്രിസ്തുമസ് രാത്രിയിലെ കുർബാനയുടെ സമയത്തെക്കുറിച്ചുള്ള നിർദ്ദേശം ഓർമിക്കുമല്ലോ. പരമ്പരാഗതമായ ക്രിസ്തുമസ് കുർബാന ഡിസംബർ 24 രാത്രി 12 മണിക്കാണ് (ഡിസം. 25 ന്റെ ആദ്യ മണിക്കൂറിൽ) നമ്മൾ അർപ്പിക്കുന്നത്. അതിൻപ്രകാരം എല്ലാ പള്ളികളിലും തിരുപ്പിറവിയുടെ കർമങ്ങൾ ഡിസംബർ 24 രാത്രി 12 മണിക്കാണ് നടത്തേണ്ടത്.

**4. കൂരിയ, ട്രൈബ്യൂണൽ അവധി**

ക്രിസ്തുമസ് പ്രമാണിച്ച് ഡിസംബർ 25 മുതൽ 28 വരെ അതിരൂപതാ കൂരിയായും ട്രൈബ്യൂണലും അവധിയായിരിക്കും.

**5. അഭിനന്ദനങ്ങൾ**

റവ. ഫാ. ജോസഫ് ചെരിയംകുന്നേൽ (ജെസ്ബിൻ): ചെമ്പേരി വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും എം.ബി.എ. പഠനം ഉന്നതവിജയത്തോടെ പൂർത്തിയാക്കിയ പ്രിയപ്പെട്ട ജെസ്ബിൻ ചെരിയംകുന്നേലച്ചന് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**6. ഡയറക്ടറി**

തലശ്ശേരി അതിരൂപതയെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഡയറക്ടറി തയ്യാറായിട്ടുണ്ട്. പ്രൊക്യുറേറ്ററുടെ ഓഫീസിൽ നിന്ന് ഡയറക്ടറി വാങ്ങാവുന്നതാണ്. 250 രൂപയാണ് ഡയറക്ടറിയുടെ വില.

**7. ഡയറി**

2026 ലെ വി. ഗ്രന്ഥവായനകളും അനുദിന വിശുദ്ധനെക്കുറിച്ചുള്ള കുറിപ്പുകളും തലശ്ശേരി അതിരൂപതയിൽ 2026 ൽ നടക്കുന്ന പ്രധാനപ്പെട്ട പരിപാടികളുടെ തീയതികളും ചേർത്തുള്ള ഡയറി തയ്യാറായിട്ടുണ്ട്. കൂരിയായിൽ നിന്ന് ഡയറി ലഭിക്കുന്നതാണ്.

**8. തിരുപ്പട്ട സ്വീകരണങ്ങൾ**

ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി 14 മ്ശംശാനമാരാണ് തിരുപ്പട്ടം സ്വീകരിക്കുന്നത്. കുന്നോത്ത്, ആലുവ, കോട്ടയം, സത്ന, റോം എന്നീ മേജർ സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി തിരുപ്പട്ടത്തിന് ഒരുങ്ങിക്കൊണ്ടിരിക്കുന്ന ബഹു. ഡീക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കാം. തിരുപ്പട്ട സ്വീകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| | പേര് | ഇടവക | തീയതി | സമയം |
|---|---|---|---|---|
| 1. | ജേക്കബ് കാശാംകാട്ടിൽ | കിളിയന്തറ | ഡിസം. 26 | 08.45 am |
| 2. | ദേവസ്യ പൊട്ടക്കുളത്തിൽ | പേരട്ട | ഡിസം. 26 | 02.30 pm |
| 3. | മാർട്ടിൻ തുറയ്ക്കൽ | പേരാവൂർ | ഡിസം. 29 | 08.30 am |
| 4. | ജോസഫ് അയിലൂക്കുന്നേൽ | രാജമുടി | ഡിസം. 29 | 08.45 am |
| 5. | ജോസഫ് പാലയ്ക്കൽ | കള്ളാർ | ഡിസം. 30 | 08.45 am |
| 6. | ജോസഫ് പാറക്കാലായിൽ | കള്ളാർ | ഡിസം. 30 | 08.45 am |
| 7. | മാത്യു വടക്കേൽ | ചന്ദനയ്ക്കാംപാറ | ഡിസം. 31 | 08.45 am |
| 8. | കുര്യാക്കോസ് പുളിയാനാപ്പള്ളിൽ | കോഴിച്ചാൽ | ജനു. 01 | 08.45 am |

| | | | | |
|---|---|---|---|---|
| 9. | സേവ്യർ കുരിയളാനിക്കൽ | കാവുന്തല | ജനുവരി 01 | 08.45 am |
| 10. | ജേക്കബ് തുണ്ടിയിൽ | പെരുമ്പടവ് | ജനുവരി 02 | 08.45 am |
| 11. | മാത്യു പൂക്കുളത്തേൽ | രാജഗിരി | ജനുവരി 03 | 08.30 am |
| 12. | ജോസഫ് പൂക്കുളത്തേൽ | രാജഗിരി | ജനുവരി 03 | 08.30 am |
| 13. | ജോർജ് മാപ്പിളപ്പറമ്പിൽ | പാലാവയൽ | ജനുവരി 03 | 08.45 am |
| 14. | ക്ലെമെന്റ് നരിക്കുഴിയിൽ | കോലുവള്ളി | ജനുവരി 05 | 09.00 am |

**9. തലശ്ശേരി അതിരൂപതാ മരിയൻ തീർത്ഥാടനം**

ഈ വർഷത്തെ തലശ്ശേരി അതിരൂപതാ മരിയൻ തീർത്ഥാടനം 2015 ഡിസംബർ 5, 6 തീയതികളിലായി നടത്തുകയാണ്. ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് ജപമാല ചൊല്ലി കാൽനടയായാണ് തീർത്ഥാടനം നടത്തുന്നത്. മലബാറിലെ ഏറ്റവും വലിയ തീർത്ഥാടനമാണ് തലശ്ശേരി അതിരൂപതാ മരിയൻ തീർത്ഥാടനം. ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ എന്നീ ഫൊറോനാകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർത്ഥാടനം സംഘടിപ്പിക്കുന്നത്. ഡിസംബർ 5 വെള്ളിയാഴ്ച രാത്രി 8 മണിക്ക് ആലക്കോട് നിന്നും വെള്ളിയാഴ്ച വൈകുന്നേരം 4:30 ന് എടൂർ നിന്നും തീർത്ഥാടനം ആരംഭിച്ച് ഡിസം. 6 ശനിയാഴ്ച പുലർച്ചെ 3 മണിക്ക് ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിൽ എത്തിച്ചേരും വിധമാണ് ഈ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. തുടർന്ന് 3:30 ന് തീർത്ഥാടകർക്കുവേണ്ടിയുള്ള ദിവ്യബലിയോടെയാണ് തീർത്ഥാടനം സമാപിക്കുന്നത്. ത്യാഗത്തോടെയുള്ള ഈ തീർത്ഥാടനത്തിലൂടെ പൂർണ്ണ ദണ്ഡവിമോചന പ്രാപ്തിയ്ക്കുള്ള അവസരം കൂടിയാണ് ലഭിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തോടൊപ്പം നമുക്ക് ഈശോയുടെ പക്കലേക്ക് നടക്കാം. ഏവരേയും മരിയൻ തീർത്ഥാടനത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

**10. വിവാഹപരസ്യം നടത്താനുള്ള അനുമതി**

2025 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോ മലബാർ സിനഡ് തീരുമാനമനുസരിച്ച് മനസമ്മതത്തിനു മുൻപ് വിവാഹപരസ്യം നടത്താനുള്ള അനുമതിക്കായി ഫൊറോനാ വികാരി അച്ചനെ സമീപിക്കേണ്ടതില്ല. പകരം വികാരി അച്ചന് അനുമതി നൽകാവുന്നതാണ് എന്ന തീരുമാനം കഴിഞ്ഞ മാസത്തെ ഗിരിദീപത്തിൽ അറിയിച്ചിരുന്ന

ല്ലോ. വ്യക്തതയ്ക്കുവേണ്ടി ഈ തീരുമാനത്തെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

i) ഇപ്രകാരം മനസമ്മതത്തിന് മുമ്പ് വിവാഹപരസ്യം നടത്തുമ്പോൾ 3 ഞായറാഴ്ചകളിൽ വിവാഹപരസ്യം നടത്തിയിരിക്കണം.

ii) വിവാഹപരസ്യത്തിനായുള്ള അപേക്ഷ പ്രതിശ്രുതവധൂവരന്മാർ സംയുക്തമായി രേഖാമൂലം സമർപ്പിക്കണം.

iii) വരന്റെ വികാരിയുടെ പക്കൽ അപേക്ഷ സമർപ്പിക്കുകയും വരന്റെ വികാരി നൽകിയ അനുമതിപത്രം വധുവിന്റെ വികാരിയുടെ പക്കൽ എത്തിക്കുകയും വധുവിന്റെ വികാരി അനുമതിപത്രത്തിൽ ഒപ്പ് വച്ചതിനുശേഷം അനുമതിപത്രം വരന്റെ വികാരിയുടെ പക്കൽ എത്തിച്ച് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

iv). അപേക്ഷയുടെ ഫോറം അതിരൂപതാകേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതാണ്.

**11. സ്നേഹസ്മൃതി**

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം

**റവ. ഫാ. മൈക്കിൾ കാരിമറ്റം (83)**

പ്രശസ്ത ബൈബിൾ പണ്ഡിതനും സീറോ മലബാർ സഭ മല്പാൻ പദവി നല്കി ആദരിക്കുകയും ചെയ്ത തലശ്ശേരി അതിരൂപതാംഗമായ റവ. ഡോ. മൈക്കിൾ കാരിമറ്റം 2025 നവംബർ 06 ന് രാവിലെ 6.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കഴിഞ്ഞ ഏതാനും മാസങ്ങളായി രോഗാവസ്ഥയിലായിരുന്ന മൈക്കിൾ അച്ചൻ കരുവഞ്ചാൽ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുമ്പോഴാണ് മരണം സംഭവിച്ചത്. തലശ്ശേരി അതിരൂപത കത്തോലിക്കാ സഭക്ക് സമ്മാനിച്ച ശ്രേഷ്ഠനായ പുരോഹിതനാണ് വിട പറഞ്ഞിരിക്കുന്നത്. 1942 ആഗസ്റ്റ് 11 ന് കോതമംഗലം രൂപതയിലുള്ള കലയന്താനി ഇടവകയിൽ കാരിമറ്റം കുടുംബത്തിൽ ചാക്കോ – മറിയം മാതാപിതാക്കളുടെ മൂത്ത മകനായി ജനിച്ച മൈക്കിളച്ചന്റെ സഹോദരങ്ങൾ പരേതനായ സ്റ്റീഫൻ, ജോസഫ്, അഗസ്റ്റിൻ, റവ. സി. ഡോ. ലിറ്റിൽ ഫ്ളവർ എം. എസ്. എം. ഐ. (നിലമ്പൂർ), മേരി ഞൊണ്ടിമാക്കൽ (ചെമ്പനോട) എന്നിവരാണ്. താമരശ്ശേരി രൂപതയിലെ കുളത്തുവയൽ ഇടവകയാണ് അച്ചന്റെ മാതൃ ഇടവക.

1959 ജൂലൈ മാസത്തിൽ കുന്നോത്തുള്ള തലശ്ശേരി രൂപതയുടെ മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിനായി പ്രവേശിക്കുകയും ആലുവ കർമലഗിരി സെമിനാരിയിൽ നിന്ന് തത്വശാസ്ത്രപഠനം പൂർത്തിയാക്കുകയും ചെയ്തു. റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയശേഷം 1968 ജൂൺ 29 ന് പ്രൊപ്പഗാന്താ കോൺഗ്രിഗേഷന്റെ പ്രീഫെക്ടായിരുന്ന കർദ്ദിനാൾ അഗാനിയായിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് 1979 ൽ വി. ഗ്രന്ഥത്തിൽ ഉന്നത പഠനം പൂർത്തിയാക്കി. ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഡോക്ടറേറ്റ് നേടുന്ന ആദ്യകാല ഇൻഡ്യാക്കാരിൽ ഒരുവനായിരുന്നു ബഹു. മൈക്കിളച്ചൻ.

1979 ജൂൺ 03 ന് ചെമ്പേരി ലൂർദ്ദ് മാതാ ഫൊറോനാ പള്ളിയിൽ അസി. വികാരിയായിട്ടാണ് ബഹു. മൈക്കിൾ അച്ചൻ അജപാലന ശുശ്രൂഷ ആരംഭിച്ചത്. 1980 ജനുവരി 15 മുതൽ 1982 ജൂൺ 22 വരെ കൊച്ചി പി.ഓ.സി.യിൽ ബൈബിൾ വിവർത്തകനായി സേവനം ചെയ്തു. 1982 ജൂൺ 22 ന് തലശ്ശേരി രൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ പ്രഥമ ഡയറക്ടറായി നിയമിതനായി. 15 വർഷങ്ങൾ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ എന്ന നിലയിൽ ബഹു. മൈക്കിൾ അച്ചൻ സമാനതകളില്ലാത്ത ശുശ്രൂഷ നിർവ്വഹിച്ചു. മലബാറിലെ ഇടവകകളിൽ തിരുവചനം സമൃദ്ധമായി വിതയ്ക്കപ്പെട്ട കാലഘട്ടമായിരുന്നു അത്.

വി. ഗ്രന്ഥത്തിന്റെ വാതായനങ്ങൾ ദൈവജനത്തിനായി തുറക്കുവാൻ അച്ചന് കഴിഞ്ഞു. ഇടവകകൾതോറും ബൈബിൾ കൺവെൻഷനുകൾ അച്ചൻ സംഘടിപ്പിച്ചു. 'ജീസസ് ഓഫ് നസറത്ത്' എന്ന പേരിൽ ആറര മണിക്കൂർ നീണ്ടുനില്ക്കുന്ന സിനിമ ഇടവകകളിൽ പ്രദർശിപ്പിക്കുകയും അതിനോടനുബന്ധിച്ച് ബൈബിൾ കൺവെൻഷനുകൾ നടത്തുകയും ചെയ്തു. ബൈബിൾ വിതരണമായിരുന്നു അച്ചൻ ചെയ്ത മറ്റൊരു ശുശ്രൂഷ. കുടിയേറ്റ ജനതകളുടെ കുടുംബങ്ങളിൽ വി. ഗ്രന്ഥത്തിന്റെ ദൈവീക സാന്നിധ്യം എത്തിക്കുവാൻ അച്ചന് കഴിഞ്ഞു.

കുട്ടികളെ ബൈബിൾ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1984 ൽ ബൈബിൾ ചിത്രകഥകൾ പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചു. 36 പേജുകൾ വീതമുള്ള 51 പുസ്തകങ്ങളാക്കി ബൈബിൾ മുഴുവൻ ചിത്രകഥകളിലൂടെ അച്ചൻ അവതരിപ്പിച്ചു. ചൈനീസ് ഭാഷയിലടക്കം 16 ഭാഷകളിൽ ബൈബിൾ ചിത്രകഥകൾ പ്രസിദ്ധീകരിച്ചു. വി. ഗ്രന്ഥത്തെയും സഭാവിശ്വാസത്തെയും ആധാരമാക്കി രചിച്ച 100 ലേറെ ഗ്രന്ഥങ്ങൾ അച്ചന്റെ വിജ്ഞാനവൈഭവത്തിന്റെ പ്രതിഫലമായിരുന്നു. ആൽഫാ ബൈബിൾ വ്യാഖ്യാനത്തിന്റെ മുഖ്യ സംശോധകൻ മൈക്കിളച്ചനായിരുന്നു. 40 ലേറെ ഗ്രന്ഥങ്ങൾ അച്ചൻ രചിച്ചു. 1992 മുതൽ ബൈബിൾ മുഴുവൻ പഠിക്കുവാൻ സഹായിക്കുന്ന ഒരു വ്യാഖ്യാന പരമ്പര 'ബൈബിൾ തീർത്ഥാടനം' എന്ന പേരിൽ ആരംഭിച്ചു. 1998 ഏപ്രിൽ 04 മുതൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ബൈബിൾ കോളേജിന്റെ പ്രിൻസിപ്പൽ ആയി ശുശ്രൂഷ ആരംഭിച്ചു. ഈ കാലഘട്ടത്തിൽ 6 ആഴ്ച നീണ്ടു നില്ക്കുന്ന ബൈബിൾ പഠനപരിപാടി

ആരംഭിച്ചു. അല്മായർക്ക് ദൈവവചനം പഠിക്കുവാനുള്ള വേദിയായി ഈ ബൈബിൾ കോഴ്സ് മാറി.

2000 മെയ് മാസത്തിൽ ബഹു. മൈക്കിളച്ചന്റെ തലച്ചോറിൽ രക്ത സ്രാവമുണ്ടായി. ജീവൻ കൈവിട്ടുപോകുന്ന അപകടകരമായ സാഹ ചര്യമാണെന്ന് ഡോക്ടർമാർ വിലയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ അത്ഭുതകരമായ തിരിച്ചുവരവാണ് ബഹു. മൈക്കിളച്ചന് ദൈവം നല്കിയത്. തുടർന്നുള്ള കാൽ നൂറ്റാണ്ടു നീണ്ട അച്ചന്റെ ജീവിതം ദൈവനിയോഗത്തിന്റെ സാക്ഷാത്ക്കാരത്തിനുള്ള ആത്മസ മർപ്പണത്തിന്റേതായിരുന്നു. 2002 ഫെബ്രുവരി 02 മുതൽ തൃശൂർ മേരി മാതാ സെമിനാരിയിൽ ബൈബിൾ അധ്യാപകനായി ബഹു. മൈക്കി ളച്ചൻ ശുശ്രൂഷ ആരംഭിച്ചു. ഈ കാലഘട്ടത്തിൽ ജീവൻ ടി. വി. യിലൂടെയും മലയാളത്തിലും ഇംഗ്ലീഷിലുമായി ഡിവൈൻ ഗുഡ്നെസ്സ് ടി. വി. യിലൂടെയും നൂറുകണക്കിന് ബൈബിൾ പഠനപരിപാടികൾ അച്ചൻ അവതരിപ്പിച്ചു. 2004 ൽ ശാലോം ടെലിവിഷനിലൂടെ ദൈവപ്ര മാണങ്ങളെക്കുറിച്ചുള്ള പഠനപരമ്പര സംപ്രേഷണം ചെയ്തു. ആയി രത്തോളം ലേഖനങ്ങൾ വിവിധ മാഗസിനുകളിൽ അച്ചൻ പ്രസിദ്ധീക രിച്ചു. 2022 ജൂലൈ 3 ന് സീറോ മലബാർ സഭ മല്പാൻ പദവി നല്കി ബഹു. മൈക്കിളച്ചനെ ആദരിച്ചു. 2022 മെയ് 14 ന് വിശ്രമ ജീവി തത്തിനായി കരുവഞ്ചാൽ ശാന്തിഭവനിൽ അച്ചൻ എത്തിച്ചേർന്നു. വിശ്രമജീവിതത്തിന്റെ നാളുകളിലും പുസ്തക രചനയിലും ബൈബിൾ പ്രഭാഷണങ്ങളിലും മൈക്കിളച്ചൻ തന്റെ സമയം ചിലവഴിച്ചു.

“കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്ത് പകരം കൊടുക്കും, രക്ഷയുടെ പാനപാത്രമെടുത്ത് കർത്താ വിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും” (സങ്കീ. 116, 12-13) എന്ന ദൈവവചനമായിരുന്നു ബഹു. മൈക്കിളച്ചന്റെ ആപ്തവാക്യം. ദൈവ വചനത്തെ ഇത്രത്തോളം ജനകീയമാക്കിയ ഒരു പുരോഹിതൻ കേരള സഭയിൽ ഉണ്ടായിട്ടില്ല. ബൈബിൾ കഥാപാത്രങ്ങൾ സാധാരണക്കാ രന്റെ മനസ്സിൽ മിഴിവാർന്ന ചിത്രങ്ങളായി വരക്കുവാൻ ബഹു. മൈക്കി ളച്ചനു കഴിഞ്ഞു. വി. ഗ്രന്ഥമാകുന്ന അക്ഷയ നിധിയിലേക്ക് ദൈവജ നത്തെ നയിക്കുവാൻ ബഹു. മൈക്കിളച്ചന് പ്രത്യേക സിദ്ധിയുണ്ടാ യിരുന്നു. തലശ്ശേരി അതിരൂപതയുടെ അഭിമാനമാണ് ബഹു. മൈക്കി ളച്ചൻ. ലോകം മുഴുവൻ വചനത്തിന്റെ പ്രകാശം ചൊരിയുവാൻ അച്ചന് കഴിഞ്ഞു. ആഴമായ ആദ്ധ്യാത്മീക ജീവിതം കൈമുതലാക്കിയ അച്ചന്റെ മരണം വളരെ സുന്ദരമായിരുന്നു. തന്റെ ദിവസങ്ങൾ പരിമിതമാ

ണെന്നറിഞ്ഞപ്പോൾ ശാന്തതയോടെ മരണത്തിനായി അദ്ദേഹം ഒരുങ്ങി. 'വി. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് (ഫിലി. 1, 21). കർത്താവ് തന്റെ ഭവനത്തിലേക്ക് തന്നെ സ്വാഗതം ചെയ്യുന്ന സ്വർഗ്ഗീയ സ്വരം താൻ ശ്രവിക്കുന്നതായി അദ്ദേഹം സാക്ഷ്യപ്പെടുത്തിയിരുന്നു. മരണത്തോടടുത്തുള്ള നാളുകളിൽ വൈദികർക്കും ദൈവജനത്തിനും എഴുതിയ കൃതജ്ഞതാ കുറിപ്പ് അച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ആഴം വെളിപ്പെടുത്തുന്നതാണ്.

പ്രിയപ്പെട്ട മൈക്കിളച്ചാ, അങ്ങയുടെ ഓർമകൾ ചിരകാലം നിലനില്ക്കും. അങ്ങയുടെ സംഭാവനകൾ എല്ലാക്കാലവും അനുസ്മരിക്കപ്പെടും. അങ്ങ് ജനഹൃദയങ്ങളിൽ വിതച്ചത് വചനത്തിന്റെ വിത്തായിരുന്നല്ലോ. അച്ചൻ ജനഹൃദയങ്ങളിൽ വിതച്ച വചനവിത്തുകൾ നൂറുമേനി ഫലം കൊയ്യുന്ന നാളുകൾ വിദൂരമല്ല. നിത്യപുരോഹിതനായ ഈശോ അച്ചന് നിത്യജീവന്റെ കവാടങ്ങൾ തുറന്നുതരട്ടെ.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# പ്രെസ്ബിറ്ററൽ കൗൺസിൽ സമ്മേളനം റിപ്പോർട്ട്

തലശ്ശേരി അതിരൂപതാ പ്രിസ്ബിറ്ററൽ കൗൺസിലിന്റെ നാലാമത്തെ സമ്മേളനം 2025 നവംബർ 18-ാം തീയതി രാവിലെ 10.15 മുതൽ സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ടു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിലേക്ക് മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ഏവരേയും സ്വാഗതം ചെയ്തു. തുടർന്ന് സെക്രട്ടറി മുൻ സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. വൈദികരുടെ കൂട്ടുത്തരവാദിത്വത്തെപ്പറ്റി അഭിവന്ദ്യ പിതാവ് വൈദികരെ ഓർമ്മിപ്പിച്ചു. തിരുത്തലുകൾ ആവശ്യമുള്ളവരെ സ്വന്തം കൂടപ്പിറപ്പായികണ്ട് തിരുത്തണമെന്നും 'എന്തെങ്കിലും കാണിക്കട്ടെ' എന്ന ലാഘവബുദ്ധിയോടെ അവരെ കൈയൊഴിയുന്നത് പൗരോഹിത്യ കൂട്ടായ്മയ്ക്കു ചേർന്നതല്ലെന്നും സൗഹൃദപരമായ അന്തരീക്ഷത്തിൽ പരസ്പരം മനസ്സിലാക്കി മുമ്പോട്ടു പോകുവാൻ നാം ശ്രമിക്കണമെന്നും പിതാവ് വൈദികരെ ഓർമ്മിപ്പിച്ചു.

ചർച്ചകളിൽ ആദ്യത്തെ വിഷയമായ വൈദികക്ഷേമത്തെപ്പറ്റി ബഹു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സംസാരിച്ചു. മെഡിക്കൽ ബില്ലുകൾ അതാത് വർഷം മതിയായ വിവരങ്ങൾ ഉൾപ്പെടെ ഓഫീസിൽ ഏൽപ്പിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. P.P.F. ഇടവകാ - വ്യക്തിഗത വിഹിതങ്ങൾ അടയ്ക്കാത്തവരെപ്പറ്റി പരാമർശങ്ങൾ ഉണ്ടാവുകയും മനഃപൂർവ്വം അലംഭാവം കാണിക്കുന്ന വൈദികരെ ഈ കാര്യം വിഹിതം അടയ്ക്കേണ്ട കാര്യത്തെക്കുറിച്ച് വീണ്ടും ഓർമ്മിപ്പിക്കണമെന്ന് യോഗാംഗങ്ങൾ ആവശ്യപ്പെട്ടു.

ബഹു. വൈദികരുടെ അടുത്ത വാർഷിക ധ്യാനം ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലാണെന്നും ഫാ. മാത്യു ഇല്ലത്തുപറമ്പിൽ ധ്യാനം നയിക്കുമെന്നും വൈദികരുടെ റീജണൽ പ്രിസ്ബിറ്റേറിയൻ 2026 ജനുവരി മാസത്തിലെ വിവിധ തീയതികളിലായി നടക്കുമെന്നും അച്ചൻ യോഗത്തെ അറിയിച്ചു. റീജണൽ വൈദിക സമ്മേളനങ്ങളിൽ ബഹു. വൈദികർ പങ്കെടുക്കണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി.

വിയാനി നിധിയിൽ നിലവിൽ 163 വൈദികർ സഹകരിച്ചിട്ടുണ്ടെന്ന് ഫാ. ജോസഫ് മുട്ടത്തുകുന്നേൽ അറിയിക്കുകയും ബാക്കിയുള്ളവർക്കൂടി സഹകരിക്കണമെന്നും രൂപത സാമ്പത്തിക സ്ഥിരത കൈവരിക്കുംവരെ സാഹചര്യങ്ങൾ മനസ്സിലാക്കി സഹകരിക്കണമെന്നും പിതാവ് സ്നേഹത്തോടെ ആവശ്യപ്പെട്ടു. വിയാനിനിധിയോട് സഹകരിക്കുന്ന വൈദികരുടെയും ഓരോ ഇടവകയിൽ നിന്നുമുള്ള അല്മാ

യരുടെയും ലിസ്റ്റ് പ്രായോഗിക ആവശ്യം പരിഗണിച്ച് പ്രസിദ്ധപ്പെടുത്താൻ യോഗം നിർദ്ദേശിച്ചു. സെമിനാരിവിദ്യാർത്ഥികളുടെ മെഡിക്കൽ ആവശ്യങ്ങളെപ്പറ്റിയും അവരുടെ സാമ്പത്തികസ്ഥിതിയെപ്പറ്റിയും ചർച്ചകളിൽ പരാമർശമുണ്ടായി. വൈദികരുടെ സൗഹൃദോത്സവം ഭംഗിയായി ക്രമീകരിച്ച് സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെയും ടീം അംഗങ്ങളെയും യോഗം അഭിനന്ദിച്ചു. അടുത്ത വർഷം മുതൽ സ്വകാര്യ കമ്പനികളോടു ചേർന്നുള്ള ആരോഗ്യ ഇൻഷുറൻസ് ഇല്ലെന്നും വേണ്ടവർക്ക് വ്യക്തിപരമായി ഇതേ പോളിസികൾ തുടരാമെന്നും ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി യോഗത്തെ അറിയിച്ചു.

തുടർന്നുള്ള ചർച്ചകളിൽ അജപാലന പ്രവർത്തനങ്ങളിലെ പ്രതിസന്ധികൾ, വൈദികരുടെ തുടർപരിശീലനം എന്നിവയെപ്പറ്റി മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. പുതിയ തലമുറയിലെ കുട്ടികളെ മനസ്സിലാക്കുവാനും ദിശാബോധം നൽകുവാനും മാതാപിതാക്കൾക്ക് ബോധവത്ക്കരണം നൽകേണ്ടതിനെപ്പറ്റിയും ചെറുപ്പക്കാരുടെ ഇടയിൽ വർദ്ധിച്ചു വരുന്ന വിവാഹമോചനം, മിശ്രവിവാഹങ്ങൾ, ലിവിങ് ടുഗതർ, വിവാഹം വേണ്ടന്നു വയ്ക്കൽ, വിദേശ കുടിയേറ്റങ്ങൾ തുടങ്ങിയവയെപ്പറ്റി ചർച്ചകൾ നടന്നു. മേൽപ്പറഞ്ഞ വിഷയങ്ങളെപ്പറ്റി കുടുംബകൂട്ടായ്മകളിൽ ചർച്ചചെയ്യാൻ തീരുമാനിക്കുകയും അതിനുവേണ്ട പഠന/കർമ്മ പദ്ധതികൾ ബഹു. ആന്റണി മുതുകുന്നേലച്ചന്റെ മേൽനോട്ടത്തിൽ തയ്യാറാക്കാൻ ഫാമിലി അപ്പസ്റ്റോലേറ്റ്, മതബോധനം, കെ.സി.വൈ.എം., മിഷൻലീഗ് എന്നീ അപ്പസ്റ്റോലേറ്റുകളെ അഭിവന്ദ്യ പിതാവ് ചുമതലപ്പെടുത്തുകയും ചെയ്തു.

വിസ ആവശ്യങ്ങൾക്കും മറ്റുമായി വിവാഹം നേരത്തേ രജിസ്റ്റർ ചെയ്യാൻ വരുന്നവരോട് സഭാനിയമങ്ങളും അനുവാദം നൽകുന്നതിലെ വ്യവസ്ഥകളും കൃത്യമായി പറഞ്ഞു മനസ്സിലാക്കുവാനും സമ്മതപത്രം എഴുതിവാങ്ങുവാനും അജപാലകർ ശ്രദ്ധിക്കണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി. കുട്ടികളും യുവജനങ്ങളും വിശ്വാസത്തിൽനിന്നും അകന്നുപോകുന്നത് അവർക്ക് നാം കൊടുക്കുന്ന വിശ്വാസത്തെ ബോധ്യമാക്കി മാറ്റാൻ പറ്റാത്തതു കൊണ്ടാണെന്നും പുതിയ തലമുറയുടെ സങ്കേതങ്ങൾ ഉപയോഗിച്ചുള്ള സംവാദങ്ങൾക്കും സംവേദനങ്ങൾക്കും നാം കൂടുതൽ ശ്രദ്ധ കൊടുക്കണമെന്നും അവരെ ഏറ്റവും സ്വാധീനിക്കുന്ന സോഷ്യൽ മീഡിയകളിലൂടെ മാത്രമേ നമുക്ക് അവരിലേക്ക് എത്താനാവൂ എന്നും യുവവൈദികർ അഭിപ്രായപ്പെട്ടു.

വൈദികരുടെ തുടർപരിശീലനത്തെപ്പറ്റിയുള്ള ചർച്ചകളിൽ കൊച്ചച്ചന്മാർക്ക് പ്രായോഗിക അജപാലന പരിശീലനത്തിനായി റിഫ്രഷർ കോഴ്സ് കൂടാതെ ഒന്നോ രണ്ടോ ദിവസത്തെ ക്ലാസ്സുകൾ നൽകാൻ യോഗം തീരുമാനിച്ചു.

യുവവൈദികരോടൊത്ത് അജപാലന പ്രവർത്തനങ്ങൾ നടത്തുമ്പോഴുള്ള ബുദ്ധിമുട്ടുകൾ മുതിർന്ന വൈദികർ തുറന്നു പറയണമെന്നും ചെറുപ്പക്കാരായ അച്ചന്മാരെ മനസ്സിലാക്കി പെരുമാറുവാൻ തുറന്ന സംഭാഷണങ്ങൾ ആവശ്യമാണെന്നും അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. അതേസമയം അതിരൂപതയുടെ തനിമയും പാരമ്പര്യവും മനസ്സിലാക്കി വളരുന്ന വൈദികരെ രൂപപ്പെടുത്താൻ പരിശീലന പദ്ധതികളിൽ തന്നെ കാലാനുസൃതമായ പരിഷ്കരണങ്ങൾ നടത്തണമെന്ന് യോഗം വിലയിരുത്തി. വൈദിക വിദ്യാർത്ഥികൾക്ക് അവധിക്കാലം അജപാലന പരിശീലനകാലമാക്കുവാനുള്ള നൂതന പദ്ധതികൾ ആലോചിക്കുന്നുണ്ടെന്ന് പിതാവ് കൂട്ടിച്ചേർത്തു.

ചർച്ചയിലെ നാലാമത്തെ വിഷയമായി ദൈവവിളി പ്രോത്സാഹനത്തിലെ നിലവിലെ സ്ഥിതിയും ആശങ്കകളും വൊക്കേഷൻ പ്രമോട്ടർ ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ അവതരിപ്പിച്ചു. കുട്ടികളുടെയും മാതാപിതാക്കളുടെയും മനോഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ചർച്ചാ വിഷയമായി. നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ഇടവക വികാരിമാർക്കു മാത്രമേ കഴിയൂ എന്നുള്ള കാര്യം അഭിവന്ദ്യ പിതാവ് ഊന്നിപ്പറഞ്ഞു. പാരീഷ് കൗൺസിലിന്റെ തീരുമാനപ്രകാരം ഓരോ ഇടവകയ്ക്കും വേണമെങ്കിൽ അൾത്താര ബാലികമാരെ നിയോഗിക്കാമെന്നും ഇക്കാര്യത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കണമെന്നും പിതാവ് ഓർമ്മപ്പെടുത്തി. കുട്ടികളെ എട്ടാംക്ലാസ് മുതലെങ്കിലും കോൺടാക്ട് ചെയ്താലെ നമുക്ക് അവരെ ദൈവവിളിയിലേക്ക് എത്തിക്കാനാവൂ എന്നും മിഷൻലീഗ് പോലുള്ള സംഘടനകൾക്ക് ഇക്കാര്യത്തിൽ വലിയ പങ്കുണ്ടെന്നും യോഗം വിലയിരുത്തി.

വിശ്വാസവും രാഷ്ട്രീയവും - ഇന്ത്യയുടെ ഭരണഘടനാ ദർശനങ്ങൾക്ക് സഭയുടെ സാക്ഷ്യം എന്ന സി.ബി.സി.ഐയുടെ ജനറൽ ബോഡിയുടെ ചർച്ചക്കുള്ള കരടുരേഖ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ അവതരിപ്പിച്ചു. ഈ കരടുരേഖയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അറിയിക്കുവാൻ യോഗാംഗങ്ങളോട് നിർദ്ദേശിച്ചു. പ്രിസ്ബിറ്ററൽ കൗൺസിൽ അജണ്ട കമ്മറ്റിയിലേക്ക് ഫാ. മാത്യു ഓലിക്കലിനെ പുതുതായി തിരഞ്ഞെടുത്തു. അതിരൂപതാ കലോത്സവത്തെപ്പറ്റിയും മൈനർ സെമിനാരി, തലശ്ശേരിയിൽനിന്ന് താത്കാലികമായി വെള്ളരിക്കുണ്ടിലെ സെന്റ് ജൂഡ് കോളേജ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനെപ്പറ്റിയും പിതാവ് യോഗത്തെ അറിയിച്ചു. ബഹു. കുര്യാക്കോസ് കളരിക്കലച്ചൻ ഏവർക്കും നന്ദി പറയുകയും ത്രിസന്ധ്യാ ജപത്തോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*സെക്രട്ടറി*

# വൈദികസമ്മേളനം
# റിപ്പോർട്ട്

ഈ വർഷത്തെ അവസാനത്തെ വൈദിക സമ്മേളനം ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് 2025 നവംബർ 22 ന് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3:30 വരെ നടന്നു. ബഹു. കുര്യാക്കോസ് പന്തല്ലൂപ്പറമ്പിലച്ചൻ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചൻ യോഗത്തിന് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അധ്യക്ഷത വഹിച്ച് യോഗം ഉദ്ഘാടനം ചെയ്തു. ബന്ധങ്ങളെ കൂടുതൽ വിലമതിക്കുന്ന അജപാലന ശൈലിയാണ് ഈ കാലഘട്ടത്തിന് ചേർന്നതെന്നും ദൈവജനത്തെ കൂടുതൽ ആദരവോടെ കാണുന്ന രീതി അജപാലകർക്ക് ഉണ്ടായിരിക്കണമെന്നും അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു. ഇല്ലായ്മകളിലും, ബുദ്ധിമുട്ടുകളിലും ആത്മാർത്ഥമായി സഹകരിച്ച ദൈവജനത്തിന്റെ സഹകരണമാണ് നമ്മെ ഈ രീതിയിൽ വളർച്ചയിലേക്ക് നയിച്ചതെന്നും കാർക്കശ്യത്തിന്റെയും കടുംപിടുത്തത്തിന്റെയും അജപാലന ശൈലി ഈ കാലഘട്ടത്തിന് യോജിച്ചതല്ലെന്നും പിതാവ് പറഞ്ഞു.

പിന്നീട് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ നടന്നു. സീറോ മലബാർ സഭക്കു പുതിയ Ordo (തൂക്കാസാ)യെ അടിസ്ഥാനമാക്കി ഫൊറോന അടിസ്ഥാനത്തിൽ നടത്തിയ ചർച്ചകളോടെ റിപ്പോർട്ട് ക്രോഡീകരിച്ച് ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചൻ അവതരിപ്പിച്ചു. തുടർന്ന് തൂക്കാസയെ സംബന്ധിച്ച് ബഹു. വൈദികർ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. തുടർന്ന് തലശ്ശേരി അതിരൂപതാ നിയമാവലി പരിഷ്ക്കരണത്തെക്കുറിച്ചുള്ള ചർച്ചയായിരുന്നു. ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചൻ വിഷയാവതരണം നടത്തി. കുടുംബക്കല്ലറകളെക്കുറിച്ചുള്ള നിയമങ്ങൾ കൂടുതൽ ചർച്ചകൾക്ക് വിഷയമാക്കി. കുടുംബ കല്ലറകൾക്ക് മിനിമം ഒന്നരലക്ഷം രൂപയും പരമാവധി 3 ലക്ഷം രൂപയുമാക്കണമെന്ന് നിർദ്ദേശമുണ്ടായി. സെമിത്തേരിയിൽ കല്ലറകൾ ക്രമീകരിക്കുവാൻ കുടുംബ കല്ലറകളുടെ സ്ഥാനങ്ങൾ പുനഃക്രമീകരിക്കേണ്ടി വന്നാൽ കല്ലറയുടെ ഉടമസ്ഥാവകാശമുള്ളയാളുകൾ സഹകരിക്കണമെന്ന നിയമം നിയമാവലിയിൽ ചേർക്കണമെന്നും നിർദ്ദേശമുണ്ടായി. കുടുംബ കല്ലറ വാങ്ങുന്ന സമയത്ത് ഒരു പ്രത്യേക കല്ലറ നിശ്ചയിച്ചു നല്കേണ്ട സാഹചര്യത്തിൽ കല്ലറ വാങ്ങുന്ന സമയം മുതൽ കല്ലറയുടെ കാലാവധി കണക്കാക്കി തുടങ്ങണമെന്നും കല്ലറ വാങ്ങുന്ന സമയത്ത് ഒരു പ്രത്യേക കല്ലറ നിശ്ചയിച്ച് നൽകുന്നില്ലെങ്കിൽ ആദ്യത്തെ ആളെ അടക്കിയ സമയം മുതൽ കല്ലറയുടെ കാലാവധി കണക്കാക്കി തുടങ്ങിയാൽ മതിയെന്നും നിർദേശമുണ്ടായി. ഒരാളെയെങ്കിലും അടക്കിയ കല്ലറ തിരികെ നല്കേണ്ടതില്ലയെന്ന നിർദേശവും ഉണ്ടായി.

നിയമാവലിയെ സംബന്ധിച്ചുള്ള ചർച്ചകൾക്കുശേഷം പൊതുവായ വിഷയത്തെക്കുറിച്ചുള്ള ചർച്ചയായിരുന്നു. വിവാഹപരസ്യം മനസമ്മതത്തിനുമുമ്പ് നടത്തുവാൻ ബഹു. വികാരിയച്ചന്മാർക്ക് അധികാരമുണ്ടെന്ന സിനഡ് തീരുമാനം ബഹു. വൈദികരെ അറിയിച്ചു. ഇത്തരം അപേക്ഷകൾക്ക് ഒരു അപേക്ഷാ ഫോറം ഉണ്ടാക്കി നല്കുവാൻ നിർദ്ദേശിച്ചു. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുവാൻ ഇന്യൂമറേഷൻ ഫോറം പൂരിപ്പിച്ച് നല്കേണ്ടതിന്റെ പ്രാധാന്യവും ദൈവജനത്തെ അറിയിക്കണമെന്നും അതിനാവശ്യമായ കാര്യങ്ങൾ ഇടവകയിലെ സംഘടനകളുടെ ഭാരവാഹികളുടെ നേതൃത്വത്തിൽ ഇടവകാതലത്തിൽ ചെയ്യണമെന്നും ബഹു. വൈദികർ അഭിപ്രായപ്പെട്ടു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള വിഷയാവതരണം ബഹു. ഫിലിപ്പ് കവിയിൽ നടത്തി. പഞ്ചായത്ത് ഇലക്ഷന് ആളുകളെ ഒരുക്കേണ്ടതിനെക്കുറിച്ചും വോട്ടവകാശം രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ച ഉണ്ടായി. ഈ വർഷം ജൂബിലി ആഘോഷിച്ച ബഹു. വൈദികരെ യോഗം ആദരിച്ചു. പൗരോഹിത്യ ശുശ്രൂഷയിൽ അഞ്ച് പതിറ്റാണ്ടുകൾ പൂർത്തിയാക്കിയ റവ. ഫാ. ജോസഫ് ചാത്തനാട്ട്, റവ. ഫാ. ജോസ് ഇളയാനിത്തോട്ടം, റവ. ഫാ. ജോസഫ് കറുകമാലിൽ, റവ. ഫാ. ജോസ് കക്കട്ടിൽ, റവ. ഫാ. ജോർജ് എളുക്കുന്നേൽ, റവ. ഫാ. ഇമ്മാനുവേൽ പൂവത്തിങ്കൽ, റവ. ഫാ. മാത്യു പയ്യനാട്ട് എന്നിവരെ വൈദികസമ്മേളനം അനുമോദിച്ചു. സിൽവർ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. മാത്യു അരീപ്ലാക്കൽ, റവ. ഫാ. ജെയിംസ് അരീപ്പറമ്പിൽ, റവ. ഫാ. സെബാസ്റ്റ്യൻ ചെരിപുറത്ത്, റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, റവ. ഫാ. സെബാസ്റ്റ്യൻ അമ്പാട്ട്, റവ. ഫാ. ജോസഫ് പുതുശ്ശേരിൽ, റവ. ഫാ. മാത്യു വളവനാൽ, റവ. ഫാ. സേവ്യർ തേലക്കാട്ട്, റവ. ഫാ. മാർട്ടിൻ തട്ടാപറമ്പിൽ, റവ. ഫാ. തോമസ് നൂറാമ്മാക്കൽ എന്നിവരെ യോഗം അനുമോദിച്ചു. ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന പതിന്നാലു ഡീക്കന്മാരെ പരിചയപ്പെടുകയും അവർ തിരുപ്പട്ട ശുശ്രൂഷയിലേക്ക് ബഹു. വൈദികരെ ക്ഷണിക്കുകയും ചെയ്തു.

ജർമ്മനിയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. ജോൺസൺ തോട്ടത്തിലച്ചനെ യോഗം അനുമോദിച്ചു. നൈറ്റിൻഗേൾ മിനിസ്ട്രിയിലൂടെ നഴ്സിംഗ് പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് പഠനത്തിന് സ്കോളർഷിപ്പ് നല്കുന്ന പദ്ധതിക്ക് ബഹു. ജോൺസനച്ചനാണ് നേതൃത്വം നല്കുന്നത്. 142 കുട്ടികൾ ഈ സ്കോളർഷിപ്പ് സ്വീകരിക്കുന്നുണ്ട്. ഇതിനോടകം 250 നഴ്സുമാരെ തികച്ചും സൗജന്യമായി ജർമൻഭാഷ പഠിപ്പിച്ചു ജർമനിയിൽ ജോലിക്കായി എത്തിക്കുവാൻ അച്ചന് കഴിഞ്ഞു.

പുതുതായി തയ്യാറാക്കിയ ഡയറക്ടറിയുടെ പ്രകാശനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. ഡയറക്ടറിയും 2026 ലെ ഡയറിയും വി. മിഖായേൽ

മാലാഖയോടുള്ള പ്രാർത്ഥനയും പോക്കറ്റ് മണിയായി ഒരു സംഖ്യയും സമ്മാനമായി ബഹു. വൈദികർക്ക് നല്കി.

ഉച്ചഭക്ഷണത്തിനുശേഷം പാരീഷ് സോഫ്റ്റ്വെയറിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. വൈസ് ചാൻസിലർ ബഹു. ജോസഫ് റാത്തപ്പള്ളി അച്ചൻ വിഷയാവതരണം നടത്തി. തുടർന്ന് പൊതുവായ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചകൾ തുടർന്നു. ഇടവകയിലെ അജപാലന പ്രവർത്തനങ്ങൾക്ക് തുടർച്ച ഉണ്ടാകേണ്ടതിനെക്കുറിച്ച് ബഹു. വൈദികർ അഭിപ്രായപ്പെട്ടു. സമുദായശക്തികരണം 2026 കൂടതൽ ഊർജ്ജസ്വലമായി നടത്താൻ യോഗം നിർദ്ദേശിച്ചു. ഇതിനായി നേരത്തെ തിരഞ്ഞെടുത്ത കമ്മിറ്റി അംഗങ്ങളെ വിളിച്ചുചേർത്ത് കർമ്മ പദ്ധതികൾ നവമായി രൂപീകരിക്കാൻ നിർദ്ദേശിച്ചു. വിശ്രമജീവിതം നയിക്കുന്ന വൈദികർക്കൊപ്പം ബഹു. വൈദികർക്ക് സമയം ചെലവഴിക്കുവാൻ സാധിക്കുന്ന വിധത്തിലുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായമുണ്ടായി. 2026 വൈദിക മന്ദിരത്തിന്റെ ജൂബിലി വർഷത്തിൽ കഴിയുംവിധം ഇപ്രകാരമുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കാമെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു.

ചെമ്പേരി കരുണാലയത്തിന്റെ ജൂബിലി ആഘോഷത്തിന് ബഹു. വൈദികരെ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ ചെന്നോത്ത് അച്ചൻ ക്ഷണിച്ചു. നവവൈദികർക്ക് അജപാലനമേഖലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പരിശീലിപ്പിക്കുവാൻ 2016 ജനുവരിയിൽ ഒരാഴ്ചത്തെ കോഴ്സ് സംഘടിപ്പിക്കണമെന്ന് അഭിവന്ദ്യ പിതാവ് വൈദിക സമിതിയിലെ ചർച്ചകളുടെ വെളിച്ചത്തിൽ നിർദ്ദേശിച്ചു. 2026 ഒക്ടോബർ 21 ന് ബൈബിൾ കലോത്സവം സംഘടിപ്പിക്കുന്നതായിരിക്കും എന്ന് യോഗത്തെ അറിയിച്ചു.

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ തലശ്ശേരി മൈനർ സെമിനാരി താൽക്കാലികമായി വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജിലേക്ക് 2026 ജൂൺ മുതൽ പ്രവർത്തനം ആരംഭിക്കുന്നതായിരിക്കുമെന്ന് അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. മരിയൻ തീർത്ഥാടനത്തെക്കുറിച്ചുള്ള വിവരങ്ങളും വിയാനി നിധിയെക്കുറിച്ചുള്ള കാര്യങ്ങളും ബഹു. ജോസഫ് മുട്ടത്തുകുന്നേൽ അച്ചൻ യോഗത്തെ അറിയിച്ചു.

വട്ട്യറയിൽ മനോഹരമായ ദൈവാലയം നിർമ്മിച്ച ബഹു. മാർട്ടിൻ പറപ്പള്ളിയാത്ത് അച്ചനെയും ഗുണ്ടൽപ്പെട്ടിൽ സാങ്താ മാതാ നേഴ്സിംഗ് കോളേജിന്റെ നിർമ്മാണങ്ങൾ പൂർത്തിയാക്കിയ ബഹു. തോമസ് തയ്യിൽ അച്ചനെയും ബഹു. ഡെന്നീസ് നെല്ലിത്താനത്ത് അച്ചനെയും എം.ബി.എ പഠനം പൂർത്തിയാക്കിയ ബഹു. ജോസഫ് ചെരിയംകുന്നേൽ അച്ചനെയും യോഗം അനുമോദിച്ചു. മോൺ. സെബാസ്റ്റ്യൻ പാലക്കുഴി ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ദുക്റാനേ ദ്കഹ്നേ പുരോഹിതരുടെ അനുസ്മരണം

തലശ്ശേരി അതിരൂപതാംഗങ്ങളായ, നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട, ബഹു. വൈദികരെ അനുസ്മരിച്ചുകൊണ്ട് 2025 നവംബർ 15 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും നടന്നു. അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് ഉൾപ്പെടെ 83 വൈദികരാണ് തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിൽ നിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നത്. മരിച്ചുപോയ ബഹു. വൈദികരുടെ കുടുംബാംഗങ്ങളെ ഈ അനുസ്മരണത്തിലേക്ക് ക്ഷണിച്ചിരുന്നു. 65 വൈദികരുടെ കുടുംബാംഗങ്ങളിൽ നിന്ന് 227 കുടുംബാംഗങ്ങൾ തലശ്ശേരിയിൽ എത്തിയിരുന്നു.

രാവിലെ 10 മണിക്ക് ദിവ്യകാരുണ്യ ആരാധനയും തുടർന്ന് 10.30 ന് വി. കുർബാനയ്ക്കു പ്രാരംഭമായുള്ള പ്രദക്ഷിണവും ആരംഭിച്ചു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെയും 82 വൈദികരുടെയും ചിത്രങ്ങൾ അൾത്താരയ്ക്കുമുമ്പിൽ ഒരുക്കിയിരുന്നു. തലശ്ശേരി അതിരൂപതയുടെ വളർച്ചക്കുവേണ്ടി ജീവിതം സമർപ്പിച്ച വൈദികരുടെ പ്രതീകമായി 83 മെഴുകുതിരികൾ അവരുടെ ചിത്രങ്ങൾക്കുമുന്നിൽ സ്ഥാപിച്ചിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മലബാറിന്റെ മോസ്സസ് എന്നറിയപ്പെടുന്ന അഭിവന്ദ്യ മാർ വള്ളോപ്പിള്ളി പിതാവിനെ അനുസ്മരിച്ചുകൊണ്ട് ആദ്യത്തെ തിരി തെളിച്ചു. മൈനർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികൾ തങ്ങളുടെ ജ്യേഷ്ഠ സഹോദരങ്ങളെ അനുസ്മരിച്ചുകൊണ്ട് മറ്റ് തിരികൾ തെളിച്ചു. നിത്യസമ്മാനത്തിനു വിളിക്കപ്പെട്ട 83 വൈദികരുടെയും പേരുകൾ വായിച്ചുകൊണ്ട് അൾത്താരയിൽ അവരെ അനുസ്മരിച്ചു. മോൺ. ആന്റണി മുതുകുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യകാർമികത്വം വഹിച്ച ദിവ്യബലിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും അതിരൂപതാകേന്ദ്രത്തിലെ ബഹു. വൈദികരും മരിച്ചുപോയ ബഹു. വൈദികരുടെ കുടുംബാംഗങ്ങളായ ബഹു. വൈദികരും സഹകാർമ്മികരായി. വി. കുർബാന മധ്യേയുള്ള വചനസന്ദേശത്തിൽ തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച ബഹു. വൈദികരെ അനുസ്മരിച്ചു

കൊണ്ട് അഭിവന്ദ്യ പിതാവ് ഹൃദയസ്പർശിയായ സന്ദേശം നല്കി. ബഹു. വൈദികരുടെ കഠിനാധ്വാനവും ആത്മാർപ്പണവും ഇല്ലായിരുന്നെങ്കിൽ നമ്മൾ ഇന്ന് ഇങ്ങനെ ആകുമായിരുന്നില്ലായെന്ന് പിതാവ് വചനസന്ദേശത്തിൽ പറഞ്ഞു. ബഹു. വൈദികരുടെ കുടുംബാംഗങ്ങളോടുള്ള തലശ്ശേരി അതിരൂപതയുടെ നന്ദിയും കടപ്പാടും പിതാവ് അറിയിച്ചു.

വി. കുർബാനയ്ക്കുശേഷം സാൻജോസ് സ്കൂളിന്റെ ഓഡിറ്റോറിയത്തിൽ എല്ലാവരും ഒരുമിച്ച് ചേർന്നു. ബഹു. വൈദികരുടെ കുടുംബങ്ങളിൽ നിന്ന് വന്നവർ അഭിവന്ദ്യ പിതാവിൽനിന്ന് മെമെന്റോ സ്വീകരിക്കുകയും പരിചയപ്പെടുകയും ചെയ്തു. ബഹു. വൈദികരുടെ കുടുംബാംഗങ്ങൾ വളരെ സന്തോഷത്തോടെയാണ് തങ്ങളുടെ പ്രിയപ്പെട്ട അച്ചനെ അനുസ്മരിക്കാനെത്തിയത്. ബഹു. ഫിലിപ്പ് കവിയിലച്ചനും ബഹു. തോമസ് മേൽവെട്ടത്ത് അച്ചനും ബഹു. അഗസ്റ്റിൻ നിലയ്ക്കപ്പള്ളിൽ അച്ചനും യോഗത്തിൽ സംസാരിച്ചു. വൈസ് ചാൻസലർ ബഹു. ജോസഫ് റാത്തപ്പിള്ളിൽ അച്ചൻ ഏവർക്കും നന്ദി അറിയിച്ചു. തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിൽ ആദ്യമായി നടത്തിയ ഈ കൂട്ടായ്മ വളരെ മനോഹരമായ അനുഭവമായിരുന്നു. പ്രിയപ്പെട്ട അച്ചന്മാരുടെ കുടുംബാംഗങ്ങളെ അതിരൂപതാ കേന്ദ്രത്തിൽ വിളിച്ചുചേർക്കുവാൻ കഴിഞ്ഞു. പാലായിൽനിന്നും കോതമംഗലത്തുനിന്നും, തൃശൂരിൽനിന്നും ചങ്ങനാശ്ശേരിയിൽ നിന്നുമൊക്കെയുള്ള കുടുംബാംഗങ്ങൾ എത്തിയിരുന്നു. വർഷങ്ങൾക്കുശേഷമാണ് പലരും തലശ്ശേരിയിൽ എത്തുന്നത്. തങ്ങളുടെ കുടുംബാംഗമായ പ്രിയപ്പെട്ട വൈദികരെ അതിരൂപത അനുസ്മരിച്ചത് കുടുംബാംഗങ്ങൾക്കുള്ള അംഗീകാരമായി മാറി. ഇത്തരം കൂടിവരവുകൾ ഇനിയും സംഘടിപ്പിക്കാമെന്ന് അഭിവന്ദ്യ പിതാവ് കുടുംബാംഗങ്ങളെ അറിയിച്ചു. മൈനർ സെമിനാരിയിലെ ബഹു. വൈദികരും ബ്രദേഴ്സും അതിരൂപതാ കേന്ദ്രത്തിലെ ബഹു. വൈദികരും ആദ്യമായി നമ്മൾ സംഘടിപ്പിച്ച ഈ അനുസ്മരണയോഗം മനോഹരമാക്കാൻ കഠിനാധ്വാനം ചെയ്തു. ഉച്ചഭക്ഷണത്തോടെയാണ് യോഗം സമാപിച്ചത്.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വൈദികക്ഷേമം

## A. ഇൻഷുറൻസ്

1 2025 ജൂൺ 28 ന് കൂടിയ വൈദിക സംഗമത്തിൽ 2026 മുതൽ വൈദികർക്ക് പൊതുവായ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി തുടരേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നുവല്ലോ. വ്യക്തിപരമായി മെഡിക്കൽ ഇൻഷുറൻസ് തുടരാൻ ആഗ്രഹിക്കുന്നവർക്ക് തുടരാവുന്നതാണ്.

2 വ്യക്തിപരമായി മെഡിക്കൽ ഇൻഷുറൻസ് തുടരാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി പോളിസി നമ്പർ, പ്രീമിയം തുക, തീയതി എന്നിവ പ്രെസ്ബിറ്റേറിയം വാട്സാപ്പ് ഗ്രൂപ്പിൽ നൽകുന്നതാണ്.

3 2026 ഫെബ്രുവരി മാസം നിലവിലെ ഇൻഷുറൻസ് കാലാവധി അവസാനിക്കുന്നതിനാൽ അതിന് മുൻപ് താല്പര്യം ഉള്ളവർ പോളിസി പുതുക്കേണ്ടതാണ്.

4. പോളിസി പുതുക്കാൻ ആഗ്രഹിക്കുന്നവർ (മി. ആഗസ്തി മൂലയിൽ) ഏജന്റുമായി ബന്ധപ്പെടുക (Mob: 9447399613).

5. വ്യക്തിപരമായി പോളിസി എടുക്കുന്നവരും P.P.F വിഹിതം അടക്കേണ്ടതാണ്.

## B . നിലവിലെ ഇൻഷുറൻസ് പദ്ധതികൾ

1. നവവൈദികർ മുതൽ 68 വയസ്സുവരെ സ്റ്റാർ ഹെൽത്ത് വ്യക്തിഗത പോളിസി, 247 പേർക്ക്.
2. 69 മുതൽ 79 വയസ്സുവരെ സ്റ്റാർ ഹെൽത്ത് ഗ്രൂപ്പ് പോളിസി 34 പേർക്ക്.
3. കൂടാതെ 70 വയസ്സിനു മുകളിലുള്ളവർക്ക് ആയുഷ് മാൻ ഭാരത് പോളിസി, 35 പേർക്ക്.
4. എല്ലാവർക്കും 5 ലക്ഷം രൂപയുടെ പോളിസികളാണ് നിലവിലുള്ളത്.

## C . ചികിത്സാ ചിലവുകൾ

1. ചികിത്സാ ചിലവുകൾ, സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അതിരൂപത നൽകുന്നതാണ്.
2. ബില്ലുകൾ സമർപ്പിക്കുമ്പോൾ അതത് വർഷംതന്നെ ബില്ലുകൾ വൈദികക്ഷേമ ഓഫീസിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കണം.
3. ബിൽ തീയതി, ബിൽ നമ്പർ, തുക എന്നിവ കൃത്യമായി ഒരു വെള്ള പേപ്പറിൽ എഴുതി ബില്ലുകൾക്കൊപ്പം പിൻചെയ്ത് ഓഫീസിൽ ഏൽപ്പിക്കണം.
4. എല്ലാ പണമിടപാടുകളും ബാങ്ക് അക്കൗണ്ടുകൾ വഴി മാത്രം നടത്തുന്നതിനാൽ നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളും കൃത്യമായി ഓഫീസിൽ നൽകണം.

5. കാലതാമസമില്ലാതെ ചികിത്സാ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.
6. അലോപ്പതി ചികിത്സയുമായി ബന്ധപ്പെട്ട ചികിത്സാ ചിലവുകളാണ് പ്രധാനമായും രൂപത വഹിക്കുന്നത്.

## D . P.P.F

1. P.P.F-ലേക്കുള്ള ഇടവകവിഹിതം 47 ഇടവകകളിൽനിന്നും വ്യക്തിവിഹിതം 98 വൈദികരിൽ നിന്നും ഇനിയും ലഭിക്കാനുണ്ട്. 2025 ഡിസംബർ 31 ന് മുൻപ് പ്രസ്തുത തുകകൾ അടയ്ക്കുമല്ലോ.
2. തുകകൾ അടയ്ക്കേണ്ടത്:

   P.P.F Association Archdiocese of Thalassery

   A/C No : 0078053000072392

   IFSC : SIBL0000078

   South Indian Bank, Thlassery

4. തുക ബാങ്കിൽ നിക്ഷേപിച്ചതിന്റെ തെളിവായി Screenshot ഉം ഇടവകയുടെ/ വ്യക്തികളുടെ പേരും P.P.F ന്റെ ഫോൺ നമ്പറിലേക്ക് അയക്കേണ്ടതാണ് (Mob: 8330870228).

**E. റീജിയണൽ വൈദികസമ്മേളനങ്ങൾ, ഉല്ലാസയാത്ര**

| | **ഫൊറോനകൾ** | **തീയതി** | **കോ-ഓഡിനേറ്റർ** | **സ്ഥലം** |
|---|---|---|---|---|
| ഇരിട്ടി റീജിയൺ | പേരാവൂർ, മണിക്കടവ്<br>എടൂർ, കുന്നോത്ത്<br>നെല്ലിക്കാംപൊയിൽ | 2026<br>ജനുവരി 20<br>ചൊവ്വ | ഫാ. മാത്യു<br>തെക്കേമുറി | തളിപ്പറമ്പ് |
| ചെമ്പേരി റീജിയൺ | ചെമ്പേരി, പൈസക്കരി<br>ചെമ്പന്തൊട്ടി<br>തളിപ്പറമ്പ് | 2026<br>ജനുവരി 27<br>ചൊവ്വ | ഫാ. നോബിൾ<br>ഓണംകുളം | തളിപ്പറമ്പ് |
| ചെറുപുഴ റീജിയൺ | ചെറുപുഴ, മേരിഗിരി<br>ആലക്കോട്,<br>വായാട്ടുപറമ്പ് | 2026<br>ഫെബ്രു. 03<br>ചൊവ്വ | ഫാ. ഫിലിപ്പ്<br>ഇരുപ്പക്കാട്ട് | തളിപ്പറമ്പ് |
| കാസർഗോഡ് റീജിയൺ | തോമാപുരം, മാലോം<br>വെള്ളരിക്കുണ്ട്, പനത്തടി<br>കാഞ്ഞങ്ങാട്, കാസർഗോഡ് | 2026<br>ഫെബ്രു. 11<br>ബുധൻ | ഫാ. മാണി<br>മേൽവെട്ടം | നീലേശ്വരം |

നിർദ്ദിഷ്ട ദിവസം പങ്കെടുക്കാൻ സാധിക്കാത്തവർ ഏതെങ്കിലും ഒരു ദിവസം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു" (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ – തിരുപ്പിറവിയുടെ ഓർമകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്തുമസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങുന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

## 1. വിശ്വാസപരിശീലകർക്കുള്ള ധ്യാനം

വിശ്വാസപരിശീലകർക്കുള്ള ദ്വിദിന ധ്യാനം **"GRATIA DEI"** എന്ന പേരിൽ നവംബർ, ഡിസംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ നടത്തിവരികയാണ്. ശനിയാഴ്ച വൈകുന്നേരം 4 മണി മുതൽ 8 മണി വരെയും, ഞായറാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെയും ആയിരിക്കും ധ്യാനം. അധ്യാപകർക്ക് ശനിയാഴ്ച ധ്യാനത്തിനുശേഷം വീട്ടിൽ പോയി ഞായറാഴ്ച രാവിലെ മടങ്ങിവരാവുന്നതാണ്. ആ ഞായറാഴ്ച ഓരോ ഇടവകയിലെയും സൺഡേസ്കൂൾ കുട്ടികൾക്ക് അതാത് ഇടവകയിലെ വികാരിയച്ചന്മാർ/ മറ്റാരെങ്കിലും പൊതുവായി ക്ലാസ് എടുത്തു നൽകേണ്ടതാണ്. ഓരോ ഫൊറോനയിലും ധ്യാനിപ്പിക്കാൻ അച്ചൻമാരുടെ നേതൃത്വത്തിലുള്ള ധ്യാന ടീം ഉണ്ടായിരിക്കും. മറ്റു തടസ്സങ്ങൾ ഇല്ലെങ്കിൽ ധ്യാനം പള്ളിയിൽ തന്നെ നടത്തുന്നത് ഉചിതമായിരുന്നു. അടുത്തടുത്തുള്ള മൂന്ന് ഫൊറോനകളിലായി ആയിരിക്കും ഒരു ആഴ്ച ഒരേസമയം ധ്യാനം നടക്കുന്നത്. ഇതിനായി മൂന്ന് ധ്യാനടീമുകൾ ഉണ്ടായിരിക്കും. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് സാധിക്കുന്നിടത്തോളം ധ്യാനസ്ഥലങ്ങൾ സന്ദർശിക്കും. ധ്യാനത്തിന് ആവശ്യമായ മറ്റു ക്രമീകരണങ്ങൾ ഫൊറോനാകമ്മിറ്റി ഒരുക്കേണ്ടതാണ്. എല്ലാ ഇടവകകളിലെയും വിശ്വാസപരിശീലകർ ഈ ധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്.

നവംബർ മാസത്തിൽ പേരാവൂർ, എടൂർ, കുന്നോത്ത്, തളിപ്പറമ്പ്, നെല്ലിക്കാംപൊയിൽ + മണിക്കടവ്, പൈസക്കരി, ചെമ്പന്തൊട്ടി, ചെമ്പേരി, വായാട്ടുപറമ്പ്, കാഞ്ഞങ്ങാട്+കാസർഗോഡ്, തോമാപുരം, ആലക്കോട്, മേരിഗിരി, ചെറുപുഴ എന്നീ ഫൊറോനകളിൽ ധ്യാനങ്ങൾ നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ആന്റണി കിടാരത്തിൽ, ഫാ. മാത്യു മുക്കുഴി, ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ, ഫാ. മെൽബിൻ തെങ്ങുംപള്ളിൽ, ഫാ. ജെയ്സൺ കോലക്കുന്നേൽ, ഫാ. ജെൻസൺ ലാസലെറ്റ് എന്നീ ധ്യാനഗുരുക്കന്മാരാണ് ധ്യാനങ്ങൾ നയിച്ചത്.

**ഡിസംബർ മാസത്തിലെ ധ്യാനങ്ങൾ**

| | |
|---|---|
| ഡിസംബർ 13, 14 | പുന്നക്കുന്ന് (വെള്ളരിക്കുണ്ട് + മാലോം ഫൊറോനകൾ) |
| ഡിസംബർ 14 | പനത്തടി (പനത്തടി ഫൊറോന) |

**2. ക്രിസ്മസ് പരീക്ഷ ഡിസംബർ 07**

ക്രിസ്തുമസ് പരീക്ഷ ഡിസംബർ 07 ഞായറാഴ്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്തുമസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ്ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 3. ഡിപ്ലോമ പരീക്ഷ (ക്ലാസ് XII)

പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷ 2026 ജനുവരി 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 4. XII–ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

മുൻവർഷങ്ങളിൽ നടത്തിയ XII –ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2026 ജനുവരി 26–ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. 2024–2025 വർഷത്തെ പാഠപുസ്തകമാണ് (Old Text) സേ പരീക്ഷാർഥികൾ പഠിക്കേണ്ടത്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഡിസംബർ 15–നുള്ളിൽ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

### 5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഡിസംബർ 15–നുള്ളിൽ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

### 6. കാറ്റക്കിസം ക്ലാസ്സ് സമയം

ബഹു. വൈദികരുടെ ധ്യാനാവസരത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് അറിയിച്ചതിൻപ്രകാരം എല്ലാ ഇടവകകളിലും കുട്ടികളുടെ ഞായറാഴ്ച കുർബാനക്കുശേഷം വിശ്വാസപരിശീലനം 1½ മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. 45 മിനുട്ടുകൾ വീതമുള്ള രണ്ട് പിരീയഡുകളും 10 മിനുട്ട് ഇടവേളയും ലഭിക്കത്തക്കവിധം സമയം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്ക് പാഠങ്ങൾ പഠിപ്പിക്കാനാവശ്യമായ സമയം ലഭിക്കുന്നുണ്ടെന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും ഉറപ്പുവരുത്തേണ്ടതാണ്. വേദപാഠ ക്ലാസ്സുകളുടെ സമയം അപഹരിച്ചുകൊണ്ട് മറ്റുപ്രോഗാമുകൾ നടത്താൻ പാടില്ല.

### 7. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2025–2026 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ

ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതുമാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തലത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഡിസംബർ, ജനുവരി മാസങ്ങളിലെ അതിരൂപതാ വിസിറ്റ്**

**ഡിസംബർ 07:** വിളമന. **ഡിസംബർ 14:** വട്ടിയറ, പെരുമ്പുന്ന, മേൽമുരിങ്ങോടി, പെരിങ്കരി, മാലോം, കാസർഗോഡ്, കുറ്റിക്കോൽ, നെല്ലിക്കുറ്റി, എടക്കോം, പാലാവയൽ. **ഡിസംബർ 21:** അതിരുമാവ്, പാണത്തൂർ, അരീക്കമല, തയ്യേനി. **ഡിസംബർ 24:** ചീക്കാട്. **ഡിസംബർ 28:** ചെമ്പന്തൊട്ടി, രത്നഗിരി, തോമാപുരം. **ജനുവരി 04:** ഹൊസങ്കടി, നടുവിൽ, പെരുമ്പടവ്, വരക്കാട്. **ജനുവരി 11:** മേരിഗിരി. **ജനുവരി 18:** പൊടിക്കളം.

## 8. ആസ്പെക്ട് 2025–2026

2025–2026 സമുദായശക്തീകരണ വർഷത്തോടനുബന്ധിച്ച് റവ. ഡോ. ജോസഫ് കാക്കരമറ്റം രചിച്ച്, തലശ്ശേരി കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് പബ്ലിഷ് ചെയ്യുന്ന 'കേരള സുറിയാനി ക്രിസ്ത്യാനികളും സാമൂഹ്യ നവോത്ഥാനവും' എന്ന പുസ്തകമാണ് ഈ വർഷം ആസ്പെക്ട് പരീക്ഷക്കായി അധ്യാപകർ പഠിക്കേണ്ടത്. നമ്മുടെ സഭയുടെ ചരിത്രവും, വളർച്ചയും, നാടിനു നൽകിയ സംഭാവനയുമൊക്കെ വിവരിക്കുന്ന ഈ അമൂല്യഗ്രന്ഥം നവംബർ മാസത്തിൽ പ്രസിദ്ധീകരിച്ച് എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നതാണ്.

## 9. സോൾട്ട് 2025

സൺഡേസ്കൂളിൽ 12–ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് '**സോൾട്ട് 2025**' പത്തൊൻപത് ഫൊറോനകളിലും നടത്തപ്പെട്ടു. 3100 കുട്ടികളും അധ്യാപകരും ക്ലാസ്സുകളിൽ പങ്കുചേർന്നു. വ്യത്യസ്ത വിഷയങ്ങളിൽ ക്ലാസ്സെടുത്ത വൈദികർക്കും അധ്യാപകർക്കും നന്ദി. ഓരോ ഫൊറോനയിലും സോൾട്ട് 2025 നുള്ള ക്രമീകരണങ്ങൾ നടത്തിയ ഡയറക്ടറച്ചൻമാർ ഫൊറോന പ്രസിഡണ്ടുമാർ സെക്രട്ടറിമാർ, ഹെഡ്മാസ്റ്റർമാർ, അധ്യാപകർ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

സോൾട്ട് 2025 നെല്ലിക്കാംപൊയിൽ ഫൊറോനയിൽ സമാപിച്ചു. ഫാ. ആന്റണി കിടാരത്തിൽ, ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, ശ്രീ. ജോബി മൂലയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കുട്ടികളുടെ ആകർഷകമായ കലാപരിപാടികൾക്കുശേഷം സമാപന സമ്മേളനം ബഹു. ജോസഫ്

കാവനാടി അച്ചന്റെ അധ്യക്ഷതയിൽ ചേർന്നു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിനുശേഷം ഫാ. ജിതിൻ വയലുങ്കലിന്റെ ഗാനമേളയും നടന്നു.

**10. വിശ്വാസോത്സവം 2026**

ഈ അധ്യയനവർഷത്തെ വിശ്വാസോത്സവത്തിനാവശ്യമായ വർക്കുബുക്കുകളുടെ ഓർഡർഫോം ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം നൽകുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 30-നകം ഓഫീസിൽ എത്തിക്കുമല്ലോ.

## 11. Mission Quest 2025

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തിയ മിഷൻ ക്വിസ് മത്സരത്തിൽ (**Mission Quest**) അതിരൂപതയിൽ നിന്നും ധാരാളം പേർ പങ്കെടുത്തു. സമ്മാനർഹരായവരുടെ പേരുകൾ താഴെ നൽകുന്നു.

**അതിരൂപതാതല വിജയികൾ**

| **കുട്ടികളുടെ വിഭാഗം** | | |
|---|---|---|
| **പേര് വീട്ടുപേര്** | **ഇടവക** | **റാങ്ക്** |
| ബിയ മരിയ ബോബി ഇല്ലിമൂട്ടിൽ | ചെട്ടിയാംപറമ്പ് | ഒന്നാം റാങ്ക് |
| ബെനിറ്റോ മാത്യു ബോബി ഇല്ലിമൂട്ടിൽ | ചെട്ടിയാംപറമ്പ് | രണ്ടാം റാങ്ക് |
| അൽഫോൻസ മരിയ സാജു കൊച്ചുകാലായിൽ | ശ്രീകണ്ഠാപുരം | മൂന്നാം റാങ്ക് |
| **സീനിയർ വിഭാഗം** | | |
| **പേര് വീട്ടുപേര്** | **ഇടവക** | **റാങ്ക്** |
| സി. വിക്ടോറിയ ചിറമ്മേൽ എസ്എബിഎസ് | കാസർഗോഡ് | ഒന്നാം റാങ്ക് |
| ഫ്രാൻസിസ് പുതുപ്പറമ്പിൽ | മണിക്കടവ് | രണ്ടാം റാങ്ക് |
| എൽസി ആക്കപ്പള്ളിൽ | മാവുംചാൽ | മൂന്നാം റാങ്ക് |

**12. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ പേരാവൂർ, നെടുംപുറംചാൽ, എടൂർ, നെടുമുണ്ട, കുന്നോത്ത്, പേരട്ട, തളിപ്പറമ്പ്, നെല്ലിക്കാംപൊയിൽ, പൈസക്കരി, ചെമ്പന്തൊട്ടി, ചെമ്പേരി, പൊൻമല, വായാട്ടുപറമ്പ്, കാഞ്ഞങ്ങാട്, പടന്നക്കാട്, തോമാപുരം, ചട്ടമല, ആലക്കോട്, കാർത്തികപുരം, മേരിഗിരി, പെരുമ്പടവ്, ചെറുപുഴ എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ പാടിയോട്ടുചാൽ സൺഡേ സ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ലോഗോസ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും**

ലോഗോസ് ക്വിസ് 2025 വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും താമസിയാതെ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

**ബൈബിൾ പാരായണമാസം**

വചനം മാംസംധരിച്ചതിന്റെ 2025 ലെ ജൂബിലിയുടെ നിറവിലാണ് ആഗോളസഭ. വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി ഈ ജൂബിലി വർഷത്തിൽ വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. ഡിസംബർ മാസം ബൈബിൾ പാരായണമാസമായും ഡിസംബർ 21-ാം തീയതി ബൈബിൾ ഞായറായും കേരളസഭ ആചരിക്കുകയാണ്. വിശുദ്ധഗ്രന്ഥത്തോടു കൂടുതൽ അടുപ്പവും ആഭിമുഖ്യവും ഊട്ടിയുറപ്പിക്കുന്നതിനു കെ.സി.ബി.സി.യുടെ ആഹ്വാനപ്രകാരം ഡിസംബർ മാസമാണു ബൈബിൾ പാരായണമാസമായി കേരളസഭയിൽ ആചരിക്കുന്നത്. വചനം മാംസമായി അവതരിച്ച തിരുപ്പിറവിയെ അനുസ്മരിക്കുന്ന ഡിസംബറിൽ അക്ഷരം ധരിച്ച വചനത്തെ ആഴത്തിൽ വായിച്ചൊരുങ്ങാൻ അവസരമൊരുക്കുകയാണു ബൈബിൾ പാരായണമാസാചരണത്തിന്റെ പ്രധാന ലക്ഷ്യം. വ്യക്തികൾ ബൈബിൾ പാരായണത്തിനു ദിവസവും നിശ്ചിതസമയം മാറ്റിവയ്ക്കുന്നതിനു പുറമേ, കുടുംബങ്ങൾ, കുടുംബയൂണിറ്റുകൾ, ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ഡിസംബറിൽ പ്രത്യേക വചനപാരായണം നടക്കും. പൊതുസമൂഹത്തിൽ തന്നെയും ബൈബിൾ പാരായണ താത്പര്യം ഉളവാക്കുന്ന വിധത്തിലായിരിക്കണം ബൈബിൾ പാരായണം രൂപതാതലത്തിലും, ഇടവകതലത്തിലും, കുടുംബക്കൂട്ടായ്മവഴിയും, കുടുംബങ്ങളിലും ക്രമപ്പെടുത്തേണ്ടത്. ദിവസവും 1/2 മണിക്കൂർ ബൈബിൾ വായനയ്ക്കായി നാം മാറ്റിവച്ചാൽ ഒരുമാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാവുന്നതാണ്.

ഡിസംബർ 21-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും ശുശ്രൂഷകൾക്കു വേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. വ്യക്തികളോടും കുടുംബങ്ങളോടും കുടുംബക്കൂട്ടായ്മകളോടും ഇടവകകളോടും ഈ മാസാചരണം സമുചിതമായി നടത്താൻ സസ്നേഹം ആഹ്വാനം ചെയ്യുമല്ലോ.

**അനുശോചനങ്ങൾ**

തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ പ്രഥമ ഡയറക്ടറും അജപാലകൻ എഡിറ്റോറിയൽ ബോർഡ് അംഗവുമായിരുന്ന റവ. ഫാ. മൈക്കിൾ കാരിമറ്റത്തിന്റെ നിര്യാണത്തിൽ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ അനുശോചനങ്ങൾ രേഖപ്പെടുത്തുന്നു. തലശ്ശേരി അതിരൂപതയിലെ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വളർച്ചയ്ക്കു അച്ചന്റെ നിരവധിയായ പ്രവർത്തനങ്ങളും ക്ലാസ്സുകളും വചന വ്യാഖ്യാനഗ്രന്ഥങ്ങളും സഹായകമായിരുന്നുവെന്നത് നന്ദിയോടെ അനുസ്മരിക്കുന്നു.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

നമ്മുടെ മനസ്സുകളിൽ സ്നേഹത്തിന്റെയും പ്രത്യാശയുടെയും തിരിനാളം കൊളുത്തുന്ന ദൈവസുതന്റെ ജന്മദിനത്തിനായി നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. കൊച്ചു കൊച്ചു സുകൃതങ്ങൾക്കൊണ്ട് നമ്മുടെ ഹൃദയത്തിൽ പുൽക്കൂടുണ്ടാക്കി ഉണ്ണീശോയെ സ്വീകരിക്കാൻ നമുക്കൊരുങ്ങാം... കുഞ്ഞുമിഷനറിമാർക്കെല്ലാവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ...

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുപ്പിറവി
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഫ്രാൻസീസ് സേവ്യർ
പ്രാർത്ഥനാനിയോഗം : ഈ വർഷം തിരുപ്പട്ടവും സന്യാസവും സ്വീകരിക്കുന്നവർക്കുവേണ്ടി
സുകൃതജപം : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് നിറയണമേ.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം.
എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.
സുകൃത മഞ്ജരി കാർഡ് നൽകുന്നു.

3 ബുധൻ : വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ,
അസാധാരണ സമ്മേളനം. പൊതുദിവ്യകാരുണ്യ സ്വീകരണം.
മാർ ജോസഫ് പാംപ്ലാനി പാതാവിന്റെ ജന്മദിനം

8 തിങ്കൾ : അമലോത്ഭവമാതാവിന്റെ തിരുനാൾ

21 ഞായർ : ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക.
ബൈബിൾ ഞായർ

25 വ്യാഴം : പിറവിത്തിരുനാൾ

31 ചൊവ്വ : വർഷാവസാനം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, ക്രിസ്കാർഡ് മത്സരം മേഖലാതലങ്ങളിൽ, അൾത്താരബാലൻമാരുടെ സെമിനാർ, കരോൾഗാന മത്സരം, അഗതിമന്ദിര സന്ദർശനം, എം.ടി.സി. ക്ലാസ്സുകൾ.

**3. ക്രിസ്കാർഡ് നിർമ്മാണ മത്സരം**

ക്രിസ്മസ് ആഘോഷഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം മേഖലതലത്തിൽ നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഡിസംബർ 21-ാം തീയതി മേഖലതലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്നകാര്യം ഓർമ്മിപ്പിക്കുന്നു. സ്ഥലവും സമയവും പിന്നീട് മേഖലകൾ അറിയിക്കുന്നതായിരിക്കും. (കൂടുതൽ വിവരങ്ങൾക്ക് നവംബർ മാസം ഗിരിദീപം പേജ് 47, മാർഗ്ഗരേഖ പേജ് 58 എന്നിവ കാണുക).

**4. അതിരൂപതാ ഇലക്ഷൻ - മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2025-2028 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള അതിരൂപതാ ഇലക്ഷൻ മാനേജിംഗ് കമ്മിറ്റി 2025 ഡിസംബർ 13 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതായിരിക്കും. മേഖലാ ഡയറക്ടേഴ്സ്, മേഖലാ വൈസ് ഡയറക്ടേഴ്സ്, മറ്റ് മേഖലാ ഭാരവാഹികൾ എല്ലാവരും മാനേജിംഗ് കമ്മിറ്റിയിലും ഇലക്ഷനിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**5. കൈയ്യെഴുത്ത് മാസിക**

മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26-ാം തീയതി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57, നവംബർ മാസം ഗിരിദീപം പേജ് 46 എന്നിവ കാണുക.)

**6. ഗ്ലോറിയ നൈറ്റ് - അതിരൂപതാതല ക്രിസ്തുമസ് ആഘോഷം**

അതിരൂപതാതല ക്രിസ്തുമസ് ആഘോഷം വായാട്ടുപറമ്പ് - ആലക്കോട് മേഖലകളുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് ഡിസംബർ 23 ന് നടത്തുന്നതായിരിക്കും.

**7. നക്ഷത്ര ദൂത്**

19 മേഖലകളുടെയും സഹകരണത്തോടെ അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടികളുടെ ക്രിസ്മസ് വചനസന്ദേശം ഡിസംബർ ഒന്നുമുതൽ അയക്കുന്നതായിരിക്കും.

**8. പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ടത്തിന് പേര് രജിസ്റ്റർ ചെയ്തവർ പ്രവർത്തന ഘട്ട

ആരംഭം മുതലുള്ള ഫോട്ടോകൾ cmltly01@gmail.com എന്ന ഈ-മെയിൽ അഡ്രസിലേക്ക് നിർബന്ധമായും അയക്കേണ്ടതാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**9. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീശോയെ വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം** എന്ന പേരിൽ സുകൃതമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ്ഡയറക്ടേഴ്സ് ഓരോ ദിവസത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**10. വചനമരം**

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠിക്കാൻ ശ്രദ്ധിക്കുമല്ലോ. പഠിച്ചവചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ് അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ വീടിനുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദമായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളിമുറ്റത്തും വചനമരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരിക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

**11. ഉണ്ണീശോയ്ക്കൊരു കട്ടിൽ : പഞ്ചാബ് മിഷനിലേക്ക്**

എല്ലാ വർഷവും ക്രിസ്തുമസ്സിനോടനുബന്ധിച്ച് മിഷൻപ്രദേശത്തേയ്ക്ക് എല്ലാ ശാഖകളുടെയും സഹകരണത്തോടെ നാം തുക ശേഖരിച്ച് നൽകാറുണ്ടല്ലോ. ഈ വർഷം നാം സമാഹരിക്കുന്ന തുക തലശ്ശേരി അതിരൂപതയുടെ മിഷൻപ്രദേശമായ പഞ്ചാബ് മിഷനാണ് നൽകുന്നത്. 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. അവിടെയുള്ളവർക്ക് കിടക്കുവാനുള്ള കട്ടിലുകളും അനുബന്ധസൗകര്യങ്ങളും ഒരുക്കുവാനാണ് ഇപ്രാവശ്യത്തെ തുക ഉപയോഗപ്പെടുത്തുക. ഇവരെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. ഒരു കട്ടിലിന് **5000** രൂപയാണ്. ഒന്നോ അതിൽ കൂടുതൽ കട്ടിലുകൾക്കുള്ള തുകയോ, ഒരു കട്ടിലിനുള്ള ഭാഗികതുകകളോ നൽകണമെന്ന് ഏവരേയും ഓർമ്മിപ്പിക്കുന്നു.

നമ്മുടെ മിഷനായ പഞ്ചാബ് മിഷനെ സഹായിക്കാൻ നമുക്ക് പൂർണ്ണ മന സ്സോടെ സഹകരിക്കാം... പഞ്ചാബ് മിഷനുവേണ്ടി പ്രാർത്ഥിക്കാം.

**12. വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്**

മിഷൻലീഗ് – തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26–ാം തീയതി ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് – തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാ വരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

**13. അഭിവന്ദ്യപിതാക്കൻമാർക്ക് ആശംസകൾ നേരാം**

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്ക ന്മാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻ ഗ്രാമങ്ങൾക്കും ക്രിസ്തുമസ് – പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മി പ്പിക്കുമല്ലോ.

**14. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം കാഞ്ഞങ്ങാട് (ഡിസം ബർ–14), കാസർഗോഡ് (ഡിസംബർ 21) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യു വാൻ ശ്രദ്ധിക്കുമല്ലോ.

**15. വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ഈ വർഷത്തെ മിഷൻ പിരിവിന്റെ 2% ദയവായി ഓഫീസിൽ എത്തി ക്കുവാൻ ബഹുമാനപ്പെട്ട വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂടാതെ 2025–2026 വർഷത്തെ വാർഷിക വിഹിതം, (500 രൂപ) അംഗത്വ ഫീസ് (ഒരു കുട്ടിക്ക് 5 രൂപ വീതം) എന്നിവ ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**16. ബൈബിൾ ഞായർ**

ഡിസംബർ 21–ാം തീയതി ബൈബിൾ ഞായറിനോടനുബന്ധിച്ച് എല്ലാ ശാഖകളിലും ബൈബിൾ ദിനാചരണം നടത്തുമല്ലോ. അന്നേദിവസം ബൈബിൾ പ്രതിഷ്ഠ, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തുമല്ലോ.

**17. മേഖലാ സന്ദർശനം**

ജനുവരി മാസത്തിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം

നടത്തുന്നതായിരിക്കും എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**18. മേഖലാ കൗൺസിൽ വാർഷികം**

- 02.11.2025 ന് മണിക്കടവ് മേഖലാ കൗൺസിൽ വാർഷികം നടത്തി.
- 15.11.2025 ന് കാഞ്ഞങ്ങാട് മേഖലാ കൗൺസിൽ വാർഷികം നടത്തി.

**19. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

സംസ്ഥാന സമിതി നൽകുന്ന 2024- 2025 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിന് ഗോൾഡൻ സ്റ്റാറായി തലശ്ശേരി അതിരൂപതയും, മേഖലാ തലത്തിൽ ഗോൾഡൻ സ്റ്റാറായി മണിക്കടവ്, നെല്ലിക്കാംപൊയിൽ മേഖലകളും, ശാഖാതലത്തിൽ ഗോൾഡൻ സ്റ്റാറായി മണിക്കടവ്, കരുവഞ്ചാൽ, അട്ടക്കണ്ടം എന്നീ ശാഖകളും അർഹരായി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ്ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**20. സംസ്ഥാന കലോത്സവം**

കോട്ടയം കിടങ്ങൂരിൽ വച്ച് നടന്ന സംസ്ഥാന കലോത്സവത്തിൽ അതിരൂപതയിൽനിന്ന് മത്സരാർത്ഥികൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു. എല്ലാ മത്സരാർത്ഥികളെയും അവരെ പരിശീലിപ്പിച്ചവരെയും മേഖലാ-ശാഖാ ഭാരവാഹികളെയും മേഖലാ ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**സംസ്ഥാന കലാമത്സര വിജയികൾ**

| പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|
| **പ്രസംഗം - സബ് ജൂനിയർ (Girls)** | | |
| I - ആൻ തെരേസ മേപ്രത്ത് | പൈസക്കരി | പൈസക്കരി |
| **മിഷൻ ക്വിസ്സ് - സീനിയർ (Girls)** | | |
| I - മരിയ ആക്കൽ | എടൂർ | എടൂർ |
| **മിഷൻ ക്വിസ്സ് - ജൂനിയർ (Boys)** | | |
| I - മാത്യൂസ് അന്തീനാട്ട് | വെളിമാനം | എടൂർ |
| **സംഗീതം - സബ് ജൂനിയർ (Boys)** | | |
| II - ഏബൽ തെക്കേമുറിയിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| **ബൈബിൾ വായന - സബ് ജൂനിയർ (Girls)** | | |
| II - അന്ന മരിയ കുന്നുംപുറത്ത് | കാസർഗോഡ് | കാസർഗോഡ് |

**പ്രസംഗം – എൽഡേഴ്സ് (Girls)**

| | | |
|---|---|---|
| II - അഞ്ജന കുന്നുമ്മേൽ | മണിക്കടവ് | മണിക്കടവ് |

**പ്രസംഗം – എൽഡേഴ്സ് (Girls)**

| | | |
|---|---|---|
| III - നിമിഷ നെട്ടുനെഴുകയിൽ | ചെറുപുഴ | ചെറുപുഴ |

**പ്രസംഗം – ജൂനിയർ (Girls)**

| | | |
|---|---|---|
| III - റോസ് മേരി നരിപ്പാറയിൽ | കാസർഗോഡ് | കാസർഗോഡ് |

**സംഗീതം – സീനിയർ (Boys)**

| | | |
|---|---|---|
| III - മാത്യു പാറയ്ക്കൽ | എടൂർ | എടൂർ |

**മിഷൻ ക്വിസ്സ് – സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| III - ലിപിൻ തെക്കേൽ | മാവുംഞ്ചാൽ | വായാട്ടുപറമ്പ് |

**സംഗീതം – സീനിയർ (Girls)**

| | | |
|---|---|---|
| III - മരിയ കൂട്ടിയാനി | ചെറുപുഴ | ചെറുപുഴ |

**സംഗീതം – എൽഡേഴ്സ് (Boys)**

| | | |
|---|---|---|
| III - ഫ്രാൻസിസ് പറയംകുഴി | ഉദയഗിരി | ആലക്കോട് |

**സംസ്ഥാന സാഹിത്യമത്സര വിജയികൾ**

| പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|
| **കഥ – എൽഡേഴ്സ് (Girls)** | | |
| I - ഏലിയാമ്മ താളുകണ്ടത്തിൽ | ചെടിക്കുളം | എടൂർ |
| **കവിത – ജൂനിയർ (Boys)** | | |
| II - ക്രിസ്റ്റോ തയ്യിൽ | കുന്നുംകൈ | തോമാപുരം |
| **കഥ – സീനിയർ (Boys)** | | |
| II - ജോർജ് പുതുവേലിൽ | മണിക്കടവ് | മണിക്കടവ് |
| **കവിത – ജൂനിയർ (Girls)** | | |
| II - ദിഗ മരിയ കുന്നേൽ | തളിപ്പറമ്പ | തളിപ്പറമ്പ |
| **കവിത – എൽഡേഴ്സ് (Boys)** | | |
| II - അനീഷ് മാത്യു തയ്യിൽ | കുന്നുംകൈ | തോമാപുരം |

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

മാനവകുലത്തെ രക്ഷിക്കുവാൻ വിണ്ണിൽ നിന്നും മണ്ണിലവതരിച്ച ദിവ്യ രക്ഷകന്റെ ജന്മദിനമാണല്ലോ ക്രിസ്മസ്. ഈ പുണ്യദിനത്തിന്റെ ഒർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ കൊച്ചു കൊച്ചു ത്യാഗങ്ങളും സുകൃതങ്ങളും നന്മപ്രവർത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂട് നിർമ്മിക്കാം. ഉണ്ണീശോയുടെ എല്ലാ കൊച്ചു കൂട്ടുകാർക്കും ഒരായിരം ക്രിസ്മസ് മംഗളങ്ങൾ...

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുപ്പിറവി

അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഫ്രാൻസീസ് സേവ്യർ

പ്രാർത്ഥനാനിയോഗം : കുഞ്ഞിപൈതങ്ങൾക്കുവേണ്ടി

സുകൃതംജപം : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് പിറക്കണമെ

വചനം : കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:45).

*പ്രവൃത്തി* : ക്രിസ്തുമസിനൊരുക്കമായി ഓരോ ദിവസവും ഒരു സുകൃതജപം വീതം കുട്ടികളെ ചൊല്ലാൻ പഠിപ്പിക്കുക. 25 ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.

എയ്ഞ്ചൽസ് ബീറ്റ്സ് : അതിരൂപതതലം ക്രിസ്കാർഡ് മത്സരം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക. സുകൃത മഞ്ജരി കാർഡ് നൽകുന്നു.

3 ബുധൻ : വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, മാർ ജോസഫ് പാംപ്ലാനി പാതാവിന്റെ ജന്മദിനം

8 തിങ്കൾ : അമലോത്ഭവമാതാവിന്റെ തിരുനാൾ

21 ഞായർ : ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക. ബൈബിൾ ഞായർ

25 വ്യാഴം : പിറവിത്തിരുനാൾ

28 ഞായർ : കുഞ്ഞിപൈതങ്ങളുടെ തിരുനാൾ

29 തിങ്കൾ : തിരുകുടുംബത്തിന്റെ തിരുനാൾ

31 ബുധൻ : വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

**2. ക്രിസ്കാർഡ് മത്സരം**

ക്രിതുമസ് ആഘോഷഭാഗമായി തിരുബാലസഖ്യം അംഗങ്ങൾക്കായി ക്രിസ്കാർഡ് മത്സരം നടത്തുന്നു.

**നിബന്ധനകൾ**

- ആൺ പെൺ വിത്യാസം ഇല്ല
- 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായിരിക്കും മത്സരം
- ശാഖയിൽ ക്രിസ്കാർഡ് മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന കാർഡ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്.
- നിർമ്മാണസമയം രണ്ടര മണിക്കൂർ
- 15 സെ. മീ വീതിയും 21 സെ.മീ നീളവുമുള്ള ചാർട്ടു പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- ചായക്കൂട്ടുകൾ, പഴയ ക്രിസ്തുമസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഡിസംബർ 20 ന്.

**3. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീശോയെ വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹ സമ്മാനം** എന്ന പേരിൽ സുകൃതമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ്ഡയറക്ടേഴ്സ് ഓരോ ദിവസത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**4. വചനമരം:** തിരുബാലസഖ്യം കുഞ്ഞുമക്കൾ ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠിക്കാൻ ശ്രദ്ധിക്കുമല്ലോ. പഠിച്ചവചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ് അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ വീടിനുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദമായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളിമുറ്റത്തും വചനമരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരിക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

**5. അഭിവന്ദ്യപിതാക്കൻമ്മാർക്ക് ആശംസകൾ നേരാം**

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാർക്ക് ക്രിസ്തുമസ് - പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**6. ശാഖാ സന്ദർശനങ്ങൾ:** അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം കാഞ്ഞങ്ങാട് (ഡിസംബർ-14), കാസർഗോഡ് (ഡിസംബർ 21) എന്നീ മേഖ

ലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**7. എയ്ഞ്ചൽസ് ഫെസ്റ്റ് 2026 (കലോത്സവം)**

ഈ വർഷത്തെ തിരുബാലസഖ്യ കലോത്സവം നേരത്തെ അറിയിച്ചിരുന്നതുപോലെ 2026 ജനുവരി 10 ശനിയാഴ്ച ആയിരിക്കും. മത്സരങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ സെപ്റ്റംബർ മാസത്തെ ഗിരിദീപത്തിലും വാട്സ്ആപ്പിലും നൽകിയിരിക്കുന്നത് നോക്കി മനസിലാക്കുമല്ലോ. മേഖലകളിൽ മത്സരങ്ങൾ നടത്തി മേഖല വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് ഡിസംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുമല്ലോ.

**8. ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം.....**

ഈ മാസം നമുക്ക് ഈശോയെപ്പോലെ അറിവുള്ളവരാകാം എന്ന 5-ാം അധ്യായം പഠിക്കാം. ഈശോ അറിവിന്റെ നിറകുടമായിരുന്നു. പരിശുദ്ധാത്മാവിന്റെ ദാനമായ അറിവ് ഈശോയിൽ നിന്ന് പുറപ്പെടുന്നതു കൊണ്ട് ഈശോയെപ്പോലെ അറിവുള്ളവരാകാൻ നാം ആഗ്രഹിക്കണം. എല്ലാ ദിവസവും ഉത്തമമായ അറിവിൽ നിറയാൻ നമുക്ക് ആഗ്രഹിക്കാം...

**9. നിറം കൊടുക്കാമോ?:** പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ അറിവുള്ളവരാകാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 27 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**10. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ അറിവുള്ളവരാകാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 28 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**11. നിറംകൊടുക്കാമോ നവംബർ മാസത്തെ വിജയികൾ**

I ഇവാന എലിസബത്ത് - വെമ്പുവ
II ഡിയോണ മരിയ കൊടിയംകുന്നേൽ - മണിപ്പാറ
III ഇവാന മഞ്ഞളിയിൽ - പടിയൂർ

**12. നിങ്ങൾക്കറിയാമോ നവംബർ മാസത്തെ വിജയികൾ**

I ബേസിൽ തകിടിയേൽ - പെരിങ്ങാല
II റൂബൻ തോമസ് കാലായിൽ - വെള്ളരിക്കുണ്ട്
III ആൽഫിൻ ചക്കാനിക്കുന്നേൽ - പരപ്പ

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"എന്നെ സ്നേഹിക്കുകയും എന്റെ കൽപനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരം തലമുറ വരെ ഞാൻ കാരുണ്യം കാണിക്കും."
(നിയമാവർത്തനം 5.10)

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഡിസംബർ മാസത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ഉണ്ണീശോയെ ഹൃദയത്തിലും ജീവിതത്തിലും സ്വീകരിക്കാൻ ഒരുങ്ങാം. ഇടവക ദൈവാലയത്തിൽ പുൽക്കൂട് നിർമ്മാണം കെസിവൈഎം ഏറ്റെടുത്ത് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**യൂണിറ്റുകൾ/ മേഖലകൾ ശ്രദ്ധിക്കാൻ**

ഡിസംബർ 01 – 25 നോമ്പ് ആരംഭം
ഡിസംബർ 03 – വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ
ഡിസംബർ 08 – പരി. മാതാവിന്റെ അമലോത്ഭവ തിരുനാൾ
ഡിസംബർ 25 – നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ
ഡിസംബർ 28 – കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ
ഡിസംബർ 29 – തിരുകുടുംബത്തിന്റെ തിരുനാൾ
ഡിസംബർ 31 – വർഷാവസാനം

**ക്രിസ്തുമസ് സന്ദേശ റാലി (ബോൺനത്താലെ)**

ക്രിസ്തുമസിനോടനുബന്ധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഇരിട്ടിയിൽ വച്ച് ക്രിസ്തുമസ് സന്ദേശറാലി നടത്തുന്നു. എടൂർ, കുന്നോത്ത്, നെല്ലിക്കംപൊയിൽ, മണിക്കടവ്, പേരാവൂർ, ഫൊറോനകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സന്ദേശയാത്ര നടക്കുന്നത്. ഡിസംബർ 20 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് പയഞ്ചേരിമുക്ക് സിഗ്നൽ പരിസരത്തുനിന്നും സന്ദേശറാലി ആരംഭിക്കും. ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ക്രിസ്തുമസ് സന്ദേശം നൽകും. കരോൾ ഗാനങ്ങളും നൃത്താവിഷ്കാരങ്ങളും പ്ലോട്ടുകളും സന്ദേശറാലിയിൽ അണിനിരക്കും.

**ഹൃദയമാല:** ഒക്ടോബർ മാസത്തിൽ കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 10 ദിവസങ്ങളിലായി ഫൊറോനകളിൽ ജപമാല പ്രാർത്ഥനയുടെ തൽസമയ സംപ്രേഷണം നടത്തി. കത്തീഡ്രൽ ദൈവാലയത്തിൽ നിന്ന് ആരംഭിച്ച ജപമാലയിൽ പങ്കെ

ടുത്ത വായാട്ടുപറമ്പ്, കുന്നോത്ത്, തളിപ്പറമ്പ്, എടൂർ, ചെറുപുഴ, പേരാവൂർ, വെള്ളരിക്കുണ്ട്, പൈസക്കരി, മേരിഗിരി, ഫൊറോനകൾക്കും നേതൃത്വം കൊടുത്തവർക്കും അഭിനന്ദനങ്ങൾ.

**യുവോത്സവം**

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപത കലോത്സവം നവംബർ 01 ന് ചെമ്പേരി നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ വച്ചു നടന്നു. ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് ഉദ്ഘാടനം ചെയ്തു. കലോത്സവത്തിൽ ഓവറോൾ ജേതാക്കളായ **മണിക്കടവ് ഫൊറോനക്കും** റണ്ണേഴ്സ് അപ്പായ **പേരാവൂർ ഫൊറോനക്കും** സെക്കന്റ് റണ്ണേഴ്സ് അപ്പായ **വായാട്ടുപറമ്പ് ഫൊറോനക്കും** തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ അഭിനന്ദനങ്ങൾ. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് ചെമ്പേരി ലൂർദ്ദ്മാതാ ബസിലിക്ക ദൈവാലയ റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് സമ്മാനദാനം നിർവ്വഹിച്ചു. കലോത്സവം ഏറ്റവും മനോഹരമായി പൂർത്തിയാക്കാൻ സഹായിച്ച ഫൊറോന സമിതികൾക്കും ഫൊറോന പ്രസിഡന്റുമാർക്കും ഫൊറോന ഡയറക്ടർമാർക്കും വൈസ് ഡയറക്ടർമാർക്കും ഇടവക വികാരിയച്ചന്മാർക്കും യൂണിറ്റ് പ്രസിഡന്റുമാർക്കും വൈസ് ഡയറക്ടർമാർക്കും ഭാരവാഹികൾക്കും മത്സരാർത്ഥികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

**അതിരൂപത കലോത്സവ വിജയികൾ**

**പ്രസംഗം (BOYS)**

| | | | |
|---|---|---|---|
| I | മാർട്ടിൻ കണിയാംകുന്നേൽ | പാടിയോട്ടുചാൽ | ചെറുപുഴ |
| II | അഗസ്റ്റ്യൻ കൊടകശ്ശേരി | മാട്ടറ | മണിക്കടവ് |
| III | ആൽബിൻ കവളക്കാട്ട് | ചെമ്പേരി | ചെമ്പേരി |

**പ്രസംഗം (GIRLS)**

| | | | |
|---|---|---|---|
| I | ബിയ ബിജു തറപ്പേൽ | വെള്ളാട് | വായാട്ടുപറമ്പ് |
| II | റോസ് ചെരുവിൽ | ചെങ്ങോം | പേരാവൂർ |
| III | ശ്വേത കാപ്പിത്തടത്തിൽ | മണിക്കടവ് | മണിക്കടവ് |

**ലളിതഗാനം (BOYS)**

| | | | |
|---|---|---|---|
| I | അലൻ ചീനക്കുഴിയിൽ | പൂപ്പറമ്പ | ചെമ്പേരി |
| II | അഭിഷേക് ഏഴറേട്ട് | നീലേശ്വരം | കാഞ്ഞങ്ങാട് |
| III | ഡേവിസ് വരമ്പുങ്കൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |

**ലളിതഗാനം (GIRLS)**

| | | | |
|---|---|---|---|
| I | എൽന കട്ടക്കയം | അരിവിളഞ്ഞപൊയിൽ | ആലക്കോട് |
| II | ഡെൽഫി | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| III | ആൻമരിയ കാരിക്കാട്ടിൽ | മേരിഗിരി | മേരിഗിരി |

**മിമിക്രി (BOYS)**

| | | | |
|---|---|---|---|
| I | അഭിനവ് നടുവിലേമുറിയിൽ | കുമ്പള | കാസർഗോഡ് |

| | | | |
|---|---|---|---|
| II | നിതിൻ മുതുകാട്ടിൽ | പരപ്പ | വെള്ളരിക്കുണ്ട് |
| III | ജോസഫ് കല്ലന്താനത്ത് | ഓടംന്തോട് | പേരാവൂർ |

**മിമിക്രി (GIRLS)**

| | | | |
|---|---|---|---|
| I | നീനു കല്ലുങ്കൽ | കൊളക്കാട് | പേരാവൂർ |
| II | അന്ന പൂവക്കുളം | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| III | അനുഗ്രഹ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |

**മോണോ ആക്ട് (BOYS)**

| | | | |
|---|---|---|---|
| I | ജീവൻ കൊട്ടുപ്പള്ളി | ഓടംന്തോട് | പേരാവൂർ |
| II | അഖിൽ മാന്തോട്ടത്തിൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| III | ബെൻസൻ മണലേൽ | മണിക്കടവ് | മണിക്കടവ് |

**മോണോആക്ട് (BOYS)**

| | | | |
|---|---|---|---|
| I | സ്നേഹ തോംപുന്നയിൽ | കുമ്പള | കാസർഗോഡ് |
| II | നീനു കല്ലുങ്കൽ | കൊളക്കാട് | പേരാവൂർ |
| III | സകൽ തോംപുന്നയിൽ | പടിയൂർ | നെല്ലിക്കാംപൊയിൽ |

**നാടോടിനൃത്തം (BOYS)**

| | | | |
|---|---|---|---|
| I | ജീവൻ കൊട്ടുപ്പള്ളി | ഓടംന്തോട് | പേരാവൂർ |
| II | ക്രിസ്റ്റോ തുടിയംപ്ലാക്കൽ | കാഞ്ഞിരക്കൊല്ലി | മണിക്കടവ് |

**നാടോടിനൃത്തം (GIRLS)**

| | | | |
|---|---|---|---|
| I | ആൽഫി കിഴക്കേപട്ടത്താനം | പേരാവൂർ | പേരാവൂർ |
| II | ജെറ്റ്ന തൊമ്മിക്കാട്ടിൽ | ശാന്തിനഗർ | മണിക്കടവ് |
| III | അശ്വതി കുടിയിരിപ്പിൽ | ചെമ്പേരി | ചെമ്പേരി |

**ഫോട്ടോഗ്രഫി (BOYS)**

| | | | |
|---|---|---|---|
| I | അലൻ തനപ്പനാൽ | ചായ്യോത്ത് | കാഞ്ഞങ്ങാട് |
| II | അലൻ കുഴിയാറയിൽ | പരപ്പ | വെള്ളരിക്കുണ്ട് |
| III | ജെഫിൻ | കരുണാപുരം | വായാട്ടുപറമ്പ് |

**ഫോട്ടോഗ്രഫി (GIRLS)**

| | | | |
|---|---|---|---|
| I | അശ്വതി കുടിയിരിപ്പിൽ | ചെമ്പേരി | ചെമ്പേരി |
| II | ആൻമരിയ ആഞ്ഞിലിത്തോപ്പിൽ | കാലാങ്കി | മണിക്കടവ് |
| III | റോസ് ഇളംതുരുത്തിയിൽ | എടത്തൊട്ടി | പേരാവൂർ |

**സ്പോട്ട് കോറിയോ (BOYS)**

| | | | |
|---|---|---|---|
| I | ഷെബിൻ പാലക്കലോടി | തേർമല | നെല്ലിക്കാംപൊയിൽ |
| II | ക്രിസ്റ്റോ തുടിയംപ്ലാക്കൽ | കാഞ്ഞിരക്കൊല്ലി | മണിക്കടവ് |
| IIII | കെവിൻ മുഞ്ഞനാട്ട് | ചെട്ടിയാംപറമ്പ് | പേരാവൂർ |

**സ്പോട്ട് കോറിയോ (GIRLS)**

| | | | |
|---|---|---|---|
| I | സാനിയ കാവനാൽ | പടിയൂർ | നെല്ലിക്കാംപൊയിൽ |
| II | സോന സാബു ചിറയിൽ | പെരിങ്കരി | കുന്നോത്ത് |
| III | എലിസബത്ത് നരിമറ്റത്തിൽ | ഒറ്റത്തൈ | ആലക്കോട് |

**കെസിവൈഎം ആന്തം**
I ആലക്കോട് II മണിക്കടവ് III വായാട്ടുപറമ്പ്

**നാടൻപാട്ട്**
I വായാട്ടുപറമ്പ് II തളിപ്പറമ്പ് III ചെമ്പേരി

**ഗാനമേള**
I വായാട്ടുപറമ്പ് II പേരാവൂർ III വെള്ളരിക്കുണ്ട്

**ക്വിസ്**
I ആലക്കോട് II പേരാവൂർ III തോമാപുരം

**തെരുവുനാടകം**
I വെള്ളരിക്കുണ്ട് II മണിക്കടവ്

**മാർഗ്ഗംകളി**
I പേരാവൂർ II വെള്ളരിക്കുണ്ട് III മണിക്കടവ്

**മൈം**
I കുന്നോത്ത് II പേരാവൂർ III മണിക്കടവ്

**പരിചമുട്ട് & ചവിട്ടുനാടകം**
I മണിക്കടവ്

**ഡിബേറ്റ്**
I വായാട്ടുപറമ്പ് II പൈസക്കരി III ചെമ്പന്തൊട്ടി

**ക്വിസ്**
I ആലക്കോട് II പേരാവൂർ III തോമാപുരം

**ഷോർട് ഫിലിം**
I പൈസക്കരി II നെല്ലിക്കാംപൊയിൽ III മണിക്കടവ്

## പോയിന്റ് നില

| | | |
|---|---|---|
| 1. | മണിക്കടവ് | – 189 |
| 2. | പേരാവൂർ | – 183 |
| 3. | വായാട്ടുപറമ്പ് | – 153 |
| 4. | വെള്ളരിക്കുണ്ട് | – 138 |
| 5. | നെല്ലിക്കാംപൊയിൽ | – 111 |
| 6. | ചെമ്പേരി | – 107 |
| 7. | ചെമ്പന്തൊട്ടി | – 80 |
| 8. | ആലക്കോട് | – 78 |
| 9. | കാസർഗോഡ് | – 72 |
| 10. | മേരിഗിരി | – 69 |
| 11. | കാഞ്ഞങ്ങാട് | – 63 |
| 12. | തോമാപുരം | – 59 |
| 13. | പൈസക്കരി | – 55 |
| 14. | കുന്നോത്ത് | – 45 |
| 14. | തളിപ്പറമ്പ് | – 45 |
| 15. | ചെറുപുഴ | – 39 |
| 16. | മാലോം | – 32 |
| 17. | എടൂർ | – 27 |
| 18. | പനത്തടി | – 25 |

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

2025 ലെ ക്രിസ്തുമസ് സമാഗതമായി. സകല മനുഷ്യർക്കും ആനന്ദവും സമാധാനവും പകർന്നേകാൻ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്ത പൊൻസുദിനത്തിന്റെ ഓർമ്മദിനം. ഒരു കുടുംബത്തിൽ വന്നു പിറന്ന് അതിനെ തിരുക്കുടുംബമാക്കിയ ലോകരക്ഷകൻ ഇന്നും നമ്മുടെ കുടുംബങ്ങൾക്കെല്ലാം അനുഗ്രഹമേകി കൃപയുടെ സാന്നിദ്ധ്യമാകുന്നു. അവിടുത്തെ ഹിതം തിരിച്ചറിഞ്ഞ് അതിനായി നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിച്ച് നമ്മുടെ ദൗത്യം പൂർത്തിയാക്കാം. നോമ്പെടുത്ത്, മുടങ്ങാതെ ബലിയിൽ പങ്കുചേർന്ന്, സുകൃതമഞ്ജരികളാലും പരസ്നേഹപ്രവർത്തികളാലും ജീവിതത്തെയും കുടുംബങ്ങളെയും അവിടുത്തേക്ക് വസിക്കാൻ യോഗ്യമായ വിശുദ്ധ ഭവനമാക്കി രൂപപ്പെടുത്താം.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യുട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

**1. ഇടവക എക്സിക്യൂട്ടീവ്:** വികാരിയച്ചൻ (പ്രസിഡന്റ്), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരിഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ്, (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**2. ഫൊറോന എക്സിക്യൂട്ടീവ് :** ഫൊറോന വികാരിയച്ചൻ (പ്രസിഡന്റ്), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്.

പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ് :** സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ

കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) ബയോ മൗണ്ടൻ ഉല്പ്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കാനാവശ്യമായ നേതൃത്വം ഭാരവാഹികൾ നല്കുക.

h) ഡിസംബർ 5,6 തീയ്യതികളിലായി നടത്തുന്ന മരിയൻ തീർത്ഥാടനത്തിൽ കൂട്ടായ്മകളിൽനിന്നും എല്ലാവരുടേയും സജീവപങ്കാളിത്തം ഉറപ്പുവരുത്തുക.

i) ക്രിസ്തുമസ് നോമ്പുകാലത്ത് വീടുകളിൽ രോഗികളായി കഴിയുന്ന എല്ലാവർക്കും കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന സ്വീകരിക്കാനുള്ള അവസരമൊരുക്കുക.

j) ക്രിസ്തുമസിനോടനുബന്ധിച്ച് കൂട്ടായ്മകളിലെ തീർത്തും ദരിദ്രരായവർക്ക് കേക്കുകളും കിറ്റുകളും നല്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

k) ഓരോ കൂട്ടായ്മയിലും എല്ലാവരും ഒത്തുകൂടി ക്രിസ്തുമസ് ഫ്രണ്ടിനെ എടുക്കുകയും പരസ്പരം പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്യുക.

l) എല്ലാ കൂട്ടായ്മകളിലും റോഡരികിലുള്ള സ്ഥലത്ത് ക്രിസ്തുമസ് വരവറിയിച്ച് ഒരു നക്ഷത്രം സ്ഥാപിക്കുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

നവംബർ 13-15 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 140 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1400 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടു ക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| December | 18-20 | (Thusday - Saturday) | Thalassery |

അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| January | 01-03 | (Thusday - Saturday) | Thalassery |
| January | 15-17 | (Thusday - Saturday) | Padannakkad |
| February | 02-04 | (Monday - Wednesday) | Thalassery |
| March | 05-07 | (Thusday - Saturday) | Padannakkad |
| March | 19-21 | (Thusday - Saturday) | Thalassery |
| April | 06-08 | (Monday - Wednesday) | Padannakkad |
| April | 23-25 | (Thusday - Saturday) | Thalassery |
| May | 14-16 | (Thusday - Saturday) | Padannakkad |
| June | 18-20 | (Thusday - Saturday) | Thalassery |
| July | 16-18 | (Thusday - Saturday) | Padannakkad |
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### (b) മേഖലാ വാർഷികം

നവംബർ 1 ന് മാലോം മേഖലയുടെ വാർഷികാഘോഷം മാലോം സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ചും നവംബർ 3 ന് മേരിഗിരി മേഖലയുടെ വാർഷികാഘോഷം വിമലശ്ശേരി ഇടവകയിൽ വച്ചും നടത്തി. അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫൊറോന വികാരി

അനുഗ്രഹപ്രഭാഷണം നടത്തി. ആനിമേറ്റർ സി. ലിന്റ ആശംസകൾ നേരു കയും ചെയ്തു. ഓരോ യൂണിറ്റിന്റേയും മനോഹരമായ കലാപരിപാടികൾ വാർഷി കാഘോഷത്തിന് മാറ്റ് കൂട്ടി. ഉച്ചഭക്ഷണത്തോടെ പ്രോഗ്രാം സമാപിച്ചു.

### (c) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീക രണ ജ്വാല ഒക്ടോബർ 21 ന് കുന്നോത്ത് മേഖലയുടേത് മാടത്തിൽ പള്ളി യിൽ വച്ചു നടത്തി. ജപമാല, പതാക ഉയർത്തൽ, റാലി എന്നിവയ്ക്കു ശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. മേഖല ഡയറക്ടർ ഏവ രെയും സ്വാഗതം ചെയ്ത് സംസാരിച്ചു. കുന്നോത്ത് ഫൊറോന അസി. വികാരി റവ. ഫാ. ജീസ് കരിങ്ങാലിക്കാട്ടിൽ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. ആനിമേറ്റർ ആശംസ അർപ്പിച്ചു. 'മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് സംഗീതം, റമ്പാൻ പാട്ട്, കോൽക്കളി, മാർഗ്ഗംകളി തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. പരമ്പരാഗത ക്രിസ്തീയ വേഷ മായ ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങൾ അമ്മമാർ ഉണ്ടാക്കികൊണ്ടുവരി കയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളു ടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

### (d) മത്സരങ്ങൾ

**1. ചട്ടയും മുണ്ടും ധരിച്ചവരുടെ സംഗമം ഫോട്ടോ മത്സരം**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് ഇടവകാ അടിസ്ഥാ നത്തിൽ ചട്ടയും മുണ്ടും ധരിച്ചവരുടെ സംഗമം ഫോട്ടോ മത്സരം നടത്തി. മത്സരത്തിൽ 20 ഓളം യൂണിറ്റിലെ അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ചൂരപ്പടവ് യൂണിറ്റ്, രണ്ടാം സ്ഥാനം - കുട്ടാപറമ്പ് യൂണിറ്റ്, മൂന്നാം സ്ഥാനം - വിളമന യൂണിറ്റ്.

- ഒക്ടോബർ 26 ന് ചെറുപുഴ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ അതി രൂപതാ ഡയറക്ടർ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് ഇടവ കയിലെ പിതാക്കന്മാർക്കും കുട്ടികൾക്കും അമ്മമാർക്കും ഗ്രൂപ്പ് തിരിച്ച് ക്ലാസ് നല്കുകയുണ്ടായി.
- നവംബർ 2ന് സെന്റ് ആന്റണീസ് മഞ്ഞളാംപുറം ഇടവകയിലെ തിരു നാൾ കുർബാനയിൽ ഡയറക്ടറച്ചൻ മുഖ്യ കാർമ്മികത്വം വഹിച്ച് മാതൃ ദിനസന്ദേശം നല്കി. തുടർന്ന് നടന്ന ഇടവകാഘോഷത്തിലും പങ്കെടുത്തു.
- നവംബർ 6 ന് തോമാപുരം ഇടവകയിലെ മാതൃവേദി സോണൽ ഭാരവാ ഹികൾക്കായി ഡയറക്ടറച്ചൻ ക്ലാസ് നല്കി.

- നവംബർ 16 ന് ഡയറക്ടറച്ചൻ മാമ്പൊയിൽ ഇടവകയിൽ വി. ബലിയർപ്പിച്ച് മാതാപിതാക്കൾക്ക് ക്ലാസ് എടുത്തു.

**(e) ഡിസംബർ മാസത്തെ മാർഗ്ഗരേഖ**

1 – 25 നോമ്പാരംഭം. 25 ദിവസവും സാധിക്കുന്നിടത്തോളം അമ്മമാർ വി. കുർബ്ബാനയിൽ സംബന്ധിക്കുക. നോമ്പെടുത്ത് പ്രത്യേക നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക. ഒന്നാം തീയ്യതി മുതൽ ഓരോ യൂണിറ്റിലെയും അമ്മമാർ യോഹന്നാന്റെ സുവിശേഷം ഒരധ്യായം വായിക്കുകയും ഒരു വചനം സ്റ്റാറ്റസ് ഇടുകയും മനഃപാഠമാക്കുകയും ചെയ്യുക. 21ന് സമാപിക്കും എത്ര പേര് വായിച്ചു എന്ന് ഓരോ യൂണിറ്റും മേഖലാഗ്രൂപ്പിൽ അറിയിക്കുക.

3 – ലോക ഭിന്നശേഷിദിനം

6 – 6 മുതൽ 24 വരെ ഓരോ മേഖലയും ഓരോ ക്രിസ്തുമസ് പ്രോഗ്രാം തയ്യാറാക്കി മനോഹരമായ വീഡിയോ അയച്ചു തരിക. തിരുപ്പിറവിയുടെ സന്ദേശം വ്യക്തമാക്കുന്ന ഏത് പ്രോഗ്രാമും ചെയ്യാവുന്നതാണ്. മേഖലാഭാരവാഹികൾ യൂണിറ്റ് പ്രസിഡന്റുമാരുമായി കൂടിയാലോചിച്ച് ഏതെങ്കിലും യൂണിറ്റിനെ പ്രോഗ്രാം ചുമതലപ്പെടുത്തുക. മേഖലയ്ക്ക് പ്രോഗ്രാമിന് തന്നിരിക്കുന്ന ദിനത്തിന്റെ തലേന്ന് വീഡിയോ അതിരൂപതാ ഡയറക്ടർക്ക് അയച്ചു നല്കുക. (പേജ് 28 കാണുക).

8 – അമലോത്ഭവ തിരുനാൾ– സമുചിതമായി ആഘോഷിക്കുക.

9 – അഖിലലോക അഴിമതി വിരുദ്ധദിനം

10 – മനുഷ്യാവകാശദിനം

18 – ഇന്ത്യയിലെ ന്യൂനപക്ഷാവകാശദിനം

20 – **ദൈവവചനഎഴുത്ത് മത്സരം 11.00am –12.00pm**

25 – **ക്രിസ്തുമസ്**

26 – വി. സ്തേഫാനോസിന്റെ തിരുനാൾ ദിനത്തിൽ വിവിധ ഇടങ്ങളിൽ രക്തസാക്ഷികളായവർക്ക് വേണ്ടി പ്രാർത്ഥിക്കുക.

27 – വി. യോഹന്നാന്റെ തിരുനാൾ ദിനത്തിൽ യോഹന്നാൻ നാമധാരികളെ ആദരിക്കുക. വി. യോഹന്നാന്റെ സുവിശേഷം 1–ാം അധ്യായം വായിക്കുകയും സന്ദേശങ്ങൾ നല്കുകയും ചെയ്യുക.

28 – കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾദിനം – 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ സവിശേഷമായി ആദരിക്കുക

29 – തിരുകുടുംബദിനം – കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് വ്യത്യസ്തമായ പരിപാടികളോടെ കുടുംബദിനമായി ആചരിക്കുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

**(f) കുടുംബകരോൾഗാനമത്സരം** (ഡിസം. 23 ചൊവ്വ 10.30 am @ സന്ദേശഭവൻ)

1. കുറഞ്ഞത് 10 ടീമെങ്കിലും ഉണ്ടെങ്കിലേ മത്സരം നടത്തുകയുള്ളൂ.
2. ഒരേ കുടുംബത്തിലെ അംഗങ്ങളായിരിക്കണം പാടേണ്ടത്.
3. ഏറ്റവും കുറഞ്ഞത് മൂന്നു പേരെങ്കിലും ഒരു ടീമിൽ ഉണ്ടായിരിക്കണം.
4. ടീമുകൾ അവർ ഒരേ കുടുംബത്തിലെ അംഗങ്ങൾ ആണെന്ന് തെളിയിക്കുന്ന വികാരിയച്ചന്റെ കത്ത് ഹാജരാക്കണം.

5. ഏതെങ്കിലും ഒരു കരോൾഗാനമായിരിക്കണം പാടേണ്ടത്. (പല ഗാനങ്ങ ളിലെ ഭാഗങ്ങൾ ചേർത്ത് പാടരുത്)
6. കരോക്കെ ഉപയോഗിക്കാം. സൗണ്ട് ഇവിടെ നിന്ന് നല്കുന്നതാണ്.
7. വേഷവിധാനം പരിഗണിക്കുന്നതാണ്.

(g) എല്ലാ യൂണിറ്റിലും ക്രിസ്തുമസ് ഫ്രണ്ട് എടുത്ത് പ്രാർത്ഥിക്കുക. സമ്മാന ങ്ങൾ നല്കുക. കൂടാതെ എല്ലാ മേഖലകളിലും ഭാരവാഹികൾ ക്രിസ്തുമസ് ഫ്രണ്ട് എടുക്കുകയും യൂണിറ്റ് പ്രതിനിധികളെക്കൂടി പങ്കെ ടുപ്പിച്ച് ഏതെങ്കിലും സ്ഥലത്ത് വച്ച് ക്രിസ്തുമസ് ആഘോഷം സമുചിത മായി നടത്തുകയും ചെയ്യുക.

(h) **ദൈവവചന എഴുത്ത് മത്സരം** ഡിസംബർ 20 ശനി 11.00 am–12.00 pm പരമാവധി അമ്മമാർ പങ്കെടുക്കുക. പഠനഭാഗം (അപ്പസ്തോലപ്രവർത്തനങ്ങൾ, കാതോലിക ലേഖനങ്ങൾ, വെളിപാട്). **മത്സര സെന്ററുകൾ**: പടന്നക്കാട്, മാലോം, പനത്തടി, ചെറുപുഴ, ആലക്കോട്, ഇരിട്ടി, ചെമ്പേരി, പേരാവൂർ.

(i) **മികച്ച അടുക്കളത്തോട്ടം:** ഡിസംബർ 10നു മുമ്പായി യൂണിറ്റു തല ത്തിലും 20ന് മുമ്പായി മേഖലാതലത്തിലും വിലയിരുത്തലുകൾ ഏറ്റവും ഉചിതമായ വിധത്തിൽ നടത്തി 20ന് രാത്രി 12 മണിക്ക് മുമ്പായി മേഖല യിലെ ഏറ്റവും മികച്ച അടുക്കളത്തോട്ടത്തിന്റെ ക്ലാരിറ്റി ഉള്ള വീഡിയോയും ഇനങ്ങൾ, എണ്ണം എന്നിവ അടങ്ങിയ ലിസ്റ്റും 9400206974 എന്ന നമ്പറി ലേക്ക് അയച്ചു തരിക.

(j) **അതിരൂപതാ മാതൃവേദി ജനറൽ ബോഡി ഡിസംബർ 15 തിങ്കൾ @ തളിപ്പറമ്പ്**

**(k) മരിയൻ സ്തുതിഗീതം:** ജപമാല മാസത്തിൽ 19 മേഖലയെയും പ്രതി നിധീകരിച്ച് പരിശുദ്ധ അമ്മയ്ക്ക് ആദരവേകുന്ന സുന്ദരമായ സ്തുതി ഗീതം ആലപിച്ചു. വളരെ മനോഹരമായിത്തന്നെ ഈ പ്രോഗ്രാം നടത്തുക യുണ്ടായി. പങ്കെടുത്തവർക്കും നേതൃത്വം നല്കിയവർക്കും അഭിനന്ദനങ്ങൾ.

**IV. അമല പ്രോലൈഫ്**

**a) ദ്വിദിന സെമിനാർ:** ഒക്ടോബർ 24, 25 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് പ്രോലൈഫ് കോർ ടീം അംഗങ്ങളുടെ ദ്വിദിന സെമി നാർ നടത്തി. ഡയറക്ടറച്ചൻ നേതൃത്വം നല്കിയ ദിവ്യകാരുണ്യ ആരാധ നയോടെ ആരംഭിച്ചു, ശ്രീ ലോറൻസ് കടിക്കാട്ടിന്റെ അധ്യക്ഷതയിൽ ചാൻസലർ ഫാ. ബിജു മുട്ടത്തുകുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ സ്വാഗതവും സി. ലിന്റ നന്ദിയും പറഞ്ഞു. പ്രോലൈഫ് കോർ ടീം അംഗങ്ങൾ ഒരുമിച്ചുചേർന്ന് ജീവോത്സവം, വലിയ കുടുംബങ്ങളുടെ സംഗമം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. ജനറൽ കൺവീനറായി ശ്രീ. സണ്ണി ആശാരിപറമ്പിലിനെ നിയോഗിച്ചു. ഈ സംഗമത്തിന് വരേണ്ട കുടും ബങ്ങളെ ക്ഷണിക്കുന്നതിന് ഓരോരുത്തരെ ഏൽപ്പിച്ചു. ജീവോത്സവത്തിന് വരുന്നവരെ വിളിക്കാൻ ശ്രീമതി ഷീബ, ശ്രീമതി ഷൈനി എന്നിവരെ ചുമ തലപ്പെടുത്തി.

ജീവോത്സവം പ്രോഗ്രാമിൽ പങ്കെടുക്കുന്ന കുടുംബത്തിന് 5000 രൂപയും ബാഗ്, ബുക്ക്, കുട തുടങ്ങിയവ നല്കാനും വലിയ കുടുംബങ്ങളുടെ സംഗമത്തിന് വരുന്നവർക്ക് അമല പ്രോലൈഫ് എന്ന് പ്രിന്റ് ചെയ്ത 6 ഗ്ലാസ്സ് അടങ്ങുന്ന ഗിഫ്റ്റ് ബോക്സ് കൊടുക്കുവാൻ തീരുമാനിച്ചു. പങ്കെടുത്ത എല്ലാവർക്കും ഓരോ ചെടി സമ്മാനിക്കാനും തീരുമാനിച്ചു.

പിറ്റേദിവസം രാവിലെ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയച്ചൻ ബിഷപ്സ് ഹൗസിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് വള്ളോപ്പിള്ളിപ്പിതാവിന്റെ മ്യൂസിയവും കടൽത്തീരവും കണ്ടു. ശ്രീ. സജീവ് സാർ 9.30 മുതൽ 11.30 വരെ ക്ലാസ് നയിച്ചു. ശേഷം നവംബർ 8 ന്റെ പ്രോഗ്രാമിന്റെ ചർച്ച നടത്തി. നവംബർ 30 ന് തേർമല പള്ളിയിൽ വച്ച് മീറ്റിങ്ങ് കൂടുവാൻ തീരുമാനിച്ചു. 23 പേർ ഈ മീറ്റിങ്ങിൽ പങ്കെടുത്തു. ശ്രീമതി ഷീബ ഏവർക്കും നന്ദി പറഞ്ഞു.

### b) ഓൺലൈൻ ആരാധന

ജീവോത്സവത്തോടനുബന്ധിച്ചുള്ള പരിപാടികൾ ഭംഗിയായി തീരുന്നതിനുവേണ്ടി ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പ്രോലൈഫ് കോർ ടീം അംഗങ്ങൾ ഓൺലൈനായി ആരാധന നടത്തി.

### V. ജീവോത്സവം

നവംബർ 8ന് ചെമ്പേരിയിൽ വച്ച് വലിയകുടുംബങ്ങളുടെ സ്നേഹസംഗമം, ജീവോത്സവം നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വലിയ കുടുംബങ്ങളെന്നത് കൂടുതൽ അംഗങ്ങൾ ഉള്ളതുകൊണ്ട് മാത്രമല്ല വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും വലുപ്പംകൊണ്ട് കൂടിയാണെന്നും ഇത്തരം വ്യക്തികളും കുടുംബങ്ങളുമാണ് സഭയുടെ വലിയ സമ്പത്തെന്നും അഭിവന്ദ്യ പാംപ്ലാനി പിതാവ് പറഞ്ഞു. അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, സജീവ് ജോസഫ് എംഎൽഎ, ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക റെക്ടർ ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, പ്രൊവിൻഷ്യൽ സി. ഡോ. ട്രീസ പാലയ്ക്കൽ, സജീവ് മറ്റത്തിനാനിക്കൽ തുടങ്ങിയവർ സംസാരിച്ചു.

ഈ വർഷത്തെ സംഗമത്തിൽ 2023 ഡിസംബർ 31നു ശേഷം നാലാമത്തെയോ അതിൽ കൂടുതലോ മക്കളുള്ള 45 കുടുംബങ്ങളാണ് പങ്കെടുത്തത്. ഈ വർഷം അതിരൂപത സമുദായ ശക്തീകരണ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി 2015 മുതൽ 2025വരെ 4 അതിൽ കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിയ കുടുംബങ്ങളുടെ മെഗാസംഗമവും നടത്തി. 200 ഓളം വലിയ കുടുംബങ്ങൾ പങ്കെടുത്തു.

**VI. സീറോമലബാർ മാട്രിമോണി:** സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191

**VII. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

**VIII. യാത്രാമംഗളം, സുസ്വാഗതം**

കഴിഞ്ഞ 6 മാസക്കാലമായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനുശേഷം പ്രീസ്റ്റ് ഹോമിലേക്ക് റീജൻസിക്കായി യാത്രയായ ബ്രദർ ജോയൽ മഞ്ഞക്കുന്നേലിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സേവനമനുഷ്ഠിക്കാനായി പുതുതായി കടന്നു വന്നിരിക്കുന്ന ബ്രദർ ഡോൺ പുതനപ്രയ്ക്ക് ഹൃദ്യമായി സ്വാഗതമാശംസിക്കുന്നു.

**IX. ദമ്പതി ക്വിസ്**

സമുദായ ശക്തികരണ **വർഷത്തിൽ** സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും അവബോധമുള്ളവരാക്കാൻ തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ദമ്പതികൾക്കായി നവംബർ 20ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച ദമ്പതി ക്വിസ് മത്സരത്തിൽ 22 ദമ്പതികൾ പങ്കെടുത്തു.

1-ാം സ്ഥാനം - ബിനു & ലിജി പേണ്ടാനത്ത്, ബദിയടുക്ക - ₹ 3001
2-ാം ,, - തോംസൺ & ലിസി പുത്തൻകാല, കാഞ്ഞിരടുക്കം - ₹ 2001
3-ാം ,, - എൽസി & ദേവസ്യ തൈപ്പറമ്പിൽ, ഉളിക്കൽ- ₹ 1501
4-ാം ,, - ഫിലോമിന & തോമസ് പൊടിമറ്റത്തിൽ, ആനപ്പന്തി - ₹ 1001
5-ാം ,, - ഫ്രാൻസീസ് & റീന പരിയാനിക്കൽ, രയറോം- ₹ 501

**X. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**XI. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ, അനധ്യാപകരെ,

സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ തീക്ഷണയോടെ പ്രവർത്തിക്കാൻ പുൽക്കൂട്ടിൽ പിറന്ന ഉണ്ണി നിങ്ങളെ അനുഗ്രഹിക്കട്ടെ.

**പൊതുവിജ്ഞാന പരീക്ഷ - Master Minds 2K25**

**സ്കൂൾതല പരീക്ഷ : 2025 ഡിസംബർ 08-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 02 മണിക്ക് (പരീക്ഷയുടെ ചോദ്യമാതൃക യുടെ 01 കോപ്പി സ്കൂളിൽ എത്തിക്കുന്നതാണ്).**

**കോർപ്പറേറ്റ് തല പരീക്ഷ : 2026 ജനുവരി 09-ാം തീയതി വെള്ളി യാഴ്ച** (02 മണി മുതൽ)

**സന്മാർഗ വേദപാഠ പരീക്ഷകൾ**

**വാർഷിക പരീക്ഷ - വേദപാഠ - സന്മാർഗ്ഗശാസ്ത്രം (കോർപ്പറേറ്റ്തലം)**

**സന്മാർഗ്ഗശാസ്ത്രം : 2026 ജനുവരി 06 ചൊവ്വ** (ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.30 വരെ) 1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക്

**വേദപാഠം : 2026 ജനുവരി 07 ബുധൻ (**ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.30 വരെ) 1 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക്

വാർഷിക പരീക്ഷയ്ക്ക് 1 മുതൽ 12 വരെ ക്ലാസുകളിൽ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.

ചോദ്യപേപ്പറുകൾ അതാത് സെന്ററുകളിൽ 2026 ജനുവരി 02-ാം തീയതി എത്തിക്കുന്നതാണ്. അവിടെ നിന്നും ചോദ്യപേപ്പറുകൾ സ്കൂളുകൾക്ക് എടുക്കാവുന്നതാണ്. (സർക്കുലർ നമ്പർ 05/2025 കാണുക)

**അർദ്ധദിന പഠന ശിബിരം**

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ

കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന അനധ്യാപകർക്കായി (ക്ലർക്ക്, ഓഫീസ് സ്റ്റാഫ്, മീനിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റൻന്റ്) അർദ്ധദിന പഠന ശിബിരം ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ഓഡിറ്റോറി യത്തിൽ വെച്ച് 2025 ഡിസംബർ 20-ാം തീയതി ശനിയാഴ്ച നടത്തുന്നു. എല്ലാ അനധ്യാപകരും അന്നേ ദിവസം ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**തീയതി : ഡിസംബർ 20 (ശനിയാഴ്ച)**
**സമയം : 9.30 am**
**സ്ഥലം : ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ഓഡിറ്റോറിയം**

**കരോൾഗാന മത്സരം**

ക്രിസ്മസ് കരോൾഗാന മത്സരം 2025 ഡിസംബർ 20-ാം തീയതി (ശനിയാഴ്ച) ഉച്ചക്കഴിഞ്ഞ് 1.30ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വെച്ച് നടത്തപ്പെടുന്നു.

ഇരിട്ടി റീജിയൺ 04 ടീം, ചെമ്പേരി റീജയൺ 03 ടീം, ചെറുപുഴ റീജി യൺ 03 ടീം എന്നിങ്ങനെ മത്സരിക്കാവുന്നതാണ്. രജിസ്ട്രേഷൻ സമർപ്പി ക്കേണ്ട അവസാന തീയതി ഡിസംബർ 05. എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ പിന്നീട് അറിയിക്കുന്നതാണ്.

**പിടി ചാക്കോ പ്രസംഗമത്സര വിജയികൾ**

2025 നവംബർ 22-ാം തീയതി ശനിയാഴ്ച വിവിധ സെന്ററുകളിൽ നടന്ന പി.ടി. ചാക്കോ പ്രസംഗമത്സര വിജയികളുടെ ലിസ്റ്റ് അയ്ക്കുന്നു. മത്സര ത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും അവരെ പരിശീലിപ്പിച്ച അധ്യാപ കർക്കും രക്ഷകർത്താക്കൾക്കും പ്രത്യേകം നന്ദി. മത്സരം നടത്താൻ വിവിധ സെന്ററുകളിൽ സഹായം നൽകിയ പ്രധാനാധ്യാപകർക്കും, അധ്യാപക- അനധ്യാപകർക്കും അഭിനന്ദനങ്ങൾ.

**തോമാപുരം സെന്റർ**

**എൽ.പി. വിഭാഗം**

ഒന്നാം സ്ഥാനം - ജോവാന്ന മരിയ ജിസ്
നിർമ്മലഗിരി എൽപി സ്കൂൾ വെള്ളരിക്കുണ്ട്

രണ്ടാം സ്ഥാനം - ടോം ജോസ് സിബി
സെന്റ് മേരീസ് എഎൽപിഎസ് മേരിപുരം

മൂന്നാം സ്ഥാനം - ഹൃദ്യ മുകേഷ്
സെന്റ് തോമസ് എൽപിഎസ് തോമാപുരം

**യു.പി.വിഭാഗം**

ഒന്നാം സ്ഥാനം - നേഹ എലിസബത്ത് ഷിജു
സെന്റ് ജോസഫ്സ് യു.പി.എസ്. കാരുള്ളടക്കം

രണ്ടാം സ്ഥാനം - വൈഗലക്ഷ്മി വി, കരിവേടകം യുപിഎസ്
മൂന്നാം സ്ഥാനം - ഇവ മരിയ ഷൈജു
സെന്റ് ജോസഫ്സ് യു.പി.എസ്. കാരുള്ളടക്കം

**എച്ച്.എസ്. വിഭാഗം**

ഒന്നാം സ്ഥാനം - ആൻ മരിയ തോമസ്
സെന്റ് ജോൺസ് എച്ച് എസ് പാലാവയൽ
രണ്ടാം സ്ഥാനം - മിഷേൽ പ്രനേഷ്, സെന്റ് മേരീസ് എച്ച്എസ് ചെറുപുഴ
മൂന്നാം സ്ഥാനം - ഷിയ മരിയ, സെന്റ് ജൂഡ്സ് എച്ച്എസ് വെള്ളരിക്കുണ്ട്

**വായാട്ടുപറമ്പ് സെന്റർ**

**എൽ.പി. വിഭാഗം**

ഒന്നാം സ്ഥാനം - ഗോഡ്ലി റോസ് ജെയ്സൺ
സെന്റ് മേരീസ് യുപിഎസ് പൈസക്കരി
രണ്ടാം സ്ഥാനം - നിയ മരിയ, സെന്റ് ജോസഫ്സ് യുപിഎസ് പുലിക്കുരുമ്പ
മൂന്നാം സ്ഥാനം - ഹൃദിക രാജേഷ്, ചെറുപുഷ്പം യുപിഎസ് ചെമ്പന്തൊട്ടി

**യു.പി.വിഭാഗം**

ഒന്നാം സ്ഥാനം - അന്ന മേരി സുനിൽ
സെന്റ് മേരീസ് യുപിഎസ് പൈസക്കരി
രണ്ടാം സ്ഥാനം - ആൻതെരേസ തോമസ്
സെന്റ് മേരീസ് യുപിഎസ് പൈസക്കരി
മൂന്നാം സ്ഥാനം - ജുവൽ ജോസ്, നിർമ്മല യുപിഎസ് ചെമ്പേരി

**എച്ച്.എസ്. വിഭാഗം**

ഒന്നാം സ്ഥാനം - എഡ്വിൻ സനീഷ്
സെന്റ് ജോസഫ്സ് എച്ച്എസ് വായാട്ടുപറമ്പ
രണ്ടാം സ്ഥാനം - ശ്രീഷ എസ്, സെന്റ് ജോർജ് എച്ച്എസ് ചെമ്പന്തൊട്ടി
മൂന്നാം സ്ഥാനം - ജോമിയ ജോബി
സെന്റ് അഗസ്റ്റിൻസ് എച്ച്എസ് നെല്ലിക്കുറ്റി

**എടൂർ സെന്റർ**

**എൽ.പി. വിഭാഗം**

ഒന്നാം സ്ഥാനം - റിയ ഫാത്തിമ പി.വി, വയത്തൂർ യു.പി.എസ്
രണ്ടാം സ്ഥാനം - ഐറിൻ ആൻ ജിജോ
സെന്റ്മേരീസ് എൽപിഎസ് എടൂർ
മൂന്നാം സ്ഥാനം - അൽഫോൺസ ജോഷി
സേക്രട്ട് ഹാർട്ട് യുപിഎസ് അങ്ങാടിക്കടവ്

**യു.പി. വിഭാഗം**

ഒന്നാം സ്ഥാനം - എലിസബത്ത് അഗസ്റ്റിൻ
സെന്റ് ജോസഫ്സ് യുപിഎസ് കുന്നോത്ത്

രണ്ടാം സ്ഥാനം - ലിയമോൾ ജോബൻ
സെന്റ് ജോസഫ്സ് യുപിഎസ് അറബി
മൂന്നാം സ്ഥാനം - ജാൻവിയ ജിബി
സെന്റ് ജോൺസ് യുപിഎസ് തൊണ്ടിയിൽ

**എച്ച്.എസ്. വിഭാഗം**

ഒന്നാം സ്ഥാനം - ക്രിസ്റ്റീന ഷാജു, സെന്റ് തോമസ് എച്ച്.എസ് മണിക്കടവ്
രണ്ടാം സ്ഥാനം - അൽഫോൺസ തോമസ്
സെന്റ് തോമസ് എച്ച് എസ് കരിക്കോട്ടക്കരി
മൂന്നാം സ്ഥാനം - അൻസിൽ മരിയ റെന്നി
സാന്തോം എച്ച്എസ് കൊളക്കാട്

**ഹയർസെക്കന്ററി**

ഒന്നാം സ്ഥാനം - ആദിത്യൻ സുനിൽ
സെന്റ് ജോസഫ്സ് എച്ച്എസ്എസ് വായാട്ടുപറമ്പ
രണ്ടാം സ്ഥാനം - ലയ മരിയ ബെന്നി
സെന്റ് മേരീസ് എച്ച്എസ്എസ് എടൂർ
മൂന്നാം സ്ഥാനം - ആൻ ജോഷി
സെന്റ് തോമസ് എച്ച്എസ്എസ് തോമാപുരം

*വിജയികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.*

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്

## ചെമ്പേരി

**PLACEMENT NEWS - NOVEMBER 2025**

- MEP Design Engineer Role-ലേയ്ക്കായി കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന CKR Consulting Engineers എന്ന സ്ഥാപനം Mechanical, Electrical and Electronics വിദ്യാർത്ഥികൾക്കായി Campus Recruitment നടത്തുന്നു. December പകുതിയോടെ Recruitment Process ആരംഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ EDUTECH കമ്പനിയായ UNLOX Business Development Executive തസ്തികകളിലേക്കായി നടത്തിയ Campus Rrecruitment ൽ 150-ലധികം അവസാന വർഷ വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. 38 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 4 ലക്ഷത്തിലധികം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

- Qatar Based കമ്പനിയായ ENTECH INDUSTRIAL SUPPLIERS UAE-ലേ അവരുടെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകളിലേക്കായി 29.10.2025-ന് വിമൽജ്യോതിയിൽ Campus Recruitment നടത്തി. Shortlisted Students ന്റെ List ലഭ്യമായിട്ടില്ല. Selection Process ജനുവരി 2026-ഓടെ പൂർത്തിയാകും എന്ന് കരുതുന്നു.

- 29-10-2025 ന് കുറ്റിപ്പുറം MES Engineering College -ൽ വെച്ച് INNOVATURE സംഘടിപ്പിച്ച Pool Campus Recruitment -ൽ വിമൽജ്യോതിയിൽ നിന്നും 34 കുട്ടികൾ പങ്കെടുത്തു. നാല് വിദ്യാർത്ഥികൾ അവസാന റൗണ്ട് ഇന്റർവ്യൂയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവസാന ഇന്റർവ്യൂ ഡിസംബർ മാസം രണ്ടാമത്തെ ആഴ്ചയിൽ നടത്തുമെന്നാണ് അറിയിച്ചിരിക്കുന്നത്.

- INFOSYS Diversity Hiring ന്റെ ഭാഗമായി Kerala Technological University യുമായി സഹകരിച്ച് Rajagiri Engineering കോളേജിൽ

വെച്ച് Campus Recruitment നടത്തുകയുണ്ടായി. വിമൽജ്യോതിയിൽ നിന്നും 20 വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. രണ്ടു വിദ്യാർ ത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. INFOSYS റിക്രൂട്ട്മെന്റിനായി വിദ്യാർഥികളെ ഒരുക്കിയിരിക്കുന്നതായി കേരള ത്തിലെ പ്രമുഖ Training കമ്പനിയായ AESTHETIX-മായി സഹകരിച്ച് മൂന്നു ദിവസത്തെ പരിശീലന പരിപാടി ഡിസംബർ 6, 7, 8 തീയതികളി ലായി സംഘടിപ്പിച്ചു. 50 വിദ്യാർത്ഥികൾ പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തു.

- Chennai ആസ്ഥാനമായി പ്രവർത്തിക്കുന്ന Sree Abhirami Industries Electrical, Electronics വിദ്യാർത്ഥികൾക്കായി Campus Recruitment നടത്തുകയും 14 പേരെ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. ഈ വിദ്യാർത്ഥികൾ നവംബർ 27-ാം തീയതി Chennai ഓഫീ സിൽ ഫൈനൽ ഇന്റർവ്യൂ Attend ചെയ്യേണ്ടതാണ്.
- Sutherland Global, Qspiders, Litmus 7, South indian Bank, key value softwere systems, Nethram LLC എന്നിങ്ങനെയുള്ള പ്രമുഖ കമ്പനികൾ ഡിസംബർ മാസത്തിൽ വിമൽ ജോലിയിൽ നിന്നും Campus Hiring നടത്തുന്നു.

**സാൻജോസ് അക്കാദമി - ജർമൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം**

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമി യിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാകേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്നുവരുന്നവർക്കും ഇവിടെ പരീക്ഷ എഴുതാ വുന്നതാണ് എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്.

കൂടുതൽ വിവരങ്ങൾക്കായിബന്ധപ്പെടുക: **8281750777, 8281730777.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**നിർമലഗിരി കോളേജ് ഓട്ടോണാമസ് പരീക്ഷാഭവൻ ഉദ്ഘാടനം ചെയ്തു**

നിർമലഗിരി കോളേജ് ഓട്ടോണാമസ് പരീക്ഷാഭവൻ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പും നിർമ്മലഗിരി കോളേജ് പേട്രനുമായ മാർ ജോസഫ് പാംപ്ലാനി പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. കോളേജ് മാനേജർ വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ, കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട്, കോളേജ് പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യാപകർ അനധ്യാപകർ എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

**മലയാളഭാഷാ വാരാചരണം സംഘടിപ്പിച്ചു**

നിർമ്മലഗിരി കോളേജ് (ഓട്ടോണമസ്) മലയാള വിഭാഗത്തിന്റെയും ചരിത്രവിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഭരണഭാഷ വരാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഒരാഴ്ച നീണ്ടു നിൽക്കുന്ന വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. (ക്വിസ് മത്സരം, വായനാ മത്സരം, പ്രസംഗ മത്സരം, പുതിയ വിവർത്തനപദങ്ങൾ പരിചയപ്പെടുത്തുക) വിജയികൾക്ക് സമ്മാനം നൽകി.

സാഹിത്യകാരനും സൈക്കോളജിസ്റ്റുമായ ജോസി ജോസഫ് മധുരം മലയാളം പരിപാടി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യക്ഷയായ ചടങ്ങിൽ മലയാള വിഭാഗം അധ്യക്ഷ ഡോ. ദീപാ മോൾ മാത്യു ചരിത്രവിഭാഗം അധ്യാപിക സിസ്റ്റർ ഡോ. സുജമോൾ ജോസഫ് മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജയ്സൺ ജോസഫ് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ചു സംസാരിച്ചു. പ്രിൻസിപ്പാൾ സി. ഡോ. സെലിൻ മാത്യു ഭാഷാ പ്രതിജ്ഞ ചൊല്ലി കൊടുത്തു. വിദ്യാർത്ഥികളായ ആദിത് പി കെ, സജാഫാത്തിമ, സാനിയ വി. എന്നിവർ സംസാരിച്ചു.

**നിർമലഗിരി കോളേജ് ഓട്ടോണമസിൽ കരിയർ ഗൈഡൻസ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.**

നിർമലഗിരി കോളേജ് (ഓട്ടോണമസ്)ൽ അസാപ് കേരളയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് വർക്ക് ഷോപ്പ് നടത്തി പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു സി ഉദ്ഘാടനം നിർവഹിച്ചു. അസാപ് ട്രയിനർ ശോഭിത ക്ലാസ്സ് നയിച്ചു. മൂന്നാം വർഷ ബികോം, ബി.എ. വിദ്യാർഥികൾക്കായി നടത്തിയ വർക്ക്ഷോപ്പിൽ ബി.എ. മലയാളം, ഹിസ്റ്ററി, ഇക്കണോമിക്സ് വിഭാഗ ങ്ങളിലെയും ബി. കോമിലെയും വിദ്യാർഥികൾ പങ്കെടുത്തു. അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജയ്സൺ ജോസഫ്, ഹിസ്റ്ററി വിഭാഗം മേധാവി അസിസ്റ്റന്റ് പ്രൊഫസർ രേഷ്മ ടോം, ഡോ. സിസ്റ്റർ മഞ്ജു ഒ.എസ്, എന്നിവർ നേതൃത്വം നല്കി.

**നിർമലഗിരി കോളജിൽ തൊഴിൽ സാധ്യത നൈപുണ്യ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു**

മൂന്നാം വർഷ വിദ്യാർഥികൾക്ക് തൊഴിൽ സാധ്യത നൈപുണ്യ സർട്ടിഫിക്കറ്റ് കോഴ്സ് നിർമലഗിരിയിൽ ആരംഭിച്ചു. പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു ഉദ്ഘാടനം ചെയ്തു. കോളജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് അനുഗ്രഹഭാഷണം നടത്തി. കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെൽ കോ-ഓർഡിനേറ്റർ അസി. പ്രഫ. റോഷിൻ തോമസ് ആമുഖഭാഷണം നടത്തി.

പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മൂന്നാം വർഷ വിദ്യാർഥിനി കൾക്കായി മഹീന്ദ്ര പ്രൈഡ് ക്ലാസ് റൂം നാന്ദീ ഫൗണ്ടേഷന്റെ സഹായത്തോടെ നയിക്കുന്ന ആറ് ദിവസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സും ആൺകുട്ടികൾക്കായി എംസി സ്ക്വയർ എന്ന സ്ഥാപനം കോളേജ് പി ടി എ യുടെ ധനസഹായത്തോടെ അഞ്ച് ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സുമാണ് നടത്തുന്നത്.

ആറു ബാച്ചുകളിലായാണ് ട്രെയിനിംഗ് നടത്തുന്നത്. ട്രെയിനർമാരായ അശ്വിൻ, രാജേഷ്, രാജേശ്വരി, ഹസീന, രശ്മി, സ്മൃതി, അഭിജിത്ത് എന്നിവർ ക്ലാസുകൾ നയിക്കും.

**ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് ഓട്ടോണമസിൽ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് അംഗങ്ങൾക്കായി ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം നിർവഹിച്ചു. ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. കോഴിക്കോട് റിട്ടയേർഡ് ട്രഷറി ഓഫീസർ ശ്രീ. എം. ആർ. ഹരിദാസൻ ക്ലാസെടുത്തു.

**ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു**

എൻസിസി വാരാഘോഷത്തിന്റെ ഭാഗമായി നിർമ്മലഗിരി കോളേജ് 31 KBN - NCC യുടെ ആഭിമുഖ്യത്തിൽ ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു. ഗ്രൂപ്പ്

അടിസ്ഥാനത്തിൽ നടന്ന മത്സരത്തിൽ ബ്രാവോ കമ്പനി വിജയികളായി. എൻസിസി ഓഫീസർ ലഫ്. ഡോ. കമില്ലൊ ജോസഫ് മത്സരങ്ങൾക്ക് നേതൃത്വം കൊടുത്തു.

**ഇൻട്രാ–കോളേജ് സ്ക്വാഡ് ഡ്രിൽ മത്സരം സംഘടിപ്പിച്ചു**

എൻസിസി വാരാഘോഷത്തിന്റെ ഭാഗമായി നിർമലഗിരി കോളേജ് (ഓട്ടോണമസ്) 31 കെ ബറ്റാലിയൻ എൻ സി സി ഇൻട്രാ–കോളേജ് സ്ക്വാഡ് ഡ്രിൽ മത്സരം നടത്തി. കോളേജ് ബാസ്കറ്റ്ബോൾ കോർട്ടിൽ നടന്ന പരിപാടിയുടെ മേൽനോട്ടം എഎൻഒ ലെഫ്റ്റനന്റ് ഡോ. കാമിലോ ജോസഫായിരുന്നു.

ആൽഫ, ബ്രാവോ, ചാർലി ടീമുകളെ പ്രതിനിധീകരിച്ച് മുപ്പത് എസ്ഡി (സീനിയർ ഡിവിഷൻ) കേഡറ്റുകളും 24 എസ്ഡബ്ല്യു (സീനിയർ വിംഗ്) കേഡറ്റുകളും മത്സരത്തിൽ പങ്കെടുത്തു. രാവിലെ 8:30 ന് ആരംഭിച്ച പരിപാടി കേഡറ്റുകൾക്ക് അവരുടെ ഡ്രിൽ കഴിവുകളും ടീം വർക്കും പ്രദർശിപ്പിക്കാൻ അവസരം നൽകി.

നിർമ്മലഗിരി കോളേജിലെ 9(K) ഗേൾസ് ബറ്റാലിയന്റെ നേതൃത്വത്തിൽ എൻ.സി.സി. വാരാഘോഷത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പഴശ്ശിരാജാ മെമ്മോറിയൽ ബഡ്സ് സ്പെഷ്യൽ സ്കൂൾ സന്ദർശനം, കാമ്പസിൽ സ്വച്ഛതാ (ശുചിത്വ) അവബോധ റാലി, ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരം, സിറ്റ്–അപ്പ് മത്സരം പ്രസംഗ മത്സരം, ശുചീകരണ യജ്ഞം, ഫ്ളാഷ് മോബ് എന്നിവ സംഘടിപ്പിച്ചു. എൻസിസി കെയർ ടേക്കർ അസി. പ്രൊഫ. ഡോ. അഞ്ജു ജോസഫ് പരിപാടികൾക്ക് നേതൃത്വം നൽകി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# TRACE

THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

**ഹെൽപ്പ് ഡെസ്ക്**

**നവംബർ 2 ഞായർ:** കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പാലത്തിൻകടവ് സൺഡേസ്കൂൾ കുട്ടികൾക്കായി മാനസികാരോഗ്യത്തെകുറിച്ചുള്ള ബോധവൽക്കരണവും കൗൺസിലിംഗും നടത്തി. ധർമ്മശാല നവദർശൻ ഫാമിലി റിന്യൂവൽ സെന്ററിലെ സിസ്റ്റേഴ്സ് ആണ് കൗൺസിലിംഗിന് നേതൃത്വം നൽകിയത്.

**നവംബർ 16 ഞായർ:** നെടുവാലൂർ സൺഡേ സ്കൂൾ കുട്ടികൾക്കായി മാനസികാരോഗ്യ ബോധവൽക്കരണവും കൗൺസിലിംഗും നടത്തി.

**നവംബർ 18,19:** വെള്ളരിക്കുണ്ട് സെന്റ് ജൂഡ് ഹയർ സെക്കൻഡറി സ്കൂളിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷണൽ ക്ലാസും, കരിയർ ഗൈഡൻസും, കൗൺസിലിംഗും നടത്തി. ജോസഫ് റാത്തപ്പിള്ളിൽ, ശ്രീ. ജോണി വടക്കേക്കര എന്നിവർ ക്ലാസുകൾ നയിച്ചു. അതിരൂപതാ മെന്റൽ ഹെൽത്ത് മിനിസ്ട്രി അംഗങ്ങൾ കൗൺസിലിംഗ് നടത്തി.

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചല്ലൂസ്*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### നവംബർ മാസത്തെ പ്രവർത്തനങ്ങൾ

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് 14- 11- 25 വെള്ളിയാഴ്ച തലശ്ശേരി സന്ദേശഭവനിൽ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

**ഗ്ലോബൽ സമിതി നയിച്ച അവകാശ സംരക്ഷണ യാത്രയുടെ അവലോകനം നടത്തി**

അവകാശ സംരക്ഷണയാത്ര തലശ്ശേരി അതിരൂപതയിൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സമുദായ അംഗങ്ങളുടെയും കത്തോലിക്കാ കോൺഗ്രസ് ഫൊറോന, യൂണിറ്റ് നേതൃത്വത്തിന്റെയും പ്രവർത്തകരുടെയും ആത്മാർത്ഥമായ സഹകരണത്തോടു കൂടി വിജയകരമായി നടന്നു എന്ന് യോഗം വിലയിരുത്തി.

അവകാശ സംരക്ഷണയാത്ര വിജയകരമാക്കിയ എല്ലാവർക്കും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി അഭിനന്ദനങ്ങളും നന്ദിയും അറിയിച്ചു. അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ, വൈസ് പ്രസിഡണ്ട് ഐ.സി. മേരി, ബിജു മണ്ഡപത്തിൽ, ജോർജ് കാനാട്ട്, ജോസഫ് മാത്യു കൈതമറ്റം, ജോളി ജോസഫ് എരിഞ്ഞേരിയിൽ, തോമസ് ഒഴുകയിൽ ബെന്നി തുളുമ്പുംമാക്കൽ, ജോണി വടക്കേക്കര എന്നിവർ സംസാരിച്ചു.

**തീരുമാനങ്ങൾ**

1 കത്തോലിക്കാ കോൺഗ്രസ് ഫൊറോന, ഇടവക യൂണിറ്റുകളുടെ നേതൃത്വത്തിൽ ഡിസംബർ 1, 2 തീയതികളിലായി പാതയോരങ്ങളിലെ കാടുകൾ വെട്ടിതെളിച്ച് വൃത്തിയാക്കുവാൻ തീരുമാനിച്ചു.

2 ഡിസംബർ മാസത്തിൽ എല്ലാ ഫൊറോന കമ്മിറ്റികളുടെയും നേതൃത്വത്തിൽ ജനറൽബോഡി ചേരുന്നതിനും അതിരൂപതാ ഭാരവാഹികൾ സന്ദർശിക്കുന്നതിനും തീരുമാനിച്ചു.

3 കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ ജനുവരി 15ന് മുമ്പായി യൂണിറ്റുകൾ രൂപീകരിക്കാനും സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ് അതിരൂപതയായി തലശ്ശേരി അതിരൂപതയെ പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചു.

4 ഡിസംബർ 5, 6 തീയതികളിലായി ചെമ്പേരി ലൂർദ് മാതാ ബസിലിക്ക ദേവാലയത്തിലേക്ക് നടത്തുന്ന മരിയൻ തീർത്ഥാടനത്തിന് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ വോളണ്ടിയേഴ്സിന്റെ സേവനം നൽകുന്നതിന് തീരുമാനിച്ചു.

5 ഡിസംബർ മാസത്തെ അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് മണിക്കടവ് ഫൊറോനയിൽ വച്ച് ചേരുവാൻ തീരുമാനിച്ചു.

**സംഘടനാ പ്രവർത്തനങ്ങൾ**

1 തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് പടിക്കൽ നടത്തിയ റാലിയിലും അവകാശ സംരക്ഷണ യാത്രയുടെ സമാപനത്തിലും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്ന് കത്തോലിക്ക കോൺഗ്രസ് നേതാക്കളും പ്രവർത്തകരും പങ്കെടുത്തു.

2 ഒക്ടോബറിൽ ജപമാല മാസത്തോടനുബന്ധിച്ച് കുന്നോത്ത് കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റിന്റെ നേതൃത്വത്തിൽ ജപമാല റാലി നടത്തി.

3 കത്തോലിക്കാ കോൺഗ്രസ് മുളപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തകർ പള്ളിയുടെ റബർ തോട്ടത്തിലെ കാടുകൾ വെട്ടിത്തെളിച്ച് വൃത്തിയാക്കി. അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ഇടവക വികാരി ഫാ. കുര്യാക്കോസ് അറക്കൽ ഉദ്ഘാടനം ചെയ്തു.

4 തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ വിവിധ പാർട്ടികളിലായി മത്സരിക്കുന്ന കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തകർക്ക് അതിരൂപത കമ്മിറ്റി വിജയാശംസകൾ നേർന്നു. വിവിധ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയിലായി 35 ഓളം കത്തോലിക്ക കോൺഗ്രസിന്റെ നേതാക്കളും പ്രവർത്തകരും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു. സമുദായ അംഗങ്ങൾ എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

**അനുശോചനം**

നമ്മുടെ അതിരൂപത അംഗമായ ബൈബിൾ പണ്ഡിതൻ റവ. ഫാ. ഡോ. മൈക്കിൾ കാരിമറ്റത്തിന്റെ നിര്യാണത്തിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

ഫൊറോനാതല എയ്ഞ്ചൽ ഡയാലിസിന്റെ അർദ്ധ വാർഷിക ഓഡിറ്റിംഗിനായി അതിരൂപത ഓഫിസിൽ ഇനിയും കണക്കുകൾ സമർപ്പിക്കാത്തവർ ഡിസംബർ 15 ന് അകം നിർബന്ധമായും സമർപ്പിക്കുമല്ലോ. 2025 ഏപ്രിൽ 1 മുതൽ ഒക്ടോബർ 30 വരെയുള്ള കണക്കുകളാണ് ഓഫിസിൽ നൽകേണ്ടത്. നിർദ്ദിഷ്ഠ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയാണ് കണക്കുകൾ ക്രമീകരിക്കേണ്ടത്. സോഫ്റ്റ് വെയറിൽ കണക്കുകൾ ചെയ്യുമ്പോൾ എന്തെങ്കിലും സംശയം വന്നാൽ ശ്രീ. ജസ്റ്റിനുമായി (Mob. No. 7306705042) സംസാരിച്ച് പരിഹരിക്കാൻ ശ്രദ്ധിക്കുമല്ലോ.

കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാൻ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1. ഇടവകയുടെ പേരിൽ കൊടുക്കുന്ന എല്ലാ തുകകളും പള്ളിയുടെ കണക്കിലും ചേർക്കണം.
2. ലഭിക്കുന്ന എല്ലാ തുകകൾക്കും റെസിപ്റ്റ് നിർബന്ധമാണ്.
3. ബില്ലും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കണം.
4. എയ്ഞ്ചൽ ഡയാലിസിസിന് ഇടവകയിൽ നിന്ന് കൊടുക്കുന്ന തുകയും പള്ളികണക്കിലുള്ള തുകയും ഒന്നായിരിക്കണം.
4. 2025 മാർച്ച് 31 ന് കണക്കുകൾ പൂർത്തികരിക്കുമ്പോൾ താഴെ നൽകിയിരിക്കുന്ന തുകകളാണ് ഓഡിറ്റ് പ്രകാരം ഉണ്ടാകേണ്ടത്. പ്രസ്തുത ബാലൻസ് ഷീറ്റ് അനുസരിച്ചു 2025 ഏപ്രിൽ 1 മുതൽ കണക്കുകൾ സോഫ്റ്റ് വെയറിൽ ചെയ്യണം.

## Cash and Bank Balance as on 31-03-2025

| PARTICULARS | CASH | BANK |
|---|---|---|
| ആലക്കോട് | 38,772 00 | 2,59,133 50 |
| ചെമ്പേരി | 5,000 00 | 25,107 58 |
| ചെറുപുഴ | 69,105 00 | 39,061 78 |
| എടൂർ | 74 00 | 50,789 20 |
| കാഞ്ഞങ്ങാട് | 26,344 00 | 8,530 00 |
| കാസർഗോഡ് | 11 00 | 7,020 50 |
| കുന്നോത്ത് | 18,500 00 | 2,15,877 50 |
| മണിക്കടവ് | 10,500 00 | 18,687 00 |
| മേരിഗിരി | 4,375 00 | 13,050 00 |
| നെല്ലിക്കാംപൊയിൽ | 1,24,900 00 | 28,897 90 |
| പൈസക്കരി | 19,700 00 | 1,23,961 00 |
| പനത്തടി | 500 00 | 1,00,582 50 |
| പേരാവൂർ | 10,000 00 | 1,49,556 50 |
| തോമാപുരം | 0 01 | 4,483 68 |
| വായാട്ടുപറമ്പ | 26,000 00 | 1,11,058 50 |
| വെള്ളരിക്കുണ്ട് | 30,950 00 | 53,155 50 |
| കടത്തുംകടവ് | 30,950 00 | 53,155 50 |
| മാലോം | – | – |
| തലശ്ശേരി | – | 64,405 04 |
| തളിപ്പറമ്പ | – | 78,331 50 |
| ചെമ്പന്തൊട്ടി | – | 11,899 30 |

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**കരിസ്മാറ്റിക് സംഗമം**

കാസർഗോഡ് സോണിലെ രാജപുരം, പനത്തടി സബ് സോണുകളെ ഉൾപ്പെടുത്തി കൊണ്ട് കള്ളാർ ആശ്രമദൈവാലയത്തിൽവച്ച് രണ്ടു ദിവസത്തെ കരിസ്മാറ്റിക് സംഗമം നടന്നു. കാസർഗോഡ് സോൺ ആനിമേറ്റർ മോൺ മാത്യു ഇളംതുരുത്തിപ്പടവിൽ, ആശ്രമ ധ്യാനഗുരു റവ. ഫാ. ജോർജ് കുടുന്തയിൽ എന്നിവർ നേതൃത്വം നൽകി.

**വരദാന പരിശീലനം**

റവ. സി. ടെസിൻ MSMI യുടെ നേതൃത്വത്തിൽ നവംബർ 17,18,19 തീയതികളിൽ ചട്ടമല ഇടവക ദൈവാലയത്തിൽ വച്ചു നടന്നു.

**കെ.എ.സി. മീറ്റ്**

ഒക്ടോബർ 27 ന് എമ്മാവൂസിൽ വച്ച് നടന്ന കെ.എ.സി. മീറ്റിംഗിൽ കാസർഗോഡ് സോണിൽ നിന്നും 6 പേരും തലശ്ശേരി സോണിൽ നിന്ന് 5 പേരും കണ്ണൂർ സോണിൽ നിന്ന് 6 പേരും പങ്കെടുത്തു. 2026 മെയ് 1,2,3 തീയതികളിൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് 10000 പേരെ പങ്കെടുപ്പിച്ച് ജൂബിലി പ്രോഗ്രാം നടത്താൻ തീരുമാനിച്ചു. ജൂബിലിക്കുവേണ്ടി യുള്ള വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു.

**തിരുസന്നിധേ**

ഒക്ടോബർ 24 ന് സോണിന്റെ ജൂബിലി ഒരുക്ക പ്രാർത്ഥന തോമാപുരം വച്ച് സബ് സോണിലുള്ള സെന്റ് വിൻസെൻഷ്യൻ ഭവനത്തിൽ വച്ചു നടന്നു.

**സിസ്റ്റേഴ്സ് മിനിസ്ട്രി**

20.10.2025 ന് വെള്ളരിക്കുണ്ട് ഫൊറോന ദൈവാലയത്തിൽ വച്ച് രാവിലെ 9:30 മുതൽ 3:30 വരെ വെള്ളരിക്കുണ്ട്, മാലോം, നീലേശ്വരം സബ് സോണുകളിലെ സിസ്റ്റേഴ്സിനെ ഒരുമിച്ചുകൂട്ടികൊണ്ട് ഏകദിന കൂട്ടായ്മ നടത്തുകയുണ്ടായി. 30 ൽ പരം സിസ്റ്റേഴ്സ് കൂട്ടായ്മയിൽ പങ്കെടുത്തു. വെള്ളരിക്കുണ്ട് ഫൊറോന വികാരി റവ. ഡോ. ജോൺസൺ അന്ത്യാങ്കുളം പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സോൺ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, തോമസ് പടിഞ്ഞാറ്റുമാലി, സോൺ കോർഡിനേറ്റർ ബിനോയി പുതിയമംഗലത്ത് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഈ കൂട്ടായ്മയിൽ വച്ച് വെള്ളരിക്കുണ്ട്, നീലേശ്വരം, മാലോം സബ് സോണുകളിൽ സിസ്റ്റേഴ്സ് മിനിസ്ട്രി രൂപീകരിച്ചു.

കണ്ണൂർ, തലശ്ശേരി സോണുകൾക്ക് സംയുക്തമായി 18-10-2025 ശനിയാഴ്ച രാവിലെ 09:30 മുതൽ 04:00 മണി വരെ ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് കെ.സി.ബി.സി. കരിസ്മാറ്റിക് സെക്രട്ടറിയും കെ.എസ്.ടി. കോർഡിനേറ്ററുമായ റവ. ഫാ. ജോൺസൺ തുണ്ടയിൽ, KCSC ടീമും ഫോർമേഷൻ പ്രോഗ്രാം നടത്തി.

**അതിരൂപതാ വിസിറ്റ്**

തലശ്ശേരി സോണിലെ അതിരൂപതാ വിസിറ്റ് 22-10-25 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് നടന്നു. അതിരൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ വചനസന്ദേശം നടത്തി. തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി, അതിരൂപതാ സിക്രട്ടറി സന്തോഷ് തലച്ചിറ, കെ.സി.എസ്.സി. അംഗം റവ. സി. മരിയറ്റ് MSMI, തലശ്ശേരി സോൺ ആനിമേറ്റർ റവ. സി. മേരി മാത്യു CMC, സോണൽ കോർഡിനേറ്റർ ഷാജി ചെട്ട്യാശ്ശേരി, സോണൽ സെക്രട്ടറി റോസമ്മ ടീച്ചർ എന്നിവർ നേതൃത്വം നൽകി.

3 സോണുകളിലെ മുഴുവൻ നേതൃത്വവും മറ്റു താത്പര്യമുള്ളവരും ഡിസംബർ 16 ന് ഉച്ചയ്ക്ക് 2 മണിക്ക് കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ ജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് നാളിതുവരെ കരിസ്മാറ്റിക് നവീകരണത്തിലൂടെ അതിരൂപതയ്ക്ക് ലഭിച്ച അനുഗ്രഹ ങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ചു നടക്കുന്ന ജാഗരണ പ്രാർത്ഥനയിലും അഭിവന്ദ്യ പിതാവിന്റെ ഉദ്ഘാടന സന്ദേശത്തിലും ഐഡന്റിറ്റി കാർഡ് വിതരണത്തിലും പങ്കെടുക്കേണ്ട താണ്. അതിരൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, മദർഹോം ഡയറക്ടർ റവ. ഫാ. ബെന്നി പുത്തൻനട, കാസർഗോഡ് സോൺ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി, കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപ്പാറ കെ.സി.എസ്.സി. ജോയിന്റ് കോർഡിനേറ്റർ, ഷാജി വൈക്കത്ത് പറമ്പിൽ, അതിരൂപതാ സിക്രട്ടറി സന്തോഷ് തലച്ചിറ എന്നിവർ നേതൃത്വം നൽകുന്നു. 17-12-25 ന് രാവിലെ 5 മണിക്ക് വി. കുർബ്ബാനയോടെ പ്രോഗ്രാം സമാപിക്കുന്നു. അതിരൂപതാ ഡയറക്ടറും, 3 സോണുകളിലെ ആനിമേറ്റർ അച്ചൻമാരും ആനിമേറ്റർ സിസ്റ്റർമാരും സാധിക്കുന്ന സബ് സോൺ ആനിമേറ്റർമാരും പങ്കെടുക്കുന്നു.

ഓരോ സോണിൽ നിന്നും 16-12-25 ന് എത്ര പേർ പങ്കെടുക്കുമെന്ന് ഡിസംബർ 5 ന് മുൻപ് അറിയിക്കേണ്ടതാണ്.

നെല്ലിക്കുറ്റിയിൽ നടന്ന വരദാന പരിശീലന ധ്യാനത്തിൽ പങ്കെടുത്ത തലശ്ശേരി രൂപതാംഗങ്ങൾക്ക് ഐസന്റിറ്റി കാർഡ് നൽകുന്നതാണ്. കഴിഞ്ഞ തവണ സന്ദേശഭവനിൽ വച്ച് ഐഡന്റിറ്റി കാർഡ് നൽകിയ മുഴുവൻ പേരെയും പങ്കെടുപ്പിക്കണം. സോണൽ കോർഡിനേറ്റർമാർ ഫോട്ടോയും മറ്റു വിവരങ്ങളും അയച്ചു തരേണ്ടതാണ്.

**ഫോർമേഷൻ പ്രോഗ്രാം**

രാജപുരം പനത്തടി സബ് സോണുകളിലെ പ്രാർത്ഥന കൂട്ടായ്മയിലെ അംഗങ്ങൾക്കുവേണ്ടി കള്ളാറിൽ വച്ച് നടത്തിയ രണ്ട് ദിവസത്തെ ഫോർമേഷൻ പ്രോഗ്രാമിൽ ബഹു. സോണൽ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപടവിൽ ക്ലാസെടുത്തു.

**സോണൽ കോർ കൂട്ടായ്മ**

7-10-25 തലശേരി സോണൽ കോർ ഗ്രൂപ്പ് നടന്നു. സോണൽ സർവീസ് ടീം അംഗങ്ങളും സബ്സോൺ കോഡിനേറ്റർ, സെക്രട്ടറി, ട്രഷറർ എന്നിവരും പങ്കെടുത്ത മീറ്റിങ്ങിൽ ക്രിസ്റ്റീൻ ഫോർമേഷനും, വിളമന ഇടവകയിലെ ക്രിസ്റ്റീൻ ധ്യാനവും നടത്താൻ തീരുമാനിച്ചു.

**കരിസ്മാറ്റിക് സംഗമം**

തീയതികളിലായി വെള്ളരിക്കുണ്ട് മാലോം സബ് സോണുകളെ ഉൾപ്പെടുത്തി കൊണ്ട് രണ്ട് ദിവസത്തെ കരസ്മാറ്റിക് സംഗമം വെള്ളരിക്കുണ്ട് ദൈവാലയത്തിൽ വച്ച് രാവിലെ 9:30 മുതൽ വൈകുന്നേരം 3:30 വരെ നടന്നു. 100 പേർ പങ്കെടുത്തു. ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ സോൺ കോർഡിനേറ്റർ ബിനോയി പുതിയ മംഗലം, തോമസ് പടിഞ്ഞാറ്റു മാലി എന്നിവയുടെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നു.

**തിരുസന്നിധേ**

കണ്ണൂർ സോണിൽ തളിപ്പറമ്പ് സബ്സോണിന്റെ നേതൃത്വത്തിൽ 23-10-2025 വ്യാഴം രാവിലെ 9:30 മുതൽ 01:00 മണി വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് ജൂബിലേവൂസ് 'തിരുസന്നിധേ' പ്രാർത്ഥന കൂട്ടായ്മ നടത്തപ്പെട്ടു റവ. ഫാ. ടോമി മാളക്കാരൻ ജൂബിലി ദീപം തെളിയിക്കലും അനുഗ്രഹ പ്രഭാഷണവും നടത്തി.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

## മരിയൻ പിൽഗ്രിം മിനിസ്ട്രി

മരിയൻ പിൽഗ്രിം മിനിസ്ട്രി തലശ്ശേരി അതിരൂപത വിശുദ്ധ നാട് തീർത്ഥാടനം 2026 ഏപ്രിൽ 7 മുതൽ 18 വരെ ജോർദാൻ - ഇസ്രായേൽ - പാലസ്തീൻ - ഈജിപ്ത് എല്ലാ ചിലവുകളും ഉൾപ്പെടെ **1,65,000/-** യൂറോപ്പ് മരിയൻ തീർത്ഥാടനം 2025 ഏപ്രിൽ 26 മുതൽ മെയ് 11 വരെ ഇറ്റലി, വത്തിക്കാൻ, സ്വിറ്റ്സർലൻഡ്, ജർമ്മനി, ഫ്രാൻസ്, പോർച്ചുഗൽ, സ്പെയിൻ 16 ദിവസം 7 രാജ്യങ്ങൾ **3,35,000/-** മാർപ്പാപ്പയെ നേരിൽ കാണുന്നതിന് അവസരം - ലൂർദിലും ഫാത്തിമയിലും മെഴുകുതിരി പ്രദക്ഷിണം. വത്തിക്കാൻ, അസ്സീസി, പാദുവ, ആവില, ലയോളാ, ലൂർദ്, ഫാത്തിമ, എന്നീ സ്ഥലങ്ങളിൽ പ്രത്യേക വി. കുർബാന ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.

**7306266198** ഫാ. ജോർജ് വെള്ളരിങ്ങാട്ട്. മരിയൻ പിൽഗ്രിം മിനിസ്ട്രി.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ആലക്കോട് മിഷൻ**

രണ്ടാം തീയതി ഞായറാഴ്ച ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിൽ ബൈബിൾ പഠനവും വിശുദ്ധ ബലി അർപ്പണവും നടത്തി. വിളക്കന്നൂർ ദിവ്യകാരുണ്യ അത്ഭുത സന്നിധിയിൽ 23-ാം തീയതി ഇന്ത്യൻ കാത്തലിക് ബധിര അസോസിയേഷന്റെയും ആദം മിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന തീർത്ഥാടനത്തിന്റെ ഭാഗമായി പ്രാർത്ഥനകൾ, ഗാനങ്ങൾ പരിശീലിപ്പിച്ചു.

**ശാലോം ടെലിവിഷൻ**

ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3-ന് ഒരുക്കമായി ശാലോം മീഡിയയിലൂടെ അന്നേ ദിനത്തിലെ ബലിയർപ്പണം ആംഗ്യഭാഷയിൽ സംപ്രേഷണം ചെയ്യുന്നതിനായി ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് റെക്കോർഡ് ചെയ്തു. കരുവഞ്ചാൽ ആശാഭവൻഭവൻ, ചിറ്റാരിക്കാൽ ജ്യോതിഭവൻ എന്നീ സ്പെഷ്യൽ സ്കൂളിലെ കുട്ടികളും, ബഹു. സിസ്റ്റേഴ്സ്, അധ്യാപകർ, ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി അംഗങ്ങൾ എന്നിവർ ബലിയിൽ പങ്കുചേർന്നു.

ഭിന്നശേഷിക്കാരായ ശ്രീ. ഡീനോയ് പുളിയംകുന്നേൽ തടിക്കടവ്, ശ്രീ. സാജൻ വെള്ളംകുന്നേൽ ജോസ് മൗണ്ട്, എന്നിവർ ബഹു. സിസ്റ്റർ ലിനറ്റ് എസ്.എച്ചിനോടൊപ്പം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വി. കുർബാനയ്ക്കായി അവസരം ഒരുക്കി തന്ന പെരിയ ബഹു. ഫാ. ആന്റണി പുന്നൂർ, ഫാ. എബിൻ മുള്ളൻകുഴിയിൽ, സാക്രിസ്റ്റ്യൻ ജിബിൻ കളരിക്കൽ എന്നിവർക്കും ശാലോം ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**ബാംഗ്ലൂർ മിഷൻ**

9-ാം തീയതി ഞായറാഴ്ച ബാംഗ്ലൂർ മിഷനിലെ സഹോദരങ്ങളോടൊത്ത് ബലിയർപ്പിച്ചു. പരിശുദ്ധ ദൈവമാതാവിനെ സംബന്ധിച്ച് പുതുതായി നൽകപ്പെട്ട പഠനങ്ങൾ അംഗങ്ങൾക്ക് വിശദീകരിച്ച് നൽകി. സമാഗതമാകുന്ന ക്രിസ്മസ് ദിനങ്ങൾക്കായുള്ള ചിന്തകൾ പങ്കുവെച്ചു.

**ശിശുദിന ആഘോഷങ്ങൾ**

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ 14-ാം തീയതി സ്പെഷ്യൽ സ്കൂൾ ശിശുദിന ആഘോഷങ്ങളിൽ പങ്കുചേർന്നു. കരുവഞ്ചാൽ ആശാഭവൻ സ്പെഷ്യൽ സ്കൂളിൽ കുട്ടികൾക്കായി സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

ചിറ്റാരിക്കാൽ ജ്യോതിഭവൻ സ്പെഷ്യൽ സ്കൂൾ ശിശുദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി ഒരുക്കിയ പുഴയോരം സന്ദർശനത്തിൽ പങ്കുചേർന്നു. ആയന്നൂർ പുഴയോരത്ത് സംഘടിപ്പിച്ച ആഘോഷങ്ങളിൽ പങ്കുചേർന്ന് കുട്ടികൾക്ക് മധുരം നൽകി.

**വിളക്കന്നൂർ തീർത്ഥാടനം**

ദിവ്യകാരുണ്യ അത്ഭുത വാർഷിക ആഘോഷത്തിന്റെ അനുഗ്രഹീത നിമിഷങ്ങളിൽ വിളക്കന്നൂർ ക്രിസ്തുരാജ ദേവാലയത്തിൽ ക്രിസ്തു രാജന്റെ രാജത്വത്തിരുനാളിൽ പങ്കുചേർന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 150 ഓളം ബധിര വിശ്വാസികൾ വിളക്കന്നൂർ ദിവ്യകാരുണ്യ സന്നിധിയിൽ ഒരുമിച്ചുകൂടി. ഇന്ത്യൻ ബധിര വിശ്വാസ സമൂഹത്തിൽ നിന്നും ആദ്യമായി പുരോഹിതനായ ഹോളിക്രോസ് സഭാംഗമായ റവ. ഫാ. ജോസഫ് തേർമടം, ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് എന്നിവർ വി. ബലിക്കും പ്രാർത്ഥനകൾക്കും ആംഗ്യഭാഷയിൽ പരിഭാഷ നൽകി. തീർത്ഥാടനത്തിന് കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയും, ആദം മിനിസ്ട്രിയും നേതൃത്വം നൽകി. തീർത്ഥാടനത്തി നായി ഒരുക്കങ്ങൾ ചെയ്തുതന്ന ബഹു. സെബാസ്റ്റ്യൻ പുതുപ്പള്ളി അച്ചനും, ബഹു. തോമസ് കീഴാരത്തിൽ അച്ചനും ആദം മിനിസ്ട്രിയുടെ നന്ദി.

**സൗഹൃദ യാത്ര**

ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി അതിരൂപതയിൽ ഭിന്നശേഷി അനുബന്ധമായ സ്ഥാപനങ്ങളിലെ കുട്ടികൾക്കും, അധ്യാപകർക്കും, അന്തേവാസികൾക്കുമായി ആരംഭിച്ചിരിക്കുന്ന സൗഹൃദ യാത്രയുടെ ഭാഗമായി കരുവഞ്ചാൽ ആശാഭവൻ, ചിറ്റാരിക്കാൽ ജ്യോതിഭവൻ എന്നീ സ്പെഷൽ സ്കൂളിലെ കുട്ടികളുമായി ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക, വിളക്കന്നൂർ ക്രിസ്തുരാജ തീർഥാടന ദൈവാലയം, വിമൽ ജ്യോതി എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിലേക്ക് 25-ാം തീയതി ചൊവ്വാഴ്ച സൗഹൃദ യാത്ര നടത്തി. നൂറോളം കുട്ടികളും, അധ്യാപകരും, ബഹു. സിസ്റ്റേഴ്സ് തുടങ്ങിയവർ യാത്രയിൽ പങ്കുചേർന്നു.

സൗഹൃദ യാത്രയിലെ അംഗങ്ങളെ സ്നേഹപൂർവ്വം സ്വീകരിച്ച് അവർക്കായി സ്നേഹവിരുന്ന് ഒരുക്കിയ എഞ്ചിനീയറിങ് കോളേജിലെ സ്നേഹ ബഹു. ജെയിംസ് ചെല്ലങ്കോട്ടച്ചനും, ലാസർ വരമ്പകത്ത് അച്ചനും, ജോമിഷ് നൂറമ്മാക്കൽ അച്ചനും, ക്രിസ് കടക്കുഴിയിൽ അച്ചനും ആദം മിനിസ്ട്രിയുടെ നന്ദി

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ–ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ലഹരിക്കെതിരെ സമൂഹമൊന്നാകെ പ്രതിരോധം തീർത്താൽ മാത്രമേ ഈ മാരക വിപത്തിൽ നിന്ന് നമ്മെ രക്ഷിക്കാൻ കഴിയൂ. ഭരണാധികാരികളുടെ ജനക്ഷേമത്തിലൂന്നിയ നടപടികളും സർക്കാർ സംവിധാനങ്ങളുടെ ത്വരിതഗതിയിലുള്ള നടപടികളും പൊതുസമൂഹത്തിന്റെ ജാഗ്രതയും ഈ മഹാവിപത്തിനെ പ്രതിരോധിക്കാൻ ആവശ്യമാണ്.

**തിരഞ്ഞെടുപ്പിൽ മദ്യനയം ചർച്ചാ വിഷയമാക്കണം: അതിരൂപതാ സമിതി**

നവംബർ 1 ന് കേരള പിറവി ദിനത്തിൽ മാടത്തിൽ പള്ളിയിൽ വെച്ച് കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്ത അതിരൂപതാ സമിതി യോഗം ചേർന്നു. മുക്തിശ്രീ അദ്ധ്യക്ഷ ഷിനോ പാറയ്ക്കൽ സ്വാഗതം പറഞ്ഞ മീറ്റിംഗിൽ മദ്യ- ലഹരി വിരുദ്ധ സമിതി പ്രസിഡണ്ട് ടോമി വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

**തീരുമാനങ്ങൾ**

1. ആഗതമാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ലഹരിക്കെതിരെ പ്രഖ്യാപിത നിലപാടുകൾ കൈക്കൊള്ളുന്ന രാഷ്ട്രീയ പാർട്ടികളെയും സ്ഥാനാർത്ഥികളെയും പിന്തുണക്കുക.
2. പുലിക്കുരുമ്പയിൽ വരുന്നെന്നു പറയുന്ന ബീവറേജ് ഔട്ട് ലെറ്റിനെതിരെ നവംബർ 10 ന് പ്രതിഷേധ സംഗമം നടത്തുക.
3. അതിരൂപതയിലെ എല്ലാ ഇടവകകളിലും വിഭൂതി തിരുനാളിന് മുമ്പായി ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശീയുടെയും യൂണിറ്റുകൾ കഴിവതും സ്ഥാപിക്കുക. വലിയ നോമ്പ് കാലയളവിൽ മേഖലാ സമിതികൾ രൂപീകരിക്കുക. മദ്യവിരുദ്ധ ക്രിസ്തുമസ്, പുതുവത്സരം. ഈസ്റ്റർ ക്യാമ്പയിനുകൾ നടത്തുക.

**പുലിക്കുരുമ്പയിൽ പ്രതിഷേധ സംഗമം**

ടൂറിസത്തിന്റെ മറവിൽ പുലിക്കുരുമ്പയിൽ വരുന്നെന്നു പറയുന്ന മദ്യഷാപ്പിനെതിരെ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ നവംബർ 10 ന് ഞായറാഴ്ച പുലിക്കുരുമ്പ ടൗണിൽ പ്രതിഷേധ സംഗമം നടത്തി. ഷിനോ പാറയ്ക്കൽ സ്വാഗതം പറഞ്ഞു. പുലിക്കുരുമ്പ വികാരി റവ. ഫാ. തോമസ് പൈമ്പിള്ളി ആമുഖഭാഷണം നടത്തി. ടോമി വെട്ടിക്കാട്ടിൽ

അദ്ധ്യക്ഷത വഹിച്ചു. ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക റെക്ടർ വെരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. സോയി പുറവക്കാട്ട് സംസാരിച്ചു. ജോസ് ചിറ്റേട്ട് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ക്കൊടുത്തു. ഷെൽസി കാവനാടിയിൽ നന്ദി പറഞ്ഞു. അതിരൂപത ഭാരവാഹികൾ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**പ്രതീക്ഷയുടെ ജനറൽ ബോഡി മീറ്റിംഗ്**

പ്രതീക്ഷയുടെ ജനറൽ ബോഡി മീറ്റിംഗ് ഡിസംബർ 20 ന് ശനിയാഴ്ച രാവിലെ 10:30 ന് പൊന്ന്യത്തുള്ള സീഫാം കൗൺസിലിംഗ് സെന്ററിന്റെ ഹാളിൽ വെച്ച് രക്ഷാധികാരി കൂടിയായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മഹനീയ അദ്ധ്യക്ഷതയിൽ ചേരുന്നു. പ്രസ്തുത യോഗത്തിൽ എല്ലാ ജനറൽ ബോഡി അംഗങ്ങളും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മാനേജിംഗ് കമ്മറ്റി**

പ്രതീക്ഷയുടെ നിലയിലുള്ള മാനേജിംഗ് കമ്മറ്റിയുടെ അവസാന മീറ്റിംഗ് നവംബർ 19 ന് ബുധനാഴ്ച പ്രതീക്ഷയിൽ വച്ച് നടന്നു. ബൈലോ പ്രകാരമുള്ള 11 അംഗ മാനേജിംഗ് കമ്മറ്റിയാണ് പ്രതീക്ഷയുടെ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നത്. റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. സി. എമിലി എസ്.എ.ബി.എസ്, ഡോ. ജോസ്‌ലെറ്റ് മാത്യു, മാത്യു എം. കണ്ടത്തിൽ, സണ്ണി പുത്തേട്ട്, സണ്ണി പായിക്കാട്ട്, കെ. ഡി. ജോൺ കാഞ്ഞിരക്കാട്ടുതൊട്ടി യിൽ, അബ്രാഹം പാരിക്കാപള്ളി, സെബാസ്റ്റ്യൻ പെരുമ്പുഴ, ദേവസ്യ തൈപറമ്പിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവരാണ് നിലവിലെ അംഗങ്ങൾ. നിസ്തുല സേവനത്തിന് നന്ദി. പുതിയ മാനേജിംഗ് കമ്മിറ്റിയെ ജനറൽ ബോഡിയിൽ നിന്ന് തിരഞ്ഞെടുക്കും.

**എ.എ കൂട്ടായ്മ:** നവംബർ മാസത്തിലെ എ.എ. കൂട്ടായ്മ നവം. 2 ഞായറാഴ്ച പ്രതീക്ഷയിൽ വെച്ച് നടന്നു. സീഫാം ഡയറക്ടർ റവ. ഡോ. സെബാൻ ചെരിപ്പുറത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മുമ്പ് ചികിത്സ നേടി കടന്നു പോയ ധാരാളം പേർ പങ്കെടുത്തു. അടുത്ത എ.എ മീറ്റിംഗ് ഡിസംബർ 7 ഞായറാഴ്ച പ്രതീക്ഷയിൽ നടക്കും. രാവിലെ 9. 30 ന് വി.കുർബാനയോടെ തുടങ്ങുന്ന കൂട്ടായ്മ ഉച്ചഭക്ഷണത്തോടെ സമാപിക്കും. ക്ലാസ്സുകൾക്ക് ആന്റണി മേൽവെട്ടം സാർ നേതൃത്വം നൽകും. പ്രതീക്ഷയിൽ മുമ്പ് ചികിത്സ നേടി കടന്നുപോയ മദ്യമുക്തരായ ആളുകളെ പറഞ്ഞയക്കുവാൻ ബഹു. വൈദികർ പരിശ്രമിക്കുമല്ലോ.

**ആദരാഞ്ജലികൾ:** കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും പ്രതീക്ഷയുടെയും മുൻനിരനായകനും ആത്മാർത്ഥമായ പ്രവർത്തനങ്ങൾ വഴി ഏവരുടെയും ഹൃദയങ്ങളിൽ ഇടം പിടിച്ചു കൊല്ലക്കൊമ്പിൽ തങ്കച്ചൻ ചേട്ടന്റെ വത്സല പിതാവ് തോമസ് ജോൺ (കുഞ്ഞുട്ടി ചേട്ടൻ) നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ആത്മാവിന് നിത്യശാന്തി നേരുന്നു

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

## ടി.എസ്.എസ്.എസ്.

**പുതിയ യൂണിറ്റുകൾ**

1. തടിക്കടവ് ക്രെഡിറ്റ് യൂണിയൻ

2025 നവംബർ 9-ന് ടി.എസ്.എസ്.എസിന്റെ 155-ാം ജനകീയ സംഘ യൂണിറ്റായി തടിക്കടവ് ഇടവകയിൽ ക്രെഡിറ്റ് യൂണിയൻ സ്ഥാപിച്ചു. താഴെപ്പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

പ്രസിഡന്റ് : ജോസ്‌ലിൻ കടക്കുഴ, വൈസ് പ്രസിഡന്റ്: ടിങ്കിൾ പുളിക്കൽ, സെക്രട്ടറി: സോണി പറപ്പള്ളിൽ, ജോയിന്റ് സെക്രട്ടറി: ജെയ്സൺ മരുതാനിക്കാട്ട്, ഇന്റേണൽ ഓഡിറ്റർമാർ: ജോസ് അപ്പശ്ശേരി, രാരിച്ചൻ കൊച്ചുകുന്നേൽ കമ്മിറ്റി അംഗങ്ങൾ: ബിജി ചെറിയവടക്കേടം, ഷീജ മൈലാടൂർ, ജോയി കൈപ്പൻപ്ലാക്കൽ

**2. അരിവിളഞ്ഞപൊയിൽ ക്രെഡിറ്റ് യൂണിയൻ**

2025 നവംബർ 16-ന് ടി.എസ്.എസ്.എസിന്റെ 156-ാം ജനകീയ സംഘ യൂണിറ്റായി അരിവിളഞ്ഞപൊയിൽ ഇടവകയിൽ ക്രെഡിറ്റ് യൂണിയൻ സ്ഥാപിച്ചു. താഴെപ്പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

പ്രസിഡന്റ്: ടോമി പുത്തൻപുരയ്ക്കൽ, വൈസ് പ്രസിഡന്റ്: മിനി പറപ്പള്ളിൽ, സെക്രട്ടറി: ജോബി ചെമ്മരപ്പള്ളിൽ, ജോയിന്റ് സെക്രട്ടറി: മനോജ് കട്ടക്കയം, ഇന്റേണൽ ഓഡിറ്റർമാർ: ജിമ്മി പാലക്കൽ, സിബി ഇരണക്കൽ, കമ്മിറ്റി അംഗങ്ങൾ: ജോസഫ് വട്ടക്കൊട്ടയിൽ, സിബി കുറ്റിവേലിൽ, മിനി പാലാകാവുങ്കൽ.

**കാൻസർ പരിശോധന ക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പ് ഈ മാസം നവംബർ 8-ന്, ആലക്കോട് ടി. എസ്.എസ്.എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ കാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോക്ടർ ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ കാൻസർ ക്യാമ്പ് ഡിസംബർ 1-ന് നെല്ലിക്കാംപൊയിലിൽ വച്ച് നടത്തപ്പെടുന്നു.

**TSSS സെൻട്രൽ കമ്മിറ്റി യോഗം നടത്തി**

നവംബർ 11-ന് TSSS സെൻട്രൽ കമ്മിറ്റിയുടെ യോഗം ഓൺലൈനായി നടന്നു. TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് യോഗത്തിന് അധ്യക്ഷത വഹിച്ചു. യോഗത്തിൽ അർദ്ധവാർഷിക ഇന്റേണൽ ഓഡിറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നിർദ്ദേശങ്ങൾ ഉന്നയിച്ചു. വരാനിരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ പരമാവധി അംഗങ്ങളെ മത്സരിപ്പിക്കുവാനും വിജയിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കണമെന്ന് അറിയിക്കുകയും ചെയ്തു. കൂടാതെ മേഖലാ ഓഫീസുകളുടെ നേതൃത്വത്തിൽ ഓഡിറ്റ് പ്രക്രിയകളുമായി ബന്ധപ്പെട്ട പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറയപ്പെട്ടു. കൂടുതൽ പ്രദേശങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകണമെന്നും യോഗം അഭിപ്രായപ്പെട്ടു. ഇതോടൊപ്പം അടുത്ത സെൻട്രൽ കമ്മിറ്റി യോഗം ഓൺലൈനല്ലാതെ നേരിട്ട് നടത്തണം എന്ന നിർദ്ദേശവും യോഗത്തിൽ ഉയർന്നു.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2025 ഡിസംബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനം ചുവടെ ചേർക്കുന്നു.

ഡിസംബർ 3 - ലോക ഭിന്നശേഷി ദിനം (International Day of Persons with Disabilities)

ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് യൂണിറ്റിന്റെ അതിർത്തിക്കുള്ളിൽ ഉള്ള ഭിന്നശേഷിക്കാരെ സംഘടിപ്പിക്കുകയും അവരെ ആദരിക്കുകയും ചെയ്യുക.

- **രോഗീസന്ദർശനം & ചികിത്സാസഹായം**

മണിക്കടവ്, അറബി, കാഞ്ഞിരകൊല്ലി, പടുപ്പ്, പൈസക്കരി എന്നീ യൂണിറ്റുകൾ, കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

**അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

അരവഞ്ചാൽ, ചൈതന്യ, ചുള്ളി എന്നീ യൂണിറ്റുകൾ അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

**വിദ്യാഭ്യാസ സഹായം**

ചെറുപുഴ, അറബി, ചന്ദനക്കാംപാറ എന്നീ യൂണിറ്റുകൾ ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഡേയുടെ ഭാഗമായി പഠനസഹായം നൽകുകയും കുട്ടികൾക്ക് ബുക്കുകളും പേനകളും വിതരണം ചെയ്യുകയും അനുബന്ധ പരിപാടികൾ നടത്തുകയും ചെയ്തു

- **ഭവനനിർമ്മാണം**

പരപ്പ, പുഞ്ച തുടങ്ങിയ യൂണിറ്റുകൾ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി.

**മെഡിക്കൽ ക്യാമ്പ്**

നവംബർ മാസത്തെ സൈക്യാട്രിക് മെഡിക്കൽ ക്യാമ്പ് ഈ മാസം 30ന് ചെമ്പേരി വിമല ആശുപത്രിയിൽ വച്ച് ഉച്ചയ്ക്ക് 2:30 ന് ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തുന്നതാണ്.

**ബോധവത്കരണ ക്ലാസ്**

തോമാപുരം യൂണിറ്റിൽ ഡിജിറ്റൽ തട്ടിപ്പ് സാമ്പത്തിക സാക്ഷരത തുടങ്ങിയ വിഷയങ്ങളിൽ പ്രൊഫ. ജയ്സൺ ക്ലാസിന് നേതൃത്വം നൽകി.

രാജഗിരി യൂണിറ്റും സെന്റ് സെബാസ്റ്റ്യൻ ആശുപത്രിയും സംയുക്തമായി 40 വയസ്സിനുശേഷം സ്ത്രീകളിൽ കൂടുതലായി കണ്ടുവരുന്ന രോഗങ്ങളും അതിന്റെ ലക്ഷണങ്ങളും വിഷയമാക്കി ക്ലാസ് എടുത്തു.

മണിക്കടവ് യൂണിറ്റ്, വിവിധ സംഘടനകളുമായി ചേർന്ന് മാനസികാരോഗ്യ സെമിനാർ സംഘടിപ്പിച്ചു, കൂടാതെ കൂത്തുപറമ്പ് തൊക്കിലങ്ങാടിയിലെ ഡോ. വിനീത (MBBS, MD Psychiatry) ക്ലാസ് നയിക്കുകയും ചെയ്തു.

മുണ്ടാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ, പുറവയൽ PHCയിലെ MLSP ജിഷ എം. കെ. നയിച്ച ആന്റിബയോട്ടിക് ഉപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

അറബി, മണിക്കടവ്, ആലക്കോട്, കരുവഞ്ചാൽ, വായാട്ടുപറമ്പ്, വിളക്കന്നൂർ, പെരുമ്പടവ് യൂണിറ്റുകളിൽ ശിശുദിനത്തോടനുബന്ധിച്ച്, രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

എടൂർ യൂണിറ്റും നാഷണൽ ഹെൽത്ത് മിഷൻ (NHM) കണ്ണൂരും സംയുക്തമായി പാലിയേറ്റീവ് കെയർ/പേഷ്യന്റ് കെയർ എന്ന വിഷയത്തിൽ പരിശീലന ക്ലാസ് സംഘടിപ്പിക്കുകയും "സാന്ത്വന പരിചരണം സാമൂഹിക ഉത്തരവാദിത്വം", "പേഷ്യന്റ് കെയർ എങ്ങനെ നൽകണം", എന്നതിനെക്കുറിച്ച് ബോധവൽക്കരണവും നടത്തി.

**പോഷകാഹാരം / ഭക്ഷ്യ വിതരണം**

കോഴിച്ചാൽ യൂണിറ്റ് ഭക്ഷ്യ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിൽ പച്ചക്കറി തൈകൾ വിതരണം ചെയ്യുകയും, മുണ്ടനൂർ യൂണിറ്റ് ഭരണ സമിതി അംഗങ്ങൾ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു.

**അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ**

കാഞ്ഞിരക്കൊല്ലി ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾ ഒക്ടോബർ 14ന് ഉളിക്കല്ലിൽ എത്തിച്ചേർന്ന അവകാശ സംരക്ഷണ റാലിയിൽ പങ്കെടുത്തു.

**കൃഷി പരിശീലനം / ജൈവവളം**

അരവഞ്ചാൽ, പുഞ്ച യൂണിറ്റുകൾ, കൃഷി പരിശീലനം നടത്തുകയും, ജൈവവളം നിർമ്മിക്കുകയും ചെയ്തു.

**വിവിധ ദിനാഘോഷങ്ങൾ**

- ശിശുദിനം: നവംബർ 14

പാലാവയൽ, മുണ്ടാനൂർ, വിളക്കന്നൂർ, പൂളകുറ്റി, നെല്ലിക്കുറ്റി,

വെണ്ണക്കല്ല്, വെമ്പുവ, അരവഞ്ചാൽ, കോഴിച്ചാൽ, കുന്നുംകൈ, ചെറുപുഴ, മണിക്കടവ്, രാജഗിരി, മണ്ഡപം, അറബി, കാഞ്ഞിരകൊല്ലി, മണക്കടവ്, ആലക്കോട്, കരുവഞ്ചാൽ, വായാട്ടുപറമ്പ്, പെരുമ്പടവ്, പേരാവൂർ, പടുപ്പ്, ചന്ദനക്കാംപാറ, ജോസ് മൗണ്ട്, ചെമ്പന്തൊട്ടി MSS, ചെമ്പേരി MSS, ചെമ്പേരി, ചെമ്പന്തൊട്ടി, നടുവിൽ, മണ്ഡളം MSS, ചേപ്പറമ്പ് MSS, ലിസിഗിരി, ചുണ്ടപറമ്പ്, പൈസക്കരി, പടിമരുത്, വെള്ളരിക്കുണ്ട്, പരപ്പ തുടങ്ങിയ യൂണിറ്റുകൾ ശിശുദിനാഘോഷത്തിന്റെ ഭാഗമായി കുട്ടികളെ ആദരിക്കുകയും മധുരപലഹാരങ്ങളും വിവിധ സമ്മാനങ്ങളും വിതരണം ചെയ്യുകയും ചെയ്തു. അതുപോലെ കുടിയാന്മല, പുഞ്ച എന്നീ യൂണിറ്റുകൾ ശിശുദിനാഘോഷത്തിന്റെ ഭാഗമായി കുട്ടികൾക്കായി ചിത്രരചനാ മത്സരം സംഘടിപ്പിക്കുകയും ചെയ്തു

**ലോക പ്രമേഹ ദിനാചരണം നവംബർ 14**

• മുണ്ടാനൂർ, ജോസ് മൗണ്ട്, ചെമ്പന്തൊട്ടി MSS, കുന്നുംകൈ, വെമ്പുവ, നടുവിൽ, ചന്ദനക്കാംപാറ, പൈസക്കരി, ചെമ്പന്തൊട്ടി ക്രെഡിറ്റ് യൂണിയൻ എന്നിവർ ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് ബോധവത്ക്കരണ ക്ലാസുകൾ നടത്തി.

• അതോടൊപ്പം തന്നെ പൈസക്കരി യൂണിറ്റ് എല്ലാ വാർഡുകളിലും പ്രേമേഹരോഗനിർണയ ക്യാമ്പ് സംഘടിപ്പിക്കുകയും, നടുവിൽ, കുന്നുംകൈ യൂണിറ്റുകൾ പ്രദേശവാസികൾക്കായി, ബ്ലഡ് പ്രഷർ, ഷുഗർ എന്നിവയുടെ പരിശോധന നടത്തുകയും ചെയ്തു.

**മറ്റ് പ്രവർത്തനങ്ങൾ**

- അരവഞ്ചാൽ ഗ്രാമിക യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായി സമ്മാനകൂപ്പൺ അടിച്ചിറക്കുകയും സംഘങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു.
- കോഴിച്ചാൽ യൂണിറ്റ് നടപ്പിലാക്കി വരുന്ന മുട്ട ഗ്രാമം പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിൽ വിവിധ വലുപ്പത്തിലുള്ള 13 ഹൈടെക് കോഴിക്കൂടുകളും BV 380 ഇനത്തിൽപ്പെടുന്ന 255 കോഴികുഞ്ഞുങ്ങളെയും വിതരണം നടത്തി. അതുപോലെ, മുണ്ടാനൂർ യൂണിറ്റ് വരുമാനമാർഗ്ഗമായി മുട്ടകോഴി വിതരണം നടത്തുകയും ചെയ്തു.
- പാലാവയൽ യൂണിറ്റ്, ഒക്ടോബർ മാസത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വേളാങ്കണ്ണി സന്ദർശന ടൂർ പ്രോഗ്രാം സംഘടിപ്പിച്ചു.
- രാജഗിരി യൂണിറ്റ് സ്റ്റേറ്റ് ബോക്സിംഗ് മത്സരത്തിൽ ഗോൾഡ് മെഡൽ നേടിയ കുട്ടിയെ അഭിനന്ദിച്ച് ക്യാഷ് പ്രൈസും മൊമെന്റോയും നൽകി. മണിക്കടവ് യൂണിറ്റ് ഡയറക്ടർ ഫാ. പയസ് പടിഞ്ഞാറേമുറിയുടെയും, അനിമേറ്റർ സിസ്റ്റർ റോസ്‌ലിന്റെയും നേതൃത്വത്തിൽ അംഗങ്ങൾ കരുവഞ്ചാലിലെ പ്രീസ്റ്റ് ഹോം സന്ദർശിക്കുകയും വിശ്രമത്തിൽ ആയിരിക്കുന്ന വൈദികർക്ക് സമ്മാനങ്ങൾ കൊടുക്കുകയും അവരെ ആദരിക്കുകയും ചെയ്തു.

- ഇന്റർനാഷണൽ വുമൺ ഓഫ് ദി ഐക്കൺ അവാർഡ് നേടിയ മണിക്കടവിലെ ജ്യോതി ജോൺ കുമ്പളങ്ങലിനെ ടി.എസ്.എസ്.എസ് മണിക്കടവ് യൂണിറ്റ് ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.
- മുണ്ടാനൂർ യൂണിറ്റ് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കുടുംബത്തെ അവരുടെ വീട്ടിൽ പോയി സന്ദർശിച്ച് ആവശ്യമായ സാമ്പത്തിക സഹായം നൽകി.
- അറബി ക്രെഡിറ്റ് യൂണിയൻ കേരളപ്പിറവി ദിനാഘോഷത്തിന്റെ ഭാഗമായി ക്വിസ് മൽസരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.
- എണ്ണപ്പാറ, നടുവിൽ, പുഞ്ച, മുണ്ടാനൂർ, അറബി, പടിമരുത് എന്നീ യൂണിറ്റുകൾ മതാധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിക്കുകയും ചെയ്തു.
- പെരുമ്പടവ് ട്രസ്റ്റും ഹോർട്ടികോർപ്പ് പെരുമ്പടവ് തേനീച്ച കൃഷി ക്ലസ്റ്ററും ചേർന്ന് കൃഷി വിജ്ഞാൻ കേന്ദ്രയുടെ സഹകരണത്തോടെ തെങ്ങ്, കമുക് കൃഷി എന്നിവയുടെ വളപ്രയോഗം, രോഗപ്രതിരോധ മാർഗ്ഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.
- കരുവഞ്ചാൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ കൂൺ കൃഷി സംബന്ധമായ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.
- യൂണിറ്റ് ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പുതുതായി അംഗത്വം നേടിയ മുണ്ടയാംപറമ്പ് മേഖലയിലെ അംഗങ്ങളെ ഉൾപ്പെടുത്തി എടൂർ യൂണിറ്റിന്റെ കീഴിൽ മുണ്ടയാംപറമ്പ് വാർഡ് രൂപീകരിച്ചു.
- നെടുമ്പുറംചാൽ ക്രെഡിറ്റ് യൂണിയൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നെടുപുറംഞ്ചാൽ പാരിഷ് ഹാളിൽ ജീവിതശൈലി രോഗനിർണയ ക്യാമ്പും പരിശോധനയും സംഘടിപ്പിച്ചു.
- കീഴ്പ്പള്ളി, ചന്ദനക്കാംപാറ, പൈസക്കരി യൂണിറ്റുകൾ കുട്ടികൾക്കായി സമ്പാദ്യ പദ്ധതി ഉദ്ഘാടനം നടത്തുകയും, കുട്ടികൾക്കായി അക്കൗണ്ടുകൾ ആരംഭിക്കുകയും ചെയ്തു.
- വെള്ളരിക്കുണ്ട്, പടുപ്പ് യൂണിറ്റുകൾ സ്വാഭിമാൻ, ബയോ മൗണ്ടൻ ഉല്പന്നങ്ങൾ യൂണിറ്റുകളിൽ വിതരണം ചെയ്തു.
- പൈസക്കരി യൂണിറ്റിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുകയും, അതിന്റെ ഭാഗമായി രണ്ട് പേർക്ക് ആവശ്യമായ പാലിയേറ്റീവ് ഉപകരണങ്ങൾ നൽകുകയും ചെയ്തു.
- ഭീമനടി യൂണിറ്റ് ഒരു കുടുംബത്തിന് വിവാഹസഹായം നൽകി സഹായിച്ചു.
- കനീലടുക്കം യൂണിറ്റ് രണ്ട് കുടുംബങ്ങളെ ദത്തെടുത്ത്, അവർക്കാവശ്യമായ വീട്ടുസാധനങ്ങളും മറ്റ് സഹായങ്ങളും ഒരു വർഷം മുഴുവൻ എത്തിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.

## Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോയായ റേഡിയോ ഫോർ യു 89.6 എഫ്എം പ്രവർത്തന മികവുകൊണ്ട് മാധ്യമ പ്രവർത്തന രംഗത്ത് നവോത്ഥാനം തീർക്കുകയാണ്. നിരവിധി കുട്ടികളും മുതിർന്നവരും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയായി റേഡിയോ ഫോർ യു-വിനെ തിരഞ്ഞെടുത്ത് കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ സാമൂഹിക സാസ്കാരികപരമായ പരിപാടികൾ കോർത്തെടുത്തുകൊണ്ടു നിരവധി പ്രോഗ്രാമുകൾ ചെയ്യാൻ ഈ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്.

**അക്ഷരമുറ്റം : സ്കൂൾ - കോളേജ് ക്യാമ്പയിൻ**

സ്കൂൾ, കോളേജ് കലോത്സവത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ലളിതഗാനം, കഥ, കവിത, പ്രസംഗം, നാടൻപാട്ട്, ദേശഭക്തിഗാനം തുടങ്ങിയ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഇതിനായി 25 ഓളം സ്ഥാപനങ്ങളിൽ ചെന്ന് അവരെ നേരിട്ട് റേഡിയോയിലേക്ക് ക്ഷണിച്ചു. ക്യാമ്പയിനിൽ ഇതുവരെ ഉൾപ്പെടാത്ത സ്കൂളുകൾക്കും പരിപാടികൾ അവതരിപ്പിക്കാൻ താല്പര്യമുണ്ടെങ്കിൽ റേഡിയോയുമായി ബന്ധപ്പെടാവുന്നതാണ്.

**ഷോക്കേസ്**

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ അക്ഷരമുറ്റം ക്യാമ്പയിനിന്റെ ഭാഗമായി ബന്തടുക്ക ഗവൺമെന്റ് എൽ.പി. സ്കൂൾ, യു.പി. സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ എന്നിവയിൽ നിന്നും 30 ഓളം വിദ്യാർത്ഥികളും വെള്ളരിക്കുണ്ട് സെന്റ് എലിസബത്ത് സ്കൂളിൽ നിന്നും സ്കൂളിൽ നിന്നും 50 ഓളം വിദ്യാർത്ഥികൾ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. ഇവ ഷോക്കേസ് എന്ന പേരിൽ വരുന്ന ആഴ്ചകളിൽ എല്ലാ വെള്ളിയാഴ്ചയും രാത്രി 8:00 മണിക്കും പുനഃപ്രക്ഷേപണം ശനിയാഴ്ച രാവിലെ 11:00 മണിക്കും തിങ്കളാഴ്ച ഉച്ചയ്ക്ക് 3:00 മണിക്കും പ്രക്ഷേപണം ചെയ്യുന്നതാണ്.

**പാട്ടു വർത്തമാനം**

ജനങ്ങളുടെ ഇഷ്ടഗാനങ്ങൾ അറിയുവാനും അവരുടെ വിശേഷങ്ങൾ പങ്കുവെക്കുവാനുമായി ഓരോ ടൗണിലെയും വ്യാപാരികളെയും ഓട്ടോറിക്ഷ ഡ്രൈവർമാരെയും സമീപിച്ചു. കുശലം പറഞ്ഞു അവരുടെ സംഭാഷണം റെക്കോർഡ് ചെയ്ത് എല്ലാ തിങ്കളാഴ്ചയും ഉച്ചയ്ക്ക് ഒരു മണിക്ക് പ്രക്ഷേപണം ചെയ്യുന്നു.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ലോൺ ക്യാമ്പ് നടത്തി**

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ കാനറ ബാങ്കുമായി സഹകരിച്ചുകൊണ്ട് കർഷകരായ ബയോമൗണ്ടൻ അംഗങ്ങൾക്ക് SHG ലോൺ വിതരണം ചെയ്തു.

കരിക്കോട്ടക്കരി, ചെമ്പേരി, കാർത്തികപുരം, കൊന്നക്കാട് എന്നിവിടങ്ങളിലായി നടത്തിയ ക്യാമ്പിൽ 110 ഗ്രൂപ്പുകൾക്കായി 20 കോടിയോളം രൂപയുടെ ലോൺ ആണ് പൂർത്തീകരിച്ചത്.

**ബയോമൗണ്ടൻ കമ്പനിയിൽനിന്നും കാർഷിക ലോണും മെംബർഷിപ്പും**

തലശ്ശേരി അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനായി നമ്മൾ ആരംഭിച്ച സംരംഭമാണല്ലോ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. നാളിതുവരെ ഉള്ള പ്രവർത്തനങ്ങളിലൂടെ ഏഴായിരത്തോളം അംഗങ്ങളെ കമ്പനിയിൽ ചേർക്കാനും ബയോമൗണ്ടൻ കമ്പനിയെ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിയായി വളർത്തുവാനും നമുക്ക് സാധിച്ചു.

നമ്മുടെ എല്ലാ ഇടവകകളിലും ബയോമൗണ്ടൻ കമ്പനിയുടെ കർഷക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടത് കർഷകർക്കും കമ്പനിയുടെ വളർച്ചക്കും ആവശ്യമാണ്. അതിനായി നിങ്ങളെല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു. സെപ്റ്റംബർ മാസത്തോടുകൂടി നമ്മുടെ എല്ലാ ഇടവകകളിലും കമ്പനിയുടെ ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള ഒരു പദ്ധതി കാനറ ബാങ്കുമായി സംസാരിച്ച് നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്മുടെ കർഷകർ എല്ലാരുംതന്നെ വലിയ പലിശക്ക് പണം എടുത്ത് കടത്തിലാകുന്ന സാഹചര്യത്തിൽ, കുറഞ്ഞ പലിശയിൽ ലോൺ എളുപ്പത്തിൽ ലഭിക്കുവാനും തിരച്ചടവുകൾ എളുപ്പത്തിൽ പൂർത്തിയാക്കാനും വലിയ നടപടി ക്രമങ്ങളില്ലാതെ ലഭിക്കുന്നതും ഗ്രൂപ്പ് ലോണുകളാണ്.

ഒരു ലക്ഷം രൂപയുടെയോ രണ്ട് ലക്ഷം രൂപയുടെയോ ലോണുകൾ എടുക്കാൻ കർഷകരെ സഹായിച്ചാൽ നമ്മുടെ ഗ്രാമത്തിൽ സാമ്പ

ത്തിക വളർച്ച കൊണ്ടുവരുവാനും ഒപ്പം കർഷകരെ ശാസ്ത്രീയമായി ലോൺ കൈകാര്യം ചെയ്യാനും അവരിൽ സാമ്പത്തിക അച്ചടക്കം രൂപീകരിക്കാനും സാധിക്കും.

ഈ കാലഘട്ടത്തിൽ കർഷകരെ സാമ്പത്തിക ഭദ്രതയിലേക്ക് കൊണ്ടുവരിക എന്നത് ആവശ്യമാണ്. ലോൺ തിരിച്ചടവുകൾ എല്ലാ ദിവസമോ, ആഴ്ചയിലോ ലഭിക്കുന്ന മുറയ്ക്ക് ഗൂഗിൾ പേയ് വഴി നടത്താനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പത്ത് പേരടങ്ങുന്ന ഗ്രൂപ്പിന് പ്രസിഡൻറ്, സെക്രട്ടറി എന്ന രീതിയിൽ 2 ലീഡർമാർ ഉണ്ടായിരിക്കും. അവരുടെ നമ്പറിലേക്ക് തുകൾ അടക്കുന്ന ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ ലഭിക്കും. അതിനാൽ ആരെല്ലാം എത്ര രൂപ വെച്ച് അടച്ചു എന്നതിന്റെ കൃത്യവിവരങ്ങൾ അറിയുവാൻ സാധിക്കും.

നിലവിൽ ബാങ്ക് ലോൺ എടുക്കുമ്പോൾ ലോൺ ചാർജും ഡോക്യുമെന്റേഷൻ ചാർജും ബാങ്ക് വ്യക്തികളിൽ നിന്നും എടുക്കാറുണ്ട്. എന്നാൽ ഈ ചിലവുകളെല്ലാം കർഷകർക്കുവേണ്ടി കമ്പനി വഹിക്കുന്നതിനാൽ ഒരു ലക്ഷം രൂപ ലോൺ എടുക്കുന്നവർ ₹2500/ രൂപയുടെയും രണ്ട് ലക്ഷം രൂപ എടുക്കുന്നവർ ₹5000/ രൂപയുടെയും ഷെയറുകൾ എടുക്കേണ്ട ആവശ്യമേ ഉള്ളൂ. ഈ തുക നഷ്ട്ടമാകുന്നില്ല. മറിച്ച് കർഷകന് കമ്പനിയുടെ ഷെയർ ലഭിക്കുകയും കമ്പനിയുടെ ഡിവിഡന്റ് കിട്ടാൻ അർഹനാക്കുകയും ചെയ്യുന്നു. ആയതിനാൽ നിലവിൽ ഗ്രൂപ്പ് ഉള്ളവർക്കോ പുതുതായി ഗ്രൂപ്പ് തുടങ്ങുന്നവർക്കോ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സാമ്പത്തിക അച്ചടക്കമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് പേരടങ്ങുന്ന രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കുകയാണെങ്കിൽ നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസത്തോടെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ബയോ മൗണ്ടൻ യൂണിറ്റുകൾ തുടങ്ങാൻ സാധിക്കും. ഗ്രൂപ്പുകൾ രൂപീകരിച്ചാൽ തുടർന്ന് വേണ്ട എല്ലാ ക്രമീകരണങ്ങളും ബഹു. വൈദികർക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ ബയോ മൗണ്ടൻ ഓഫീസ് നേരിട്ട് ചെയ്തുകൊള്ളും. നമ്മുടെ എല്ലാ കർഷകരും ലോണുകൾ എടുക്കുന്നവരാണ്. അതിനാൽ ഈ അവസരം കമ്പനിക്കും ഇടവകയ്ക്കും കർഷകർക്കും ഉപകാരപ്രദമാകും.

നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർഥമായ സഹകരണം അപേക്ഷിക്കുന്നു.

**ലോണിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ**

കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമനത്തിനും വേണ്ടി നൽകുന്ന ലോൺ ഷെയർ എടുത്ത് മെമ്പർഷിപ്പ് നേടുന്ന കർഷകർക്ക് പത്ത് പേരടങ്ങുന്ന ബയോ മൗണ്ടൻ ഗ്രൂപ്പുകൾ രൂപികരിച്ച് ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു ഗ്രൂപ്പുകൾക്കായിരിക്കും ലോണിനായി മുൻഗണന. 2 ലോണുകളാണ് ഉള്ളത്

1. ഒരു ലക്ഷം രൂപയുടെയും
2. രണ്ട് ലക്ഷം രൂപയുടെയും
   ഏതെങ്കിലും ഒരു ലോണാണ് ഗ്രൂപ്പിലെ ഒരു വ്യക്തിക്ക് ലഭിക്കുക.

1. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹3600/ രൂപ വെച്ച് 32 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
2. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹6500/ രൂപ വെച്ച് 36 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
3. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹2500/ രൂപയുടെ ഷെയർ എടുക്കണം.
4. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹5000/ രൂപയുടെ ഷെയർ എടുക്കണം.
5. കാനറ ബാങ്ക് വഴി കുടുംബശ്രീ ലിംഗേജ് ലോൺ ഉള്ളവർക്ക് SHG ലോൺ എടുക്കാൻ സാധിക്കുന്നതല്ല.

**ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

1. ലോണിന് ആവശ്യമായ ബാങ്ക് ഡോക്യുമെന്റുകളുടെയും, മുദ്ര പേപ്പറിന്റെയും, ഓരോ ഗ്രൂപ്പിനും ബാങ്ക് അക്കൗണ്ട് തുറക്കാനുമുള്ള ചിലവുകളും ബയോ മൗണ്ടൻ കമ്പനി വഹിക്കുന്നതാണ്.
2. വ്യക്തികൾക്ക് ഷെയർ എടുക്കുന്നതിന്റെ ചിലവുകൾ മാത്രമേ വരുന്നുള്ളൂ. മറ്റു ചിലവുകൾ ഉണ്ടാകില്ല.
3. ഷെയർ എടുക്കുന്ന തുക നഷ്ടം ആകുന്നില്ല. കമ്പനിയുടെ ഡിവിഡെന്റ് ലഭിക്കുന്നതാണ്.
4. ലോൺ തിരിച്ചടവ് ഓരോ ഗ്രൂപ്പിനും ബാങ്കിലേക്ക് നേരിട്ട് ഗൂഗിൾ പേയ് വഴി ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവുന്നതാണ്.
5. ലോൺ തിരിച്ചടവ് എളുപ്പത്തിലക്കാൻ

* ഒരു ലക്ഷം രൂപ എടുക്കുന്നവർക്ക് പ്രതിദിനം 120 രൂപയും
* രണ്ട് ലക്ഷം രൂപ എടുക്കുന്നവർക്ക് പ്രതിദിനം 200 രൂപയും വെച്ച് ഗൂഗിൾ പേയ് വഴി അതാത് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ബയോ മൗണ്ടൻ SHG ലോൺ സംബന്ധമായ എല്ലാ വിവരങ്ങൾക്കും വിളിക്കുന്നതിനായി 9526054322 (ഉഷ/കമൽ) എന്ന നമ്പർ ഉപയോഗിക്കാവുന്നതാണ്.

**പുട്ടുപൊടി യൂണിറ്റ്**

ബയോ മണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ഡിസംബർ മാസം അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്. നമ്മുടെ ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർഥനയും സഹകരണവും അപേക്ഷിക്കുന്നു.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചന്മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരി യച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവന ങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്ത സംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉല്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉല്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനെക്കാളും വിലക്കുറവും നമ്മുടെ ഉല്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്ന തായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com

ഡിസംബർ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളി ലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായ ങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഇൻഫാം

കേരളത്തിലെ കർഷകസമൂഹം ഇന്ന് നിലനില്പിനെയും ജീവിത വ്യവസ്ഥയെയും തളർത്തുന്ന പല വിധത്തിലുള്ള പ്രതിസന്ധികളുടെ ഭാരം സഹിച്ചുകൊണ്ടിരിക്കുകയാണ്. ഉല്പാദന ചെലവുകളുടെ ഉയർച്ച, വിപണിയിലെ അനിശ്ചിതത്വം, ആവശ്യമായ പിന്തുണാസംവിധാന ങ്ങളുടെ അഭാവം, വന്യമൃഗങ്ങളുടെ ശല്യം എന്നിവ ഇവരെ കൂടുതൽ നിരാശയിലേക്ക് നയിക്കുന്നു. കർഷകർക്ക് സ്ഥിരതയുള്ള വരുമാനം ഉറപ്പാക്കാനും, ആധുനിക കൃഷിയിലേക്ക് അവരെ പ്രാപ്തരാക്കാനും ശക്തമായ നയങ്ങളും കൂട്ടായ ഇടപെടലുകളും അത്യാവശ്യമാണ്. നാം ഒരുമിച്ചുനിന്നാൽ മാത്രമേ കർഷകരുടെ ഭാവിയും കൃഷി മേഖലയുടെ നിലനിൽപ്പും ഉറപ്പാക്കാൻ കഴിയൂ. നമുക്ക് ഐക്യത്തോടെ മുന്നോട്ട് നീങ്ങാം....

**വന്യമൃഗശല്യത്തിനെതിരായ പോരാട്ടത്തിന് ഇൻഫാമിന്റെ ഐക്യദാർഢ്യം**

വെള്ളരിക്കുണ്ടിൽ നടക്കുന്ന കർഷക സ്വരാജ് റിലേ സത്യഗ്രഹ ത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇൻഫാം തലശ്ശേരി കാർഷിക ജില്ലാ പ്രതിനിധികൾ സത്യാഗ്രഹ പന്തലിൽ പങ്കുചേർന്നു. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, ഫാ. ജോൺസൺ അന്ത്യാംകുളം, സ്കറിയ നെല്ലംകുഴി, ഗിരി താനേരി, സണ്ണി തുണ്ടത്തിൽ, ജോസ് തോണിയ്ക്കൽ, സണ്ണി പുല്ലുവേലിൽ, ആന്റണി ജീരകത്തിൽ, ബാലിച്ചൻ കുഴിയാത്ത് എന്നിവർ സത്യാഗ്രഹത്തിൽ പങ്കെടുത്ത് നേതാക്കൾക്കും പ്രദേശവാസികൾക്കും പിന്തുണ അറിയിച്ചു. വന്യമൃഗശല്യം മാഫിയാ ഗൂഢാലോചനകളുടെ പ്രേരണയോടെ കർഷകരെ കുടിയിറക്കാനുള്ള ശ്രമമായി മാറുന്നുവെന്ന ആശങ്കയും, മലയോര മേഖലയിൽ നൂറുകണക്കിന് കുടുംബങ്ങൾ വീടുകളും സ്ഥലങ്ങളും ഉപേക്ഷിച്ച് പോകേണ്ടി വരുന്ന ദുരവസ്ഥയും ഇൻഫാം നേതൃത്വവും ചൂണ്ടിക്കാട്ടി. സർക്കാർ കർഷകരുടെ പക്ഷത്ത് ഉറച്ച് നിൽക്കുകയും പ്രശ്നപരിഹാരത്തിനായി അടിയന്തര നിയമ നടപടികൾ സ്വീകരിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

**റബ്ബർ ഉത്പാദന ഇൻസെന്റീവ് പദ്ധതി: താങ്ങുവില 200 രൂപയായി വർദ്ധിപ്പിച്ചു**

കേരളത്തിലെ റബ്ബർ കർഷകർക്ക് വലിയ പ്രതീക്ഷയുണ്ടാക്കുന്ന ഒരു സുപ്രധാന തീരുമാനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭിച്ചു. ഇൻഫാം ഉയർത്തിയ റബ്ബർ താങ്ങുവില വർദ്ധിപ്പിക്കൽ ആവശ്യങ്ങൾ സർക്കാർ പരിഗണിച്ച് ഔദ്യോഗിക ഉത്തരവ് പുറപ്പെടുവിച്ചു. ധനകാര്യ വകുപ്പ് (പ്ലാനിംഗ്-എ) പുറത്തിറക്കിയ ഉത്തരവിന് അനുസരിച്ച്, നവംബർ 1, 2025 മുതൽ റബ്ബർ ഉത്പാദന ഇൻസെന്റീവ് പദ്ധതിയിൽ ഉൾപ്പെട്ട റബ്ബർ താങ്ങുവില കിലോഗ്രാമിന് 200 രൂപ ആയി വർദ്ധിപ്പിച്ചു.

കർഷകർ നേരിടുന്ന ഉയർന്ന ഉത്പാദന ചെലവ്, കാലാവസ്ഥാ പ്രതിസന്ധികൾ, വിലക്കുറവ് തുടങ്ങിയ വെല്ലുവിളികൾ പരിഗണിച്ച് എടുത്ത ഈ നടപടിക്ക് കർഷകർ വലിയ ആശ്വാസം ഉണ്ടാകുമെന്നും, അവരുടെ തൊഴിൽ സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുന്നതിൽ സഹായകമായിരിക്കുമെന്നും ഇൻഫാം നേതാക്കൾ അഭിപ്രായപ്പെട്ടു. സംസ്ഥാന സർക്കാരിന് ഈ സൗഹൃദപരമായ തീരുമാനം സ്വീകരിച്ചതിന് നന്ദി അറിയിച്ചു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2025 ഡിസംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

നവം. 30 – 04 : ആന്തരിക സൗഖ്യ ധ്യാനം
06 : ഏകദിന കൺവെൻഷൻ
07–10 : കന്നഡ ധ്യാനം
13 : ഏകദിന കൺവെൻഷൻ
18–22 : ആന്തരിക സൗഖ്യ ധ്യാനം
20 : ഏകദിന കൺവെൻഷൻ
27 : ഏകദിന കൺവെൻഷൻ

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

06–09 : ആന്തരിക സൗഖ്യ ധ്യാനം
05, 12 : ഏകദിന ധ്യാനം
12–14 : ആന്തരിക സൗഖ്യ ധ്യാനം
19, 26 : ഏകദിന ധ്യാനം
26–30 : അഗ്നി അഭിഷേക ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

06 : ഏകദിന ധ്യാനം (9 am – 2 pm)
07–09 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
12 : ജാഗരണ പ്രാർത്ഥന (06 pm – 09 pm)

**4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093**

05 : ജാഗരണ പ്രാർത്ഥന
04–07 : വചനാഭിഷേക ധ്യാനം

**5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

നവം. 30 – 04 : മരിയൻ ആന്തരിക സൗഖ്യ ധ്യാനം
12 : ജാഗരണ പ്രാർത്ഥന
14–19 : വരദാന പരിശീലന ധ്യാനം
26–28 : കുടുംബ നവീകരണ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ഒക്ടോബർ 2025**

21 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയോടെ ചേർന്ന കോർപ്പറേറ്റ് എഡ്യുക്കേഷനൽ കൗൺസിൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ഓൺലൈനായി ചേർന്ന എറണാകുളം-അങ്കമാലി അതിരൂപതാ കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ശാലോം ടി.വി ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

22 രാവിലെ നടുവിൽ ദൈവാലയത്തിൽവച്ച് കടുപ്പിൽ ജോമോൻ-അഞ്ജു ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ജിനിൽ ടോം ജോമോന് മാമ്മോദീസാ നൽകി. തുടർന്ന് വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നടത്തിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് പുതുതായി നിർമ്മിക്കുന്ന പൈസക്കരി ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ശാലോം ടി.വി ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

23-25 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

26 ഷംഷാബാദ് രൂപത അതിരൂപതയായി ഉയർത്തപ്പെടുകയും അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവ് ആർച്ച് ബിഷപ്പായി സ്ഥാനാരോഹണം ചെയ്യുകയും ചെയ്ത ചടങ്ങിന് സഹകാർമ്മികത്വം വഹിച്ചു.

28 രാവിലെ പുതുതായി നിർമ്മിക്കുന്ന വിളമന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് തലശ്ശേരി മൈനർ സെമിനാരിയിലെ ഒന്നാംവർഷ വിദ്യാർത്ഥികളുടെ പേരന്റ്സ് മീറ്റിംഗിന് എത്തിയ മാതാപിതാക്കളോട് സംവദിച്ചു. വൈകുന്നേരം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായ പെർള ദൈവാലയം കൂദാശ ചെയ്തു.

29 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

30 രാവിലെ അതിരൂപതയിലെ ഡീക്കന്മാരുടെ കോൺഫറൻസ് നടത്തി. വൈകുന്നേരം അതിരൂപതാ ചരിത്രരചനയുമായി ബന്ധപ്പെട്ട് ഓൺലൈനായി ചേർന്ന യോഗത്തിന് അധ്യക്ഷത വഹിച്ചു.

31 രാവിലെ ഓൺലൈനായി ചേർന്ന എറണാകുളം-അങ്കമാലി അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന സീറോമലബാർ സഭയുടെ വിവിധ പുസ്തകങ്ങളുടെ നവീകരണ കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് വിദേശരാജ്യങ്ങളിൽ പഠനത്തിലായിരിക്കുന്ന തലശ്ശേരി അതിരൂപതയിലെ

വൈദികരുടെ ഓൺലൈൻ യോഗത്തിന് അധ്യക്ഷത വഹിച്ചു. കൂദാശ ചെയ്തു.

**നവംബർ 2025**

01 കുന്നോത്ത്വച്ച് നസ്രത്ത് സിസ്റ്റേഴ്സ് പുതുതായി നിർമ്മിച്ച ജനറലേറ്റ് ഹൗസിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

02 ഫരീദാബാദ് രൂപത അതിരൂപതയായി ഉയർത്തപ്പെടുകയും അഭിവന്ദ്യ കുര്യാക്കോസ് ഭരണികുളങ്ങര പിതാവ് ആർച്ച് ബിഷപ്പായി സ്ഥാനാരോഹണം ചെയ്യുകയും ചെയ്ത ചടങ്ങിന് സഹകാർമ്മികത്വം വഹിച്ചു.

03-04 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

05 ബൽത്തങ്ങാടി രൂപതയുടെ പുതിയ ബിഷപ്പായി അഭിഷിക്തനായ മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിന് സഹ കാർമ്മികത്വം വഹിച്ചു.

06 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന ബിഷപ്സ് മീറ്റിംഗിൽ പങ്കെടുത്തു. രാത്രിയോടെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി മരണമടഞ്ഞ മൈക്കിൾ കാരിമറ്റം അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

07 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് മൈക്കിൾ കാരിമറ്റം അച്ചന്റെ മൃത സംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

08 രാവിലെ ചെമ്പേരിയിൽവച്ച് നടത്തിയ ജീവോത്സവം പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം പുതുതായി നിർമ്മിച്ച വട്ടിയറ ദൈവാലയം കൂദാശ ചെയ്തു. വൈകുന്നേരം ഓൺലൈനായി ചേർന്ന ഹാപ്പി വില്ലേജ് പ്രൊജക്ട് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

09 രാവിലെ ആനപ്പന്തിയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് ഫാ. ബിജു തേലക്കാട്ടിന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ഫാ. ജോസ് കക്കാട്ടിൽ അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന തിയോളജി ഫോറം മീറ്റിംഗിൽ പങ്കെടുത്തു.

10 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന മരിയൻ തീർത്ഥാടന ആലോചനാ സമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു.

11 എഫ്.സി.സി സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് കണ്ണൂർ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

12 കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽവച്ച് ബഹു. മൈക്കിൾ കാരിമറ്റം അച്ചന്റെ അനുസ്മരണാർഥം ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം കുന്നോത്ത് ബയോമൗണ്ടൻ കമ്പനി സന്ദർശിച്ചു.

13 രാവിലെ വിളമനയിൽവച്ച് എൽ.എസ്.ടി.പി സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷാകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം വിളക്കന്നൂർ ദൈവാലയത്തിൽവച്ച് ദിവ്യകാരുണ്യ അടയാളത്തിന്റെ വാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി.

14 എറണാകുളം- അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

15 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് അതിരൂപതയിലെ മരണടഞ്ഞ വൈദികർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു. തുടർന്നുനടന്ന അനുസ്മരണ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം എടൂർ ദൈവാലയ ത്തിൽവച്ച് ആനന്ദ് ജോഷി വടക്കേക്കുന്നേലിന്റെയും ടാനിയാ സൈമൺ കുണ്ടുകുളങ്ങരയുടെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് ആര്യപ്പറമ്പ് ഇടവകാംഗമായ ഫാ. ജോബി കരിന്തോളിലിന്റെ ഭവനം സന്ദർശിച്ചു.

16 നീലേശ്വരം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് വിശ്വാസ പരിശീലകർക്കുള്ള ധ്യാനത്തിനെത്തിയ അധ്യാപകരുമായി സംവദിച്ചു.

17 രാവിലെ തൊക്കിലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റൽ ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് നിർമ്മലഗിരി കോളേജിന്റെ നവീകരിച്ച പരീക്ഷാ സെന്റർ വെഞ്ചരിച്ചു.

അതിരൂപതാ കേന്ദ്രത്തിൽവച്ച് ജൂബിലി വർഷത്തിലായിരിക്കുന്ന ബഹു. വൈദികരെ ആദരിക്കുന്ന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

18 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ജൂബിലിവർഷത്തിലായിരി ക്കുന്ന വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. സന്ദേശഭവനിൽവച്ച് ചേർന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷതവഹിച്ചു.

19 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കു ശേഷം അതിരൂപതയിലെ ഡീക്കന്മാരുടെ കോൺഫറൻസ് നടത്തി. വൈകുന്നേരം അതിരൂപതാ ചരിത്രരചനയുമായി ബന്ധപ്പെട്ട് ഓൺലൈ നായി ചേർന്ന യോഗത്തിന് അധ്യക്ഷത വഹിച്ചു.

20 തോമാപുരം ഇടവകയിൽ നിര്യാതനായ തോമസ് ജോൺ കൊല്ലക്കൊ മ്പിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പരിയാ രത്ത് എസ്.എം.എസ്. സിസ്റ്റേഴ്സ് പുതുതായി നിർമ്മിച്ച കോൺവെന്റ് വെഞ്ചരിച്ചു. ഉച്ചയ്ക്കുശേഷം കുടിയാന്മല ദൈവാലയത്തിൽ പുതുക്കി പണിത ബലിപീഠം കൂദാശ ചെയ്തു. തുടർന്ന് ബഹു. സി. എൽസീന അമ്പാട്ടു പൊത്തിയിൽ ഡി.എസ്.ടിയുടെ 100-ാം ജന്മദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**DECEMBER 2025**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 02:30 pm | - | Vellarikkund |
| 02 | 10:00 am | - | Forane Vicars Meeting |
| 03-04 | | - | Ernakulam |
| 05 | | - | Marian Pilgrimage |
| 06 | | - | Deacons House Visit |
| 07 | 09:00 am | - | Thrissur : Bible Convention |
| 08 | | - | Ernakulam |
| 09 | 09-12 pm | - | Thalassery : Visitors Day |
| 11 - 13 | | - | KCBC |
| 14 - 17 | | - | Mother Home: Deacons Retreat |
| 18 | | - | Ernakulam |
| 19 | 09-12 pm | - | Thalassery : Visitors Day |
| | 05:00 pm | - | Thalassery : Town Carol |
| 20 | 10:00 am | - | Ponniam : Pratheeksha General Body Meeting |
| | 04:00 pm | - | Kunnoth : Foundation Stone Laying Ceremony |
| 22 | 06:00 am | - | Diaconate |
| | 05:00 pm | - | Priest Home |
| 23 - 24 | | - | Engaged |
| 25 | | - | Cathedral |
| 26 | 09: 00 am | - | Kiliyanthara : Ordination |
| | 02: 30 pm | - | Alakode : Ordination |
| | 06: 00 pm | - | Nellippara : Jubilee |
| 27 | 09: 00 am | - | Ernakulam : Ordination |
| 28 | 05: 00 pm | - | Chemperi : Karunalayam - Jubilee |
| 29 | 09: 00 am | - | Rajamudy : Ordination |
| 30 | 09: 00 am | - | Kallar : Ordination |
| | 03: 00 pm | - | Kakkinje : Ordination |
| 31 | 09:00 pm | - | Chandanackampara : Ordination |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**നവംബർ 2025**

01 ഉച്ചകഴിഞ്ഞ് നസ്രത്ത് സന്യാസിനി സമൂഹത്തിന്റെ നവീകരിച്ച ജനറലേറ്റിന്റെ വെഞ്ചിരിപ്പിലും തുടർന്ന് നടന്ന മീറ്റിംഗിലും സംബന്ധിച്ചു.

02 പനമരം ഇടവകയിൽ വിശുദ്ധ യൂദാതദേവൂസിന്റെ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

03 പൊയിൽ ഡൊമിനിക്കൻ ആശ്രമത്തിൽ വി. മാർട്ടിൻ ഡി പോറസിന്റെ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 ആനറ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ദൈവാലയത്തിന്റെ മുകളിൽ പ്രതിഷ്ഠിക്കുന്ന സ്ലീവ വെഞ്ചിരിച്ച് പ്രതിഷ്ഠിക്കുവാൻ നേതൃത്വം നൽകി.

05 ബൽത്തങ്ങാടി രൂപതയുടെ ദ്വിതീയ ബിഷപ്പിന്റെ മെത്രാഭിഷേക - സ്ഥാനാരോഹണ കർമ്മത്തിലും അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന് നൽകിയ വിടവാങ്ങൽ ചടങ്ങിലും പങ്കെടുത്തു.

08 പാണത്തൂർ ഇടവകയിൽ വച്ച് നടത്തിയ സി. നാൻസി എസ്.എ.ബി. എസിന്റെ രജത ജൂബിലിക്ക് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും അനുമോദനയോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

09 രാവിലെ വട്ട്യറ പള്ളിയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷപൂർവ്വമായ വി. കുർബാന സ്വീകരണത്തിന് കാർമികത്വം വഹിച്ചു.

11 ആലക്കോട് സെന്റ് മേരീസ് സ്കൂളിൽ നടത്തുന്ന കോൺഗ്രിഗേഷൻ ഓഫ് ജീസസ് സിസ്റ്റേഴ്സിനെയും പൊറേറ്റാ സിസ്റ്റേഴ്സിന്റെയും ഒന്നാകലിന്റെ അനുസ്മരണദിനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും തുടർന്നുള്ള സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

12 സന്യാസ സമൂഹത്തിന്റെ സുവർണ്ണ ജൂബിലിയും രജത ജൂബിലിയും ആഘോഷിച്ച ആരാധന സന്യാസി സമൂഹ അംഗങ്ങൾക്ക് കിളിയന്തറയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

13 ഉച്ചയ്ക്കുമുമ്പ് ഫാ. സേവ്യർ തേലക്കാട്ടിന്റെ രജത ജൂബിലിയിൽ പങ്കെടുത്ത സന്ദേശം നൽകുകയും അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് മാനന്തവാടി കത്തീഡ്രൽ ഇടവകയിലെ കുടുംബവർഷ സമാപനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും വിവാഹ

ത്തിന്റെ സുവർണ്ണ ജൂബിലേറിയൻസിനും സമർപ്പിത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർക്കും 25 വർഷങ്ങളിൽ കൂടുതൽ മതാധ്യാപകരായവർക്കും 4 മക്കളിൽ കൂടുതലുള്ള കുടുംബങ്ങൾക്കും ആദരവും സമ്മാനങ്ങളും നൽകി.

16 വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും അഖിലകേരള ദിവ്യകാരുണ്യ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

17 കോട്ടൂർ ഇടവകയിലെ ജിജോ പാഞ്ചൽ ദമ്പതികളുടെ അഞ്ചാമത്തെയും ആറാമത്തെയും കുഞ്ഞുങ്ങളുടെ പ്രാരംഭ കൂദാശകൾ നൽകി.

18-19 തീയതികളിൽ എറണാകുളം ആശീർഭവനിൽ വച്ച് നടന്ന ബാച്ച് സംഗമത്തിൽ പങ്കെടുത്തു.

19 പെരുമ്പുന്ന ഇടവകയിലെ പ്രസന്റേഷൻ കോൺവെന്റിലെ സിസ്റ്റേഴ്സിന് ക്ലാസെടുത്തു.

20 ഉച്ചകഴിഞ്ഞ് കോഴിക്കോട് സെന്റ് തോമസ് സി.എസ്.ടി. പ്രൊവിൻസിലെ ഡീക്കന്മാരുമായി സംസാരിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

21 കുന്നോത്ത് സാന്തോം സന്ദർശിച്ച തലശ്ശേരി അതിരൂപതയിലെ ഡീക്കന്മാരെ സ്വീകരിച്ച് അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

22 രാവിലെ മാനന്തവാടിയിൽ വിൻസെൻഷ്യൻ സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

വൈകുന്നേരം നെല്ലിക്കാംപൊയിൽ ഇടവകയിൽ പടിഞ്ഞാറെമുറിയിൽ ബഹു. പയസ് അച്ചന്റെ പുതിയ വീടിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

23 ശാന്തിഭവനിൽ വച്ച് നടത്തിയ ബഹു. ജോസ് ഇളയാനിതോട്ടത്തിൽ അച്ചന്റെ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

വൈകുന്നേരം മാവുംചാൽ സെന്റ് ജൂഡ് പള്ളിയിൽ തിരുനാൾ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

24 പരിയാരത്ത് എസ്.എം.എസ്. പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റേഴ്സിന്റെ സുവർണ്ണ-രജത ജൂബിലിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

25 തലശ്ശേരി കത്തീഡ്രൽ സെമിനാരിക്കാർക്കും അവരുടെ മാതാപിതാക്കൾക്കുംവേണ്ടി വി. കുർബാന അർപ്പിച്ചു.

27 തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള പിതാക്കന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

വൈകുന്നേരം കോലുവള്ളി ഇടവകയിൽ വച്ച് നടത്തിയ ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചന്റെ രജതജൂബിലി ആഘോഷത്തിലും സി. മേരി ജോസ് എം.എസ്.എം.ഐ.യുടെയും സുവർണ്ണജൂബിലി ആഘോഷത്തിലും പങ്കെടുത്ത് ആശംസകൾ നേർന്നു.

29 കൊളക്കാട് ഇടവകയിൽ വച്ച് നടത്തിയ മാനന്തവാടി രൂപതക്കാരനായ ബഹു. ജെയിംസ് കുറ്റിമാക്കൽ അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

30 ചെട്ടിയാംപറമ്പ് ഇടവകയിൽ തിരുനാളിന് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം നെല്ലിക്കാംപൊയിൽ ഇടവകയിലെ തിരുനാളിന് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി

---

**DECEMBER 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 03 | 08:40 am | - | Class at GSMS |
| | 04:30 pm | - | Convenlien Mass at Edoor |
| 10 | 08:40 am | - | Class at GSMS |
| 13 | | - | Jubilee Celebration at Marygiri |
| 18 | 05:00 pm | - | School Anniversary at Cherukattoor |
| 21 | 07:00 pm | - | Ecumenical Christmas at Pulppally |
| 25 | 11:45 pm | - | Christmas Mass at Iritty |
| 27 | 09:00 am | - | Ordination: Dn. Albin Puthuparambil VC at Mattara |
| | 04:00 pm | - | Feastal Mass at Nellipara |
| 28 | 09:00 am | - | Holy Communion at Kadalmod |
| | 05:00 pm | - | Golden Jubilee at Karunalayam, Cherupara |
| 29 | | - | Ordination Dn. Melvin Thurackal at Peravoor |
| 30 | 09:00 am | - | Ordination Dn. Anson Pannakathil CST at Karthikapuram |
| | 12:00 pm | - | Family Yogam of Vellarvalliyil Family at Ratnagiri |
| 31 | | - | Ordination Dn. Jibin Manthara CST at Marygiri |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ഒക്ടോബർ 2025**

27 ഹൈദരാബാദ് റീജിയണൽ മേജർ സെമിനാരി സന്ദർശിച്ചു. ഉച്ചയ്ക്ക് ശേഷം മോണ്ട് ഫോർട്ട് ബ്രദേഴ്സിന്റെ ഹൈദരാബാദിലുള്ള റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിച്ചു.

28 ഉച്ചകഴിഞ്ഞ് എൽസി ജോയി കണിയാംപാലയ്ക്കലിന്റെ ശവസംസ്കാര ശുശ്രൂഷ രാജഗിരി സേക്രഡ് ഹാർട്ട് പള്ളിയിൽ വച്ച് നടത്തി (വടക്കാഞ്ചേരി).

30 നെല്ലിക്കംപൊയിൽ ഫൊറോന പള്ളിയിൽ വച്ച് ബേബി വലിയകുളത്തിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു ഉച്ചകഴിഞ്ഞ് ജോയി പരപ്പനാലിന്റെ വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

31 അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന 13 മണിക്കൂർ അഖണ്ഡ ജപമാലയിൽ സംബന്ധിച്ചു.

**നവംബർ 2025**

01 കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ പുതിയ ജനറലേറ്റിന്റെ വെഞ്ചിരിപ്പ് കർമ്മത്തിലും സുവർണ്ണ ജൂബിലി ആഘോഷങ്ങളിലും സംബന്ധിച്ചു.

03 ചെറുപുഴയിൽ വച്ച് സുനിൽ ഞാവള്ളിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സഹചാരി ചാരിറ്റബിൾ സൊസൈറ്റിയുടെ അവാർഡ് ദാന ചടങ്ങിൽ സംബന്ധിച്ചു.

04 വൈകുന്നേരം ബെൽത്തങ്ങാടി രൂപതയിലെ ബംഗാടി ഇടവക സന്ദർശിച്ചു.

05 ബെൽത്തങ്ങാടി രൂപതയിൽ വച്ച് നടന്ന അഭിവന്ദ്യ മാർ ജെയിംസ് പട്ടേലിൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങിലും അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ യാത്രയപ്പ് സമ്മേളനത്തിലും സംബന്ധിച്ചു.

07 കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വച്ച് ഡോ. മൈക്കിൾ കാരിമറ്റം അച്ചന്റെ ശവസംസ്കാര ശുശ്രൂഷയുടെ ആദ്യപാദം ദിവ്യബലിയും അർപ്പിച്ചു. തുടർന്ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

08 മേരിഗിരി പള്ളിയിൽ വച്ച് ചെറുകര തോമസ് അച്ചന്റെയും ജോസുകുട്ടി അച്ചന്റെയും മാതാപിതാക്കളുടെയും ജ്യേഷ്ഠ സഹോദര പുത്രന്റെയും

ആണ്ടിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സെമിത്തേരിയിൽ പ്രാർത്ഥിക്കുകയും ചെയ്തു.

09 കല്ലുമുതിരക്കുന്ന് പള്ളിയിൽ വച്ച് ബഹു. ജോസഫ് കക്കാട്ടിൽ അച്ചന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

13 തിരുവമ്പാടിയിൽ വച്ച് താമരശ്ശേരി സി.എം.സി. പ്രൊവിൻസിന്റെ മുൻ പ്രൊവിൻഷ്യൽ സി. സെറാഫിയയുടെ ശവസംസ്കാര ശുശ്രൂഷയിൽ അഭിവന്ദ്യ റെമീജിയോസ് പിതാവിനോടൊപ്പം പങ്കുചേർന്നു.

15 തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് തലശ്ശേരി രൂപതയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്തു മരിച്ചുപോയ വൈദികരുടെ കുടുംബാംഗങ്ങളെ വിളിച്ചുകൊണ്ട് നടത്തിയ വി. ബലിയിലും തുടർന്നുള്ള മീറ്റിംഗിലും പങ്കെടുത്തു.

18 ആയന്നൂർ പള്ളിയിൽ വച്ച് ത്രേസ്യാമ്മ തെക്കേമറ്റത്തിന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

---

DECEMBER 2025

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 02 | - | Holy Mass: Kodanchery |
| 10, 11 | - | KCBC: POC |
| 26 | - | Ordination: Peratta |

**JANUARY**

| | | |
|---|---|---|
| 01 | - | Ordination: Kavumthala |
| 05 | - | Ordination: Koluvally |

**Secretary to the Archbishop Emeritus**



'ദുക്റാനേ ദ് കഹ് നേ' നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികരുടെ സംഗമവും ബഹു. വൈദികരുടെ അനുസ്മരണവും.

(തലശ്ശേരി കത്തീഡ്രൽ, 2025 നവംബർ 15)



RNI Reg. No. 5910 Date of Publication: 28/11/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 08 ലക്കം : 12 വില : ₹10

# ഡിസംബർ 08
# പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.